# ദൈവം
# ദൂതൻ
# ദൗത്യം

**ബാഖിർ സദ്ർ**

# ദൈവം ദൂതൻ ദൗത്യം

**വിവർത്തകൻ**
പി.വി. സഊദ് മുഹമ്മദ്

**ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്**
**അരീക്കോട് - 673 639**

# മുഖവുര

തത്ത്വചിന്ത, അർത്ഥശാസ്ത്രം, ചരിത്രം, നിദാനവിദ്യ, ധർമശാസ്ത്രം, ന്യായശാസ്ത്രം എന്നിങ്ങനെ വിവിധ വിഷയങ്ങളിലായി വിലപ്പെട്ടതും കനപ്പെട്ടതുമായ ഒട്ടേറെ രചനകൾ നടത്തിയ ഒരതുല്യ മനീഷിയാണ് ബാഖിർ സദ്ർ. ധർമ്മ ശാസ്ത്രത്തിൽ അദ്ദേഹം രചിച്ച ഒരു ഗ്രന്ഥമാണ് ''അൽഫതാവാഅൽവാളിഹ''. പ്രസ്തുത ഗ്രന്ഥം പുറത്തിറങ്ങിയപ്പോൾ അതിനൊരു വിസ്തരിച്ച ആമുഖം വേണമെന്ന ആവശ്യം ഗ്രന്ഥകാരന്റെ ശിഷ്യൻമാരും സുഹൃത്തുക്കളായ ചില പണ്ഡിതരും മറ്റനുവാചകരും അദ്ദേഹത്തെ അറിയിക്കുകയുണ്ടായി. അവരുടെ ആവശ്യം അംഗീകരിച്ചുകൊണ്ട് അൽഫതാവായുടെ രണ്ടാം പതിപ്പിന് അദ്ദേഹം എഴുതിയ ആമുഖമാണ് പിന്നീട് 'അൽമുർസിൽ, അർറസൂൽ, അർറിസാല' എന്ന സ്വതന്ത്ര നാമത്തിൽ പ്രസിദ്ധീകൃതമായത്. അതിന്റെ മൊഴിമാറ്റമാണ് ഈ കൃതി. മൗലിക പ്രാധാന്യമുള്ള മൂന്നു വിഷയങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്. പുസ്തകത്തിന്റെ പേരുതന്നെ അതു സൂചിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുന്നതും ആ അസ്തിത്വത്തിന്റെ ഗുണവിശേഷതകൾ വിവരിക്കുന്നതുമാണ് ഒന്നാമത്തെ ഭാഗം. രണ്ടും മൂന്നും ഭാഗങ്ങളിൽ പ്രവാചകത്വമെന്ന പ്രതിഭാസത്തെക്കുറിച്ചും മുഹമ്മദ് നബിയുടെ പ്രവാചകത്വത്തെയും അതിന്റെ ദൗത്യത്തെയും കുറിച്ചും പരാമർശിക്കുന്നു. അൽഫതാവായുടെ ഉള്ളടക്കമായ ഇസ്‌ലാമിക ശരീഅത്ത് സുഗ്രാഹ്യമാവണമെങ്കിൽ അതിന്റെ ആധാര സങ്കല്പങ്ങളെക്കുറിച്ച് ഒരേകദേശ പരിജ്ഞാനമെങ്കിലും ആദ്യം നേടിയിരിക്കണം. ആമുഖമെന്ന നിലയ്ക്ക് അതാണ് ഇതിലെ പ്രതിപാദ്യങ്ങളുടെ പ്രസക്തി. എന്നാൽ ഒരു സ്വതന്ത്ര കൃതിയാകാനുള്ള യോഗ്യതയും വ്യക്തിത്ത്വവും അതോടൊപ്പം ഇതിനുണ്ട്. ഇതിന്റെ ശൈലിതന്നെ അൽഫതാവായുടെതിൽ നിന്നു വ്യത്യസ്തമാണ്. അല്പം ഗഹനവും തത്ത്വശാസ്ത്രപരവുമാണ് ഇതിന്റെ ശൈലി. അൽഫതാവായുടെതാകട്ടെ, ഒരു നിയമ പുസ്തകത്തിന്റെതും. ഈ ശൈലീവ്യത്യാസത്തെക്കുറിച്ചും അതിന്റെ കാരണത്തെക്കുറിച്ചും ഗ്രന്ഥകാരൻ തന്നെ ഈ പുസ്തകത്തിനെഴുതിയ മുഖക്കുറിപ്പിൽ ഇപ്രകാരം പറയുന്നു: '' ഏതൊരു ഗ്രന്ഥത്തിന്റെ ആമുഖമായാണോ ഇതുദ്ദേശിക്കപ്പെട്ടത്, അതിന്റെ യത്രതന്നെ ലാളിത്യവും സ്പഷ്ടതയും ലഭിക്കാൻ ഏതു ശൈലിയിലാണ് ഞാനിതെഴുതുക? ഇങ്ങനെയൊരു ചോദ്യത്തെ എനിക്കഭിമുഖീകരിക്കേണ്ടിവന്നു. ഗ്രന്ഥത്തിലെ നിയമപരമായ അനുശാസനകൾ ഗ്രഹിക്കാൻ കഴിയുന്ന ആർക്കും ഈ ആമുഖം പ്രാപ്യമാവണമെന്നും ഞാൻ ആഗ്രഹിച്ചു. പക്ഷെ, അപ്പോളെനിക്ക് ഈ ആമുഖവും പ്രസ്തുത ഗ്രന്ഥവും തമ്മിലുള്ള അടിസ്ഥാനപരമായ ഒരു വ്യത്യാസം മനസ്സിലായി. നിയമപരമായ ഫത്‌വകൾ താരതമ്യടിസ്ഥാനത്തിലുള്ള ഒരു യുക്തിയുടെയും തത്ത്വനിർദ്ധാരണത്തിന്റെയും ഫലമാണ്. അവയ്ക്കു തെളിവിന്റെയോ അപഗ്രഥനത്തിന്റെയോ ആവശ്യമില്ല. എന്നാൽ ഇതിപോലൊരു ആമുഖത്തിൽ വെറുതെ കാര്യം അവതരിപ്പിച്ചത് കൊണ്ട് മതിയാവില്ല. അതിനാൽ ശരിയാണോ എന്ന പരിശോധന നടത്തൽ അനിവാര്യമാകുന്നു. കാരണം, മതത്തിന്റെ മൗലിക തത്ത്വങ്ങളുടെ കാര്യത്തിൽ പ്രേരണയും ബോദ്ധ്യപ്പെടലും ആവശ്യപ്പെടുന്നതാണ് വിശുദ്ധ നിയമം. മതത്തിന്റെ മൗലിക തത്ത്വങ്ങൾ സ്ഥാപിക്കുകയായിരിക്കണം ഇത്തരമൊരു ആമുഖത്തിന്റെ ഉദ്ദേശം. ഇത് വാദപ്രതിവാദത്തിലൂടെ മാത്രം സാധിക്കുന്ന ഒന്നാണ്. എന്നാൽ വാദപ്രതിവാദത്തിനും അതിന്റെതായ തലങ്ങളുണ്ട്. ഓരോ തലത്തിലും തെളിവുകൾ-ലളിതവും വ്യക്തവുമായതുപോലും- സ്വീകാര്യമാക്കിത്തീർക്കേണ്ടതുണ്ട്. മനുഷ്യ ചിന്തപൂർണ്ണമായും സ്വതന്ത്രമായിരുന്നെങ്കിൽ, വിവേകശാലിയായ സ്രഷ്ടാവിന്റെ അസ്തിത്വത്തിന്റെ തെളിവിനുള്ള ഏറ്റവും ലളിതമായ ഉപാധികൾ മതിയാകുമായിരുന്നു. ''അവർ ശൂന്യതയിൽ നിന്നു സൃഷ്ടിക്കപ്പെട്ടതാണോ, അതോ സൃഷ്ടാക്കൾ അവർ തന്നെയോ?'' എന്നിങ്ങനെ ഖുർആൻ ചോദിക്കുന്ന പോലെ. എന്നാൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിലായി ആധുനിക ചിന്ത മനുഷ്യ മനസ്സിനെ വിമോചിതവും സംശുദ്ധവുമായി നില നിൽക്കാൻ അനുവദിച്ചിട്ടില്ല. അങ്ങനെ ആധുനിക ചിന്തയെക്കുറിച്ച് അറിവ് അല്പമെങ്കിലും നേടിയവർക്ക് തെളിവിന്റെ ആവശ്യം കൂടുതലാണ്. അങ്ങനെ വേണം ഈ വിടവുകൾ നികത്താൻ. മനുഷ്യമനസ്സ് സ്വതന്ത്രമായിരുന്നെങ്കിൽ, അതുതന്നെ നികത്തുമായിരുന്നു ഈ വിടവുകൾ.

എന്റെ മുമ്പിൽ രണ്ടു രീതികളുണ്ടായിരുന്നു. ഒന്ന്, ആധുനിക ചിന്തയുടെ സാങ്കേതികതകളാലും അനിവാര്യതകളാലും സ്വാധീനിക്കപ്പെടാതെ സ്വതന്ത്രമായ മനസ്സുകളോടെ കഴിയുന്നവരും ലളിതമായ വാദങ്ങൾ മാത്രം ആവശ്യമുള്ളവരുമായ ആളുകൾക്കുവേണ്ടി എഴുതുക. അങ്ങനെയാവുമ്പോൾ അൽഫതാവായുടെ മുഴുവൻ വായനക്കാർക്കും ആമുഖത്തിന്റെയും ശൈലി വ്യക്തമായിരിക്കും. രണ്ടാമത്തെ രീതി ആധുനിക ചിന്തയുമായി ബന്ധപ്പെടുകയും ചെറുതോ വലുതോ ആയ അളവിൽ ദൈവശാസ്ത്രത്തെയും മതവിജ്ഞാനീയങ്ങളെയും കുറിച്ചുള്ള അതിന്റെ ചട്ടക്കൂടും മനോഭാവവും അംഗീകരിക്കുകയും ചെയ്തവർക്കു വേണ്ടി എഴുതുക എന്നതാണ്. ഈ രണ്ടാമത്തെ രീതിയാണ് കൂടുതൽ ഉചിതമായി ഞാൻ തെരഞ്ഞെടുത്തത്. അങ്ങനെയാണെങ്കിലും വിഷയത്തിൽ വ്യക്തതയുണ്ടാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ശരാശരി സർവ്വകലാശാലാ വിദ്യാർത്ഥികളെയും ഉന്നത വിദ്യാഭ്യാസം നേടിയ വായനക്കാരെയും മനസ്സിൽ വെക്കുകയും ചെയ്തിട്ടുണ്ട്. സങ്കീർണ്ണമായ പദാ

വലിയും ഗണിത ശാസ്ത്രത്തിന്റെ ഭാഷയും കഴിയുന്നത്ര ഉപേക്ഷിച്ചിരിക്കുന്നു. ക്ലിഷ്ടമായ ആവിഷ്കാരങ്ങളെയും തഥൈവ. അതേയവസരം, കൂടുതൽ ഗൗരവവും അഗാധതയുമുള്ളവരെ ഞാൻ പരിഗണിക്കുകയും പ്രത്യേക പ്രാധാന്യമുള്ള ആശയങ്ങൾ ഹ്രസ്വമായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ആഴത്തിലുള്ള പഠനത്തിന് എന്റെ മറ്റു കൃതികളിലേക്ക് ഞാനവരെ ക്ഷണിക്കുന്നു. (ഉദാ: അൽ ഉസുസുൽ മൻത്വിഖിയ്യഃ ലിൽ ഇസ്തിഖ്റാഅ്: സാമാന്യനുമാന ചിന്തയുടെ തർക്കശാസ്ത്രപരമായ അടിത്തറകൾ.) അതേപോലെ കുറച്ചുമാത്രം വായിക്കുന്ന ശീലമുള്ളവർക്കു വേണ്ടി ഈ ആമുഖം വ്യക്തവും ഖണ്ഡിതവുമായ ആശയങ്ങളുടെ സമാഹാരമാക്കി അവതരിപ്പിക്കുന്നതിനും യത്നിച്ചിട്ടുണ്ട്. സ്രഷ്ടാവിന്റെ അസ്തിത്വത്തിനനുകൂലമായ ശാസ്ത്രീയമായ അനുമാനവാദത്തിന്റെ ഒന്നാമത്തെ പടി തന്നെ പൊതുവായി പറഞ്ഞാൽ ഇതിനു മതിയായേയ്ക്കും.''

ഇത്രയും പറഞ്ഞതിൽ നിന്ന് ഈ കൃതിയുടെ സ്വഭാവം അതിന്റെ കർത്താവിലൂടെത്തന്നെ സ്പഷ്ടമായല്ലൊ. ദൈവത്തിൽ നിന്ന് അകറ്റപ്പെട്ടു അന്യവൽക്കരിക്കപ്പെട്ട ആധുനിക മനസ്സിന്റെ മുമ്പിൽ നിവർത്തപ്പെടാൻ അർഹതയുള്ള ഒരു ലഘുകൃതിയാണിതെന്നു നിസ്സംശയം പറയാം. അപ്രകാരം തന്നെ ദിവ്യ വെളിപാടു പോലെയുള്ള അതീന്ദ്രിയ പ്രതിഭാസങ്ങൾക്കു നേരെയുള്ള അന്ധമായ വിസമ്മതത്തെ തരണം ചെയ്യാനാവാത്തവർക്ക് ഒരു പ്രതിവിധിയുമായിരിക്കും, ഈ പുസ്തകം. അർഹിക്കുന്നതിനെക്കാളും ആവുന്നതിനെക്കാളും വളരെ കുറച്ചുമാത്രമെ ഗ്രന്ഥകർത്താവ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. അതു തന്നെ ഒട്ടും പണിപ്പെടാതെ വെറും പതിമൂന്നു ദിവസം കൊണ്ടാണു നിർവ്വഹിച്ചിട്ടുള്ളതും. ഇതിലെ ഉള്ളടക്കങ്ങളുടെ വിസ്തൃത പഠനം ''അൽ ഉസുസുൽ മൻത്വിഖിയ്യഃ ലിൽ ഇസ്തിഖ്റാ''യിലാണ്. അനുമാന ശാസ്ത്രത്തിനു നേരെ നവീനവും വസ്തുനിഷ്ഠവുമായ ഒരു കാഴ്ചപ്പാട് ആ ഗ്രന്ഥത്തിൽ ബാഖിർ സദ്ർ സമർപ്പിക്കുന്നുണ്ട്. പ്രകൃതി വിജ്ഞാനീയങ്ങളിലേക്കുള്ള ന്യായ ശാസ്ത്രപരമായ മാർഗ്ഗങ്ങളിലൂടെ ആസ്തിക്യ വാദത്തിലേക്ക് പ്രസ്തുത ഗ്രന്ഥത്തിലൂടെ അദ്ദേഹം വഴിതുറക്കുന്നു. അരിസ്റ്റോട്ടിൽ, അൽകിന്ദി, അവറോസ്, അവിസന്ന; അൽഫാറാബി, അൽഗസ്സാലി എന്നിവരുടെ നിരയിൽ ആധുനിക യുഗത്തിന്റെ പ്രതിനിധിയായി ബാഖിർ സദ്ർ തലയുയർത്തി നിൽക്കുന്നതായിട്ടാണ് അതു വായിക്കുന്ന ഏതൊരാൾക്കും അനുഭവപ്പെടുക. അതിന്റെ ചുരുക്കം ചിലതു ഈ കൃതിയിലും കാണാം ഇതു മലയാളത്തിലേയ്ക്കു മാറ്റിത്തന്ന തലശ്ശേരി സ്വദേശി സഈദ് മുഹമ്മദ് ഇതിനകം പല ഗ്രന്ഥങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധനായ ഒരെഴുത്തുകാരനാണ്. ഇപ്പോൾ തളിപ്പറമ്പ് സർസയ്യിദ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപകനാണദ്ദേഹം. ടൊറോണ്ടോ യൂനിവേഴ്സിറ്റിയിലെ പ്രൊഫസറായ ഡോ.മെഹ്മൂദ്‌യം. അയ്യൂബിന്റെ ഇംഗ്ലീഷ് വിവർത്തനമുപയോഗിച്ചാണ് അദ്ദേഹം ഇതു തയ്യാറാക്കിയത്; അറബിയിലുള്ള മൂലകൃതി ഉപയോഗിച്ചല്ല. ഗ്രന്ഥകാരനെ പരിചയപ്പെടുത്തുന്നതും അദ്ദേഹത്തിന്റെ ജീവിത വ്യാപാരം ചുരുക്കിപ്പറയുന്നതുമായ ഒരു ലേഖനം ഞങ്ങൾ മുമ്പു പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ 'സമകാലീന മനുഷ്യനും സാമൂഹ്യ പ്രശ്നവും' എന്ന പുസ്തകത്തിൽ ചേർത്തിരുന്നു. അതിനാൽ ഇവിടെ ഒരു പരിചയപ്പെടുത്തലിനു മുതിരുന്നില്ല. ഇതേ ഗ്രന്ഥകാരന്റെ 'ഇഖ്തിസാദുനാ' എന്ന ധനശാസ്ത്ര ഗ്രന്ഥം അധികം താമസിയാതെ പുറത്തുവരുമെന്നു പ്രതീക്ഷിക്കാം. അതിന്റെ പണി നടന്നു വരുന്നുണ്ട്. ബാഖിർ സദ്റിന്റെ വിശുദ്ധാത്മാവിനു നിത്യ ശാന്തി നേർന്നു കൊണ്ട് ഈ കൃതി സഹൃദയർക്കു കൈമാറുന്നു.

ഇസ്ലാമിക് ഫൗണ്ടേഷൻ

അരീക്കാട് 673 639

21.10.1985

# ദൈവം

ദൈവത്തിലുള്ള വിശ്വാസം
ദൈവാസ്തികൃത്തിനുള്ള ശാസ്ത്രീയ വിശദീകരണം.
സങ്കേതത്തിന്റെ നിർവ്വചനവും ഘട്ടങ്ങളും.
സങ്കേതത്തിന്റെ വിലയിരുത്തൽ.
സ്രഷ്ടാവിന്റെ അസ്തിത്വവും അനുമാന സങ്കേതവും.
ദാർശനിക വാദം.
ദൈവാസ്തികൃത്തിനുള്ള ദാർശനിക വാദത്തിന്റെ ഒരുദാഹരണം.
ദാർശനിക വാദത്തെക്കുറിച്ചുള്ള ഭൗതികവീക്ഷണം
ദൈവത്തിന്റെ ഗുണങ്ങൾ
നീതിയും ആർജ്ജവവും
ദൈവിക നീതി: രക്ഷയും ശിക്ഷയും.

# ദൈവത്തിലുള്ള വിശ്വാസം

മനുഷ്യ ചരിത്രത്തിന്റെ പ്രാരംഭകാലംതൊട്ടേ മനുഷ്യൻ ദൈവ വിശ്വാസം ആർജ്ജിക്കുകയും ആത്മാർത്ഥമായി അവനെ മാത്രം ആരാധിക്കുകയും അവനുമായി അഗാധമായ ഒരു ബന്ധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അവൻ ശുദ്ധമേ തത്വചിന്താപരമായ ഒരു യുക്തിയുടെ തലത്തിലെത്തുകയോ തെളിവുകളുടെ മാർഗ്ഗങ്ങൾ മനസ്സിലാക്കുകയോ ചെയ്ത ഘട്ടത്തിൽ എത്തുന്നതിനു മുമ്പായിരുന്നു ഇത്. ഈ വിശ്വാസം വർഗ്ഗസമരത്തിന്റെ സന്താനമായിരുന്നില്ല; ചൂഷകരുടെയോ ഭീകര വാഴ്ചക്കാരുടെയോ ചൂഷണത്തിനുള്ള ഉപാധിയായ ഒരു കണ്ടുപിടുത്തവുമായിരുന്നില്ല ഇത്. സ്വന്തം കഷ്ടപ്പാടുകളെ ന്യായീകരിക്കാനുള്ള ചൂഷിതരുടെ സൃഷ്ടിയായും ഇതിനെ കണ്ടുകൂട. കാരണം മനുഷ്യ ചരിത്രത്തിലെ അത്തരം സംഘർഷങ്ങൾക്കെല്ലാം മുമ്പേ ഉള്ളതാണ് വിശ്വാസം. ഭയത്തിൽ നിന്നോ പ്രകൃതി ദുരന്തങ്ങളോടും പ്രകൃതിയുടെ അപ്രവചനീയങ്ങളായ പ്രവർത്തനങ്ങളോടുമുള്ള വിധേയത്വത്തിൽനിന്നോ അല്ല വിശ്വാസം ജൻമമെടുത്തത്. അങ്ങനെ ഭയത്തിൽ നിന്നു ജനിച്ചതാണ് വിശ്വാസമെങ്കിൽ, ചരിത്രത്തിലെ ഏറ്റവും മതബോധമുള്ള വ്യക്തിത്വങ്ങൾ ഏറ്റവും ഭയവും ഭീതിയും ഉള്ളവരാകേണ്ടതായിരുന്നു. എന്നാൽ യുഗങ്ങളായി വിശ്വാസത്തിന്റെ ദീപശിഖയേന്തിയവരെല്ലാം ശക്തരും ദൃഢ സ്വഭാവക്കാരും ആയിരുന്നു. വിശ്വാസം യാഥാർത്ഥത്തിൽ തന്റെ സ്രഷ്ടാവിനു സ്വയം അർപ്പിക്കാനുള്ള മനുഷ്യന്റെ താൽപര്യത്തെ ആവിഷ്ക്കരിക്കുകയാണ് ചെയ്യുന്നത്. മനുഷ്യനെ താനും സ്രഷ്ടാവുമായും സ്രഷ്ടാവും അവൻ സൃഷ്ടിച്ച പ്രപഞ്ചവുമായുമുള്ള ബന്ധം ദർശിക്കാൻ പ്രാപ്തനാക്കുന്ന ഒരു മനസ്സിന്റെ സൂചികയാണ് ആ വിശ്വാസം.

അടുത്ത ഘട്ടത്തിൽ മനുഷ്യൻ തത്വചിന്തയിൽ എത്തിച്ചേർന്നു. ചുറ്റുമുള്ള കാര്യങ്ങളിൽനിന്നും ഉൺമ, ഇല്ലായ്മ, സംഭാവ്യത, അസംഭാവ്യത, ഏകത, ബഹുത്വം, സങ്കലിതത്വം, ലാളിത്യം, അംശം, ഏകകം, പൂർവ്വത, അനന്തരത, കാരണം, ഫലം എന്നീ സങ്കൽപങ്ങൾ ഉരുത്തിരിച്ചെടുക്കുകയും ചെയ്തു. എന്നിട്ട് ഈ സംജ്ഞകളെടുത്തുപയോഗിച്ച് ദൈവത്തിലുള്ള തന്റെ മൂല വിശ്വാസത്തിനു പോൽബലകമായ വാദങ്ങൾക്കായി നിരത്തിവക്കാനും അത് തത്വശാസ്ത്രപരമായ പദങ്ങളിലൂടെ വിശദീകരിക്കാനും ന്യായീകരിക്കാനും തുടങ്ങി.

എന്നാൽ പിന്നീട് അറിവിന്റെ ഉപാധിയായി ശാസ്ത്രീയപരീക്ഷണങ്ങൾ രംഗത്തുവരികയും ഈ പൊതുസംജ്ഞകൾ മാത്രം പ്രകൃതിയെക്കുറിച്ച പഠനത്തിനും അതിന്റെ നിയമങ്ങളും രഹസ്യങ്ങളും കണ്ടെത്തുന്നതിനും മതിയാവില്ലെന്നു മനസ്സിലാകുകയും ചെയ്തു. അപ്പോൾ ഐന്ദ്രികാനുഭവവും ശാസ്ത്രീയ നിരീക്ഷണവും മാത്രമായി പ്രകൃതി രഹസ്യങ്ങളും നിയമങ്ങളും മനസ്സിലാക്കാനുള്ള മാർഗ്ഗം. അന്വേഷണങ്ങളിൽ ഇന്ദ്രിയാനുഭവത്തിനുനേരെയുള്ള ഈ ആഭിമുഖ്യം പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യ വിജ്ഞാനം മൊത്തത്തിൽ വർദ്ധിപ്പിക്കുകയും അതിനെ ഗണ്യമായതോതിൽ വിശാലമാക്കുകയും ചെയ്തു.

പ്രപഞ്ചരഹസ്യങ്ങൾ മനസ്സിലാക്കുന്നതിനും അതിന്റെ വ്യവസ്ഥയുടെ രഹസ്യം ഗ്രഹിക്കുന്നതിനും മനുഷ്യ യുക്തിയും വിജ്ഞാനവും സ്വീകരിക്കേണ്ട രണ്ടു പ്രധാന ആയുധങ്ങളാണ് ഇന്ദ്രിയാനുഭവവും പരീക്ഷണവും എന്നു ഊന്നിപ്പറഞ്ഞുകൊണ്ടു ഈ പ്രവണത മുന്നോട്ടുനീങ്ങി. അങ്ങിനെ അരിസ്റ്റോട്ടിലിനെപ്പോലുള്ള ഒരു ഗ്രീക്ക് ചിന്തകൻ അടച്ച മുറിയിലിരുന്ന് ശൂന്യതയിലുള്ള ഒരു വസ്തുവിന്റെ ശക്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആലോചിക്കുകയും തുടർന്നു ചാലക ശക്തിയുടെ അവസാനത്തോടെ ആ വസ്തുവിന്റെ ചലനവും അവസാനിക്കുമെന്നു തീരുമാനിക്കുകയും ചെയ്യും. അതിനു പകരം ഗലീലിയോ പരീക്ഷണങ്ങൾ നടത്തി വ്യത്യസ്തമായ ൊരു ബന്ധത്തെക്കുറിച്ചു നിഗമനത്തിലെത്തുകയും ചെയ്തു. അദ്ദേഹം സിദ്ധാന്തിച്ചു; ചലിപ്പിക്കുന്ന ഒരു ബാഹ്യ ശക്തിയെ നേരിടുന്ന വസ്തു ആ ശക്തി നിലക്കുമ്പോഴും ചലനം നിർത്തിയില്ല, അതിനെ നിർത്തുന്ന തരം മറ്റൊരു ശക്തിയെ അഭിമുഖീകരിക്കുന്നത് വരെ.

അനുഭവാധിഷ്ഠിത പഠനത്തിന്റെ ഈ പ്രവണത, പ്രകൃതിയേയും അതിന്റെ നിയമങ്ങളേയും പഠന വിധേയമാക്കുന്ന അന്വേഷകർക്ക് രണ്ടു ഘട്ടങ്ങളിലായി നിഗമനങ്ങളിലെത്താൻ പ്രേരകമായി. ഒന്നാംഘട്ടം, ഇന്ദ്രിയങ്ങൾ കൊണ്ടു നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്തി അവയുടെ ഫലങ്ങൾ ശേഖരിക്കൽ. രണ്ടാമത്തേത് യുക്തിയുടെ ഘട്ടമാണ്: ഇവയെ സമാഹരിച്ചു സമീകരിക്കുകയും പൊതുവും സ്വീകാര്യവുമായ രീതിയിൽ അവയെ വ്യാഖ്യാനിക്കുകയും ചെയ്യൽ. പക്ഷേ, ഒരു ശാസ്ത്രീയ രീതിയെന്നനിലയിൽ യുക്തിയുടെ സ്ഥാനമേറ്റെടുക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നില്ല ഇത്. ഒരു ശാസ്ത്രജ്ഞനും വെറും ഇന്ദ്രിയ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും കൊണ്ടും യുക്തിയുടെ സഹായമില്ലാതെയും ഏതെങ്കിലും പ്രപഞ്ച രഹസ്യമോ പ്രകൃതിനിയമമോ കണ്ടെത്താൻ കഴിഞ്ഞിട്ടുമില്ല. കാരണം, ഇന്ദ്രിയ നിരീക്ഷണങ്ങളും പരീക്ഷണങ്ങളും കൊണ്ടു നേടിയ വിരങ്ങൾ അയാൾ യുക്തികൊണ്ട് അപഗ്രഥന വിധേയമാക്കിയെങ്കിലേ തീർപ്പുകളിലെത്താൻ കഴിയൂ. ആദ്യഘട്ടത്തിനുവേണ്ടി രണ്ടാം ഘട്ടത്തെ ഒഴിവാക്കുകയോ ആദ്യഘട്ടത്തിൽ നിന്നും രണ്ടാം ഘട്ടത്തിലേക്കു നീങ്ങാതിരിക്കുകയോ ചെയ്ത ഏതെങ്കിലും മഹാ ശാസ്ത്രീയ പര്യവേക്ഷണത്തെക്കുറിച്ചും നമുക്ക

റിയില്ല. അപ്പോൾ, ഒന്നാം ഘട്ടത്തെ പ്രശ്നങ്ങൾ ഇന്ദ്രിയാനുഭവത്തിന്റേതും രണ്ടാം ഘട്ടത്തിന്റേത് മനസ്സ് കണ്ടെത്തിയ യുക്തിപരമായ തെളിവുകളുടെയടിസ്ഥാനത്തിലുള്ള തീർപ്പുകളുടെതുമാണ്. രണ്ടാമത്തെത് നേരിട്ടുള്ള ഇന്ദ്രിയാനുഭവത്തിലെ വസ്തുതകളല്ല.

ഉദാഹരണമായി ഗുരുത്വാകർഷണ നിയമം എടുക്കുക. ന്യൂട്ടൻ രണ്ടു വസ്തുക്കളുടെ ഗുരുത്വാകർഷണ ശക്തി നേരിട്ടനുഭവിച്ചതല്ല. ഈ ശക്തി രണ്ടു വസ്തുക്കളുടെയും പിണ്ഡ കേന്ദ്രങ്ങൾക്കിടയിലുള്ള അകലത്തിന്റെ ക്ഷേത്രഫലത്തിനു വിരുദ്ധാനുപാതത്തിലുള്ളതും രണ്ടു വസ്തുക്കളുടെയും പിണ്ഡത്തിന്റെ ഗുണന ഫലത്തിനു തുല്യാനുപാതത്തിലുള്ളതും ആണെന്നു അദ്ദേഹം നേരിട്ടനുഭവിച്ചിട്ടുമില്ല. മറിച്ച്, അദ്ദേഹം ഭൂമിയിലേക്കു പതിക്കുന്ന കല്ലും, ഭൂമിയെ പ്രദക്ഷിണം ചെയ്യുന്ന ചന്ദ്രനും സൂര്യനു ചുറ്റുമുള്ള ഗ്രഹങ്ങളും ആണ് കണ്ടത്. അവയെക്കുറിച്ചദ്ദേഹം ചിന്തിച്ചു. ആ പ്രതിഭാസങ്ങളെ വ്യാഖ്യാനിക്കാൻ ശ്രമിച്ചു; അതിന്, കീഴ്പ്പോട്ടു വീഴുകയോ ചരിഞ്ഞ പ്രതലത്തിൽ ഉരുണ്ടിറങ്ങുകയോ ചെയ്യുന്ന വസ്തുക്കളുടെ തുല്യവേഗതയെക്കുറിച്ച ഗലീലിയോയുടെ സിദ്ധാന്തത്തെ അവലംബിച്ചു. അതേപോലെ അദ്ദേഹം ഗ്രഹ ചലനങ്ങളെക്കുറിച്ച കെപ്ലറുടെ നിയമങ്ങളും ഉപജീവിച്ചു. അവയിൽ മൂന്നാമത്തെത് ഇങ്ങനെ പറയുന്നു: ''സൂര്യനുചുറ്റുമുള്ള ഒരു ഗ്രഹത്തിന്റെ പ്രദക്ഷിണ സമയത്തിന്റെ ക്ഷേത്രഫലം അതിനു സൂര്യനിൽ നിന്നുള്ള ദൂരത്തിന്റെ ത്രിവർഗത്തിനു തുല്യമാണ്.'' ഇതിന്റെയെല്ലാം വെളിച്ചത്തിൽ ന്യൂട്ടൻ ഗുരുത്വാകർഷണ നിയമം കണ്ടുപിടിച്ചു. അദ്ദേഹം അനുമാനിച്ച്: ''രണ്ടു കണികകൾക്കിടയിലുള്ള ഗുരുത്വാകർഷണ ശക്തി നിർണ്ണയിക്കുന്നത് അവയുടെ ഘനവും അവ തമ്മിലുള്ള അകലവും ആണ്.''

ഈ അനുഭവാധിഷ്ഠിത പഠന പ്രവണതക്ക്, പ്രപഞ്ച വ്യവസ്ഥയെക്കുറിച്ച അന്വേഷണത്തിന്റെ രീതിയെന്നനിലയിൽ സർവ്വശക്തനായ ദൈവത്തെക്കുറിച്ച വിശ്വാസത്തെ പിന്തുണക്കുന്ന പുതിയതും വെളിച്ചു പകരുന്നതുമായ ഒരു വാദം അവതരിപ്പിക്കാൻ കഴിയേണ്ടതായിരുന്നു. പ്രപഞ്ചത്തിൽ പരസ്പരപ്പൊരുത്തത്തിന്റെ അംശങ്ങൾ അനാഛാദനം ചെയ്യാൻ ഈ രീതിക്ക് കഴിഞ്ഞിട്ടുള്ള സ്ഥിതിക്ക് അത് കഴിയേണ്ടതായിരുന്നു; ആ ഘടകങ്ങൾ വിവേകശാലിയും ബുദ്ധിമാനുമായ ഒരു സ്രഷ്ടാവിനുള്ള ദൃഷ്ടാന്തങ്ങളാവാമല്ലോ. പ്രകൃതി പ്രതിഭാസങ്ങളെ സംബന്ധിച്ചേടത്തോളം ശാസ്ത്രജ്ഞൻമാർ ഈ പ്രശ്നത്തിന്റെ നിവാരണത്തിൽ താല്പര്യം കാണിച്ചിട്ടില്ല. അത് കുറെക്കാലമായി, ശാസ്ത്രത്തിന്റെ വരുതിക്കപ്പുറത്തുള്ള അതിഭൗതിക വിഷയമായി കരുതപ്പെട്ടുവരികയാണ്. എന്നാൽ പിന്നീട് തത്വചിന്തയുടെ പഠനമേഖലയിൽ പ്രകൃതി ശാസ്ത്രത്തിനുപുറത്ത് പുതിയ ചാലുകൾ ഉണ്ടാവകുയും അവ ഈ അനുഭവാധിഷ്ഠിത സമ്പ്രദായത്തെ 'തത്വചിന്താ' വൽക്കരിച്ചു യഥാർത്ഥ തർക്കശാസ്ത്രത്തിന്റെ പദപ്രയോഗങ്ങളിൽ അവതരിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. ഈ പുതിയ തത്വചിന്ത പ്രഖ്യാപിച്ചു; അറിവിന്റെ ഏക ഉപാധി ഇന്ദ്രിയാനുഭവമാണ്; ഇന്ദ്രിയാനുഭവം അവസാനിക്കുന്നേടത്ത് മനുഷ്യ വിജ്ഞാനവും അവസാനിക്കുന്നു. അപ്പോൾ, ഇന്ദ്രിയങ്ങൾക്കു പ്രാപ്യമല്ലാത്തതും നേരിട്ട് പരീക്ഷിച്ച് പരിശോധിച്ചുനോക്കാൻ പറ്റാത്തതുമായ ഒന്നും മറ്റൊരു മാർഗ്ഗത്തിലും തെളിയിക്കുക സാദ്ധ്യമല്ല.

ഈ അനുഭവാധിഷ്ഠിതവും പരീക്ഷണപരവുമായ രീതി ഉപയോഗിക്കപ്പെട്ടത് സർവ്വോന്നതനായ ദൈവമെന്ന ആശയത്തെ എതിർക്കാനാണ്. ദൈവമെന്നത് ഇന്ദ്രിയ ഗോചരമായ, കാണാനോ സ്പർശിക്കാനോ പറ്റുന്ന ഒരസ്തിത്വമല്ലാത്തതു കൊണ്ട് അവന്റെ അസ്തിത്വം തെളിയിക്കാൻ ഒരു മാർഗ്ഗവുമില്ല, പരീഷണമാർഗ്ഗം വിജയകരമായി പ്രയോഗിച്ച ശാസ്ത്രജ്ഞരല്ല ഈ രീതി ഉപയോഗിച്ചത്; മറിച്ച്, അനുഭവാധിഷ്ഠിതസങ്കേതം വ്യാഖ്യാനിക്കുകയും, എന്നാലത് ദുഷ്പ്രയോഗം നടത്തുകയും ചെയ്ത, വ്യത്യസ്ത തത്വശാസ്ത്ര-തർക്കശാസ്ത്രങ്ങളോട് ആഭിമുഖ്യമുള്ളവരാണ്. അവർ തങ്ങളുടെ സ്വന്തം ആഭിമുഖ്യങ്ങൾക്കനുസൃതമായി അത് പ്രയോഗിച്ചു. ക്രമേണ, ഈ ആത്യന്തിക സമീപനങ്ങൾ സംഘട്ടനത്തിലായി. ഉദാഹരണമായി; തത്വചിന്തയുടെ വീക്ഷണ കോണിൽ നിന്നു നോക്കിയപ്പോൾ വസ്തുനിഷ്ഠയാഥാർത്ഥ്യം നിഷേധിക്കാൻ അവർ നിർബന്ധിതരായി; അതായത് നാം ജീവിക്കുന്ന ഈ പ്രപഞ്ചത്തെ അതിന്റെ സാകല്യത്തിലും വിശദാംശത്തിലും നിഷേധിക്കാൻ. കാരണം, അവർ വാദിച്ചത് ഇന്ദ്രിയങ്ങളല്ലാതെ അറിവിന്നു ഉപാധികളില്ല എന്നാണ്. ഇന്ദ്രിയങ്ങൾ വസ്തുക്കളെ നമുക്ക് പരിചയപ്പെടുത്തുന്നത് നാം അവയെ അനുഭവിക്കുന്ന തരത്തിലാണ്, അവ സ്വയം എങ്ങനെയാണോ അത് പോലെയല്ല. അതിനാൽ നാം ഒന്നിനെ ഇന്ദ്രിയഗോചരമാക്കുമ്പോൾ നമുക്ക് ഇന്ദ്രിയാനുഭവത്തിൽ അതിന്റെ അസ്തിത്വം സ്ഥാപിക്കാൻ കഴിയുന്നു. നമ്മുടെ ബോധത്തിനു ബാഹ്യമായ അതിന്റെ അസ്തിത്വത്തെ സംബന്ധിച്ചേടത്തോളം (നമ്മുടെ അറിവിനെ ആശ്രയിക്കാത്തതും അതിനു മുമ്പുമുള്ള വസ്തുനിഷ്ഠ യാഥാർത്ഥ്യം എന്ന നിലയിൽ) നമ്മുടെ പക്കൽ തെളിവൊന്നുമില്ല. അങ്ങനെ, ഉദാഹരണമായി ഒരാൾ ആകാശത്തിൽ ചന്ദ്രനെ കാണുന്നുവെന്നു വെക്കുക; ആ നിമിഷത്തിൽ ചന്ദ്രനെക്കുറിച്ച ഇന്ദ്രിയാനുഭവം മാത്രമെ അയാൾക്കുറപ്പിച്ചു പറയാൻ കഴിയൂ. പക്ഷേ ഈ പുതിയ തത്വശാസ്ത്രത്തിന്റെ വക്താക്കൾക്ക്, ചന്ദ്രൻ യാഥാർത്ഥത്തിൽ ആകാശത്തിൽ നിലനിൽക്കുന്നുണ്ടോ അതോ ദർശകൻ നോക്കുന്നതിനും മുമ്പേ അതിനു വസ്തുനിഷ്ഠമായ ഒരസ്തിത്വം ഉണ്ടോ എന്നുറപ്പിച്ചുപറയാൻ കഴിഞ്ഞില്ല. ഒരു കോങ്കണ്ണുള്ള ആൾ യാഥാർത്ഥത്തിൽ ഇല്ലാത്ത വസ്തുക്കൾ കാണുന്നത് പോലെയാണത്: അയാൾക്ക് അവയെക്കുറിച്ച സ്വന്തം ഇന്ദ്രിയാനുഭവം തറപ്പിച്ചുപറയാം; പക്ഷേ അവയുടെ യാഥാർത്ഥ നിലനില്പ് തിട്ടപ്പെടുത്താൻ കഴിയില്ല. ഈ പുതിയ അനുഭവാധിഷ്ഠിത സങ്കേതം, സ്വയം മനുഷ്യ വിജ്ഞാനത്തിന്റെ പരിമിതികളുടെ

അന്തിമ വിധി തീർപ്പാക്കുകവഴി, ഇന്ദ്രിയ ഗോചരണത്തെത്തന്നെ ഒരു പ്രത്യക്ഷ വിജ്ഞാന ശാസ്ത്രമെന്ന നിലയിൽ സ്വയം ഇല്ലാതാക്കി, ഇതിന്റെ ഫലമായി ഇന്ദ്രിയവിജ്ഞാനം വെറും മന സ്സിന്റെ ഒരു പ്രതിഭാസമായി മാറി-നമ്മുടെ ബോധവും അനുഭവവുമായി ബന്ധമില്ലാത്ത ഒരു വസ്തുനിഷ്ഠ അസ്തിത്വം ആയിത്തീർന്നു.

തർക്കശാസ്ത്രപരമായ വശങ്ങളിലേക്ക് കടന്നാൽ, അനുഭവാധിഷ്ഠിത തത്വചിന്തയുടെ ഏറ്റവും പുതിയ ചിന്താവിഭാഗമായ ലോജിക്കൽ പോസിറ്റിവിസം എത്തിച്ചേർന്ന സിദ്ധാന്തം ഇതാണ്: ഇന്ദ്രി യാനുഭവം കൊണ്ട് തെറ്റോ ശരിയോ പരിശോധിക്കാൻ കഴിയാത്ത എല്ലാവാചകങ്ങളും പൊള്ള യായ പദങ്ങളുടെ ഒരു സമാഹാരം മാത്രമാണ്. അത് ഏതാണ്ട് അക്ഷരമാലയിലെ ശബ്ദങ്ങൾ ക്രമ മില്ലാതെ തുടർച്ചയായി ആവർത്തിക്കുന്നത് പോലെയാണ്. മറുവശത്ത് സത്യാവസ്ഥയോ ആസത്യാ വസ്ഥയോ പരിശോധിക്കാൻ കഴിയുന്ന വാചകം അർത്ഥമുള്ള പദങ്ങൾ ചേർന്നതായിരിക്കും. ഇന്ദ്രി യാനുഭവം കൊണ്ടു അതിന്റെ വിവക്ഷക്കു യാഥാർത്ഥ്യവുമായുള്ള യോജിപ്പ് നിജപ്പെടുത്താൻ കഴി യുമെങ്കിൽ, അത് ശരിയായ ഒരു വാക്യമായി പരിഗണിക്കപ്പെടേണ്ടതാണ്. അങ്ങനെ വരുമ്പോൾ ''ആകാശത്തുനിന്നും ശൈത്യകാലത്ത് മഴ വർഷിക്കുന്നു'' എന്നത് ശരിയായ ഒരു വാക്യമാണ്. മറിച്ച് ''ഉഷ്ണകാലത്ത് ആകാശത്ത്നിന്നും മഴ വർഷിക്കുന്നു'' എന്ന വാചകം അർത്ഥമുള്ള വാചക മാണെങ്കിലും അതിന്റെ വിവക്ഷയിൽ പിശകാണ്.[1] ''ലൈലത്തുൽ ഖദ്ർ''[2] നാളിൽ കാണാനോ അറി യാനോ കഴിയാത്ത എന്തോ ഇറങ്ങുന്നു എന്ന വാക്യത്തിന്നു ശരിയായാലും തെറ്റായാലും അർത്ഥ മില്ല. അപ്പോൾ സത്യം പരിശോധിക്കാനാവാത്ത ഏതു പ്രസ്താവനയും അസംബന്ധമാണ്. അതി നാൽ ഈ വാചകം, ലൈലത്തുൽ ഖദ്റിൽ ആകാശത്ത്നിന്നു 'ദാസ്' ഇറങ്ങുന്നു എന്നു പറയുന്നത് പോലെയാണ്, (ദാസ് എന്നത് അർത്ഥമില്ലാത്ത ശബ്ദം മാത്രം). 'ദാസ്' എന്നത് പോലുള്ള ഒരു സംജ്ഞയെ പരാമർഷിക്കുന്നത് വാചകത്തിന്റെ വസ്തുതാമൂല്യം ഒട്ടും വർദ്ധിപ്പിക്കുന്നില്ല. അങ്ങി നെ, ഈ രണ്ടു വാചകങ്ങളും നമുക്ക് ഒന്നും പറഞ്ഞുതരുന്നില്ല; രണ്ടാമത്തെത് ഒരു പേര് കൂടുതൽ നല്കുന്നുണ്ടെങ്കിലും. ഇതിൽ നിന്നും സിദ്ധിക്കുന്നത്, ''ദൈവം ഉണ്ട്'' എന്നു പറയൽ ''ദാസ് ഉണ്ട്'' എന്നു പറയുന്നത് പോലെയാണെന്നാണ്- രണ്ടു പ്രസ്താവങ്ങളും ഒന്നുപോലെ അസംബന്ധവും. കാരണം ദൈവത്തിന്റെ അസ്തിത്വം ഇന്ദ്രിയാനുഭവംകൊണ്ടോ പരീക്ഷണം കൊണ്ടോ അറിയാൻ കഴിയില്ല.

ഈ യുക്തിസമീപനത്തിനു അതിന്റേതായ ആഭ്യന്തര വൈരുദ്ധ്യം ഉണ്ട്. കാരണം, അതിന്റെ തന്നെ പൊതു അടിസ്ഥാന സങ്കല്പം പോലും നേരിട്ടുള്ള ഇന്ദ്രിയാനുഭവം കൊണ്ടു പരിശോധിച്ചു നോക്കാൻ കഴിയില്ല. അതിനു പുറമെ, അതിന്റെ ഊന്നൽ വെച്ചു നോക്കുമ്പോൾ അതൊരു അർത്ഥ മില്ലാത്ത തത്വമാണ്. ഇന്ദ്രിയാനുഭവംകൊണ്ടു പരിശോധിക്കാൻ കഴിയാത്ത പ്രസ്താവം അർത്ഥമി ല്ലാത്തതാണെന്ന ഈ യുക്തി ഒരു പൊതുവായ വാദമാണുന്നയിക്കുന്നത്. എല്ലാ പൊതുവൽക്കര ണവും പൊതുവാണ് എന്നത് കൊണ്ടുതന്നെ ഇന്ദ്രിയാനുഭവത്തിനു പുറത്താണ്. കാരണം ഇന്ദ്രിയ ങ്ങൾക്ക് ഒരവസരത്തിൽ വിധേയമാക്കാൻ കഴിയുന്നത് ഒറ്റയൊറ്റ വസ്തുക്കളോ മുഴുവൻ ഒന്നിന്റെ ഭാഗങ്ങളോ മാത്രമാണ്. അതിനാൽ, ഈ സമീപനം അതിനുതന്നെ വിരുദ്ധം മാത്രമല്ല, നാം പൊതു വായ രീതിയിൽ പ്രകൃതി പ്രതിഭാസങ്ങളെ വിശദീകരിക്കാൻ ഉപയോഗിക്കുന്ന എല്ലാ ശാസ്ത്രീയ തത്വങ്ങൾക്കും വിരുദ്ധമാണ്. കാരണം പോതു തത്വങ്ങളൊന്നും ഇന്ദ്രിയാനുഭവങ്ങൾ കൊണ്ടു പരി ശോധിച്ചു നോക്കുക സാദ്ധ്യമല്ല. അത് കൂടുതലും ഇന്ദ്രിയാനുഭവത്തിന്റെ പരിമിതവും മൂർത്തവു മായ പ്രതിഭാസത്തെ നിരീക്ഷക്കുന്നതിൽ നിന്നുരുത്തിരിച്ചെടുക്കുന്നതാണ്.

ഭാഗ്യവശാൽ, ശാസ്ത്രം അതിന്റെ പരിണാമത്തിലും പുരോഗമനത്തിലും ഇത്തരം തത്വചിന്താപര മായ പ്രവണതകൾക്ക് വലിയ ശ്രദ്ധ നൽകിയില്ല. മറിച്ച്, ശാസ്ത്രകാരൻമാർ തങ്ങളുടെ പ്രവഞ്ച ത്തെക്കുറിച്ച അന്വേഷണെ ഇന്ദ്രിയാനുഭവവും പരീക്ഷണവും കൊണ്ട് തുടങ്ങുകയും, തുടർന്നു തത്വചിന്തയും തർക്കശാസ്ത്രവും അതിന്മേൽ അടിച്ചേൽപിച്ച ഈ ഇടുങ്ങിയ സമീപനത്തിന്നതീത മായി മുന്നോട്ടു പോവുകയും ചെയ്തു. അവസാനം ശാസ്ത്രം, പൊതു നിയമങ്ങളുടെ ചട്ടക്കൂട്ടിൽ ഈ പ്രതിഭാസങ്ങളെ യുക്തിഭദ്രമായി നിരത്തിവയ്ക്കുകയും എന്നിട്ടവയുടെ പരസ്പര ബന്ധങ്ങൾ കണ്ടെത്തുകയും വ്യാഖ്യാനിക്കുകയും വേണം.

ഈ ആത്യന്തിക തത്വചിന്താ വിഭാഗങ്ങൾക്ക് ഭൗതികവാദപരമായ തത്വശാസ്ത്ര വിഭാഗങ്ങളുടെ മേലുള്ള സ്വാധീനം പോലും കുറഞ്ഞിരിക്കുന്നു. പുതിയ ഭൗതികത്വ തത്വ ശാസ്ത്രത്തിന്റെ മുഖ്യ പ്രതിനിധികളായ വൈരുദ്ധ്യാത്മക ഭൗതികവാദക്കാർ ഈ പ്രവണതകളെ വ്യക്തമായും തിരസ്ക്കരി ച്ചിരിക്കുന്നു. ഒരു ശാസ്ത്രകാരന് തന്റെ അന്വേഷണം ആരംഭിക്കുന്ന ഇന്ദ്രിയാനുഭവത്തിന്റെയും പരീക്ഷണത്തിന്റെയും ചട്ടക്കൂട്ടിന്റെ പുറത്തു കടക്കാനുള്ള അവകാശം, വൈരുദ്ധ്യാത്മക ഭൗതിക വാദം സ്വയം കയ്യിലെടുത്തിരിക്കുന്നു; ശാസ്ത്രജ്ഞൻ തന്റെ അന്വേഷണം ഉപസംഹരിക്കുന്ന രണ്ടാം ഘട്ടത്തിനപ്പുറം പോലും അത്കടന്നു ചെന്നിരിക്കുന്നു. അന്വേഷകന് ശാസ്ത്രീയ സിദ്ധാന്ത ങ്ങളുടെ വ്യതസ്ത ഫലങ്ങൾ താരത്മ്യം ചെയ്യാനും, അവയെ ഒരു താത്വിക വ്യവസ്ഥയിൽ സംവിധാ നിക്കാനും, ആ ഫലങ്ങൾ സങ്കല്പിക്കുന്ന പ്രകൃതി പ്രതിഭാസങ്ങൾ തമ്മിലുള്ള ബന്ധങ്ങളെ വ്യക്ത

---

[1] തികച്ചും മരുഭൂ കാലാവസ്ഥവെച്ചു ബാധകമാക്കാവുന്നത് മാത്രമാണ് ഈ ഉദാഹരണം.

[2] റമസാനിൽ ഖുർആൻ അവതീർണ്ണമായ രാത്രി.

മാക്കാനും ഇത് അത്യാവശ്യമായിരുന്നു. ഈ ആധുനിക അനുഭവാധിഷ്ഠിത സിദ്ധാന്തക്കാരുടെ വീക്ഷണകോണിൽ, ചരിത്രത്തിലുടനീളമുള്ള ഭൗതികവാദ ചിന്തയെ അനന്തരമെടുത്ത വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം തന്നെ ഒരമൂർത്ത തത്വശാസ്ത്രമാണ്. നവീന ഭൗതിക തത്വശാസ്ത്രം അവസാനം ഒരു വൈരുദ്ധ്യാധിഷ്ഠിത ചട്ടക്കൂട്ടിലുള്ള ലോകവീക്ഷണത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഇതിന്റെയർത്ഥം ഭൗതികവാദപരവും ആസ്തികവുമായ ചിന്തകൾ, ഇന്ദ്രിയാനുഭവത്തിന്റെ പരിമിതികൾക്കതീതമാവണമെന്ന ഒരു അഭിപ്രായൈക്യത്തിൽ എത്തിയിരിക്കുന്നു എന്നാണ്. പുതിയ ആത്യന്തിക ഭൗതിക വാദക്കാർ, ഈ ഇന്ദ്രിയാനുഭവമാണ് ശാസ്ത്രത്തെയും തത്വചിന്തയെയും നിയന്ത്രിക്കണമെന്ന് വാദിച്ചത്. അങ്ങനെ വരുമ്പോൾ അന്വേഷണത്തിനും അറിവിനും രണ്ടു ഘട്ടങ്ങളെ ഉപയോഗിക്കാൻ സാധിക്കുന്നു. ഒന്നാമത്തെ ഘട്ടം, ഇന്ദ്രിയാനുഭവത്തിന്റെയും പരീക്ഷണത്തിന്റെയും ഫലങ്ങളെ സമാഹരിക്കൽ. രണ്ടാം ഘട്ടം ഈ ഫലങ്ങളെ താത്വികമായും യുക്തിപരമായും വ്യാഖ്യാനിക്കൽ. ഭൗതികവാദപരവും ആസ്തികവുമായ സമീപനങ്ങൾ തമ്മിലുള്ള ഭിന്നിപ്പ് രണ്ടാം ഘട്ടത്തിൽ നിഗമനങ്ങളെ വ്യാഖ്യാനിക്കുന്ന രീതികളിലാണ്. ബുദ്ധിമാനായ ഒരു സ്രഷ്ടാവിന്റെ അസ്തിത്വത്തെ സങ്കൽപിക്കുന്ന ഏത് വ്യാഖ്യാനത്തെയും ഭൗതികവാദം തിരസ്ക്കരിക്കുമ്പോൾ, ആസ്തികത ഈ കണ്ടെത്തലുകളുടെ വ്യാഖ്യാനം ഒരു സ്രഷ്ടാവിനെക്കുറിച്ച അനുമാനമില്ലാതെ ഒരിക്കലും വിശ്വാസ്യമല്ലെന്നു ഊന്നിപ്പറയുന്നു.

ഇനി ഞാൻ, വിവേകശാലിയും സ്തുത്യർഹനുമായ സ്രഷ്ടാവിന്റെ അസ്തിത്വത്തെ അവതരിപ്പിക്കുന്ന രണ്ടു രീതികൾ വരച്ചുകാട്ടാം. ഓരോന്നിലും, ഇന്ദ്രിയാനുഭവത്തിന്റെയും പരീക്ഷണത്തിന്റെയും ഫലങ്ങൾ ഒരു വശത്തും എന്റെ വാദത്തിന്നു പോൽബലകമായ യുക്തിപരമായ നിഗമനം മറവശത്തും അവതരിപ്പിക്കാം. ആദ്യത്തെ രീതിയെ നമുക്കു ശാസ്ത്രീയമോനിവേശിതമോ ആയ ദൃഷ്ടാന്തമെന്നും രണ്ടാമത്തെതിനെ ദാർശനിക ദൃഷ്ടാന്തമെന്നും വിളിക്കാം. ശാസ്ത്രീയ ദൃഷ്ടാന്തമെന്നത് കൊണ്ടുദ്ദേശിക്കുന്നതെന്തെന്ന് നാം ആദ്യമായി വിശദീകരിക്കേണ്ടതുണ്ട്.

ശാസ്ത്രീയ ദൃഷ്ടാന്തമെന്നത് ഇന്ദ്രിയാനുഭവത്തെയും പരീക്ഷണത്തെയും ഉപജീവിക്കുന്നതെല്ലാമാണ്. കൂടാതെ അത് നിവേശന രീതിയിലുള്ള വിശദീകരണത്തിന്റെ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നു; ഇത് സാദ്ധ്യതയുടെ കണക്കുകൂട്ടൽ എന്ന തത്വത്തിൽ അധിഷ്ഠിതവുമാണ്. അതിനാൽ സ്രഷ്ടാവിന്റെ അസ്തിത്വത്തെ വരച്ചുകാട്ടുന്ന രീതി നിവേശാധിഷ്ഠിത വാദത്തിലുള്ള ശാസ്ത്രീയ ദൃഷ്ടാന്തമാണ്; അത് സ്വയം അധിഷ്ഠിതമായിട്ടുള്ളത് സാദ്ധ്യതകളുടെ ഗണനിർണ്ണയത്തിലുമാണ്. (വാദത്തിന്റെ രീതിയല്ല വാദം. ഉദാഹരണത്തിന്, ഒരാൾക്ക് വേണമെങ്കിൽ സൂര്യൻ ചന്ദ്രനേക്കാൾ വലുതാണെന്നു വിശദീകരിക്കാം. കാരണം ശാസ്ത്രജ്ഞർ പറയുന്നതങ്ങിനെയാണ്. ഇവിടെ സ്വീകരിച്ചിരിക്കുന്ന രീതി ശാസ്ത്രജ്ഞരുടെ പ്രസ്താവത്തെ സത്യത്തിനു തെളിവായി അംഗീകരിച്ചിരിക്കുന്നു. ഇതേപോലെ ഭൂമിയെ രണ്ടു കാന്തിക ധ്രുവങ്ങളുള്ള ഒരു മേഖലയാണെന്നും അതിലൊന്നു പോസിറ്റീവും മറ്റേത് നെഗറ്റീവുമായ ധ്രുവങ്ങളാണെന്നും വാദിക്കാം. ഇതിന്നടിസ്ഥാനം ഭൂമിക്കു സമാന്തരമായിപ്പിടിക്കുന്ന കൊംപാസി (വടക്കുനോക്കി)ന്റെ സൂചി ഉത്തര ദക്ഷിണധ്രുവങ്ങളെ ചൂണ്ടിനില്ക്കുന്നു എന്നതാണ്. ഇതിൽ പരീക്ഷണത്തെ തെളിവായി സ്വീകരിക്കുന്ന രീതിയാണുള്ളത്. ഇങ്ങിനെ, ഏതൊരു വാദത്തിന്റെയും സാധുത മൗലികമായും അത് അവലംബിക്കുന്ന രീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു.) ഇതിനാൽ സ്രഷ്ടാവിന്റെ അസ്തിത്വത്തിനുള്ള ശാസ്ത്രീയ ദൃഷ്ടാന്തത്തെ നാം നിവേശിത ദൃഷ്ടാന്തമെന്നു വ്യവഹരിക്കുന്നു. ഇനി നമുക്ക് ഈ രീതി ഒന്നു കൂടി വിശദീകരിക്കാം.

***

# ദൈവാസ്തികൃത്തിന്നുള്ള ശാസ്ത്രീയ വിശദീകരണം

സ്രഷ്ടാവിന്റെ അസ്തിത്വത്തിന്നുള്ള ശാസ്ത്രീയ വാദം തത്വാനുമാന രീതിയവലംബിച്ചുള്ളതാണെന്നു ഇതിനകം നാം കണ്ടുകഴിഞ്ഞു. ആ രീതി സംഭാവ്യത കണക്കുകൂട്ടുന്നതിനെ അടിസ്ഥാനപ്പെടുത്തിയതാണ്. ഈ വാദം അവതരിപ്പിക്കുന്നതിനു മുമ്പ് പ്രസ്തുത രീതി ഒന്നു വിശദീകരിക്കാം. എന്നിട്ട് കാര്യങ്ങളുടെ സത്യം കണ്ടെത്തുന്നതിന്നു അതിനെ എത്രമാത്രം അവലംബിക്കാമെന്നു വിലയിരുത്തുകയും ചെയ്യാം. തത്വാനുമാനരീതിയുടെ മാർഗ്ഗത്തിനു വളരെ സങ്കീർണ്ണവും അതിസൂക്ഷ്മവുമായ ഘടനയാണുള്ളത്. അതിനാൽ അതിന്റെ പൂർണ്ണവും കൃത്യവുമായ വിലയിരുത്തലിന് പ്രസ്തുത രീതിയുടെ തർക്കശാസ്ത്രപരമായ അടിത്തറയെയും സംഭാവ്യതാസിദ്ധാന്തത്തെയും വിശദമായും പൂർണ്ണമായും അപഗ്രഥിക്കേണ്ടതുണ്ട്. എന്നാൽ ശരാശരി വായനക്കാരന് എളുപ്പം പ്രാപ്യമല്ലാത്ത സങ്കീർണ്ണവാക്യങ്ങളും അപഗ്രഥനങ്ങളും ഒഴിവാക്കുക എന്നതാണ് നമ്മുടെ ഉദ്ദേശം. അതിനാൽ നാം രണ്ടു കാര്യം ചെയ്യാം. ഒന്ന്, നാം അവലംബിക്കുന്ന രീതിക്ക് പരിധിനിർണ്ണയം ചെയ്ത് അതിന്റെ പാത ചുരുക്കിയും ലളിതമായും വിശദീകരിക്കുക. രണ്ട്, ഈ രീതിയുടെ സാധ്യത വിലയിരുത്തുക. പ്രസ്തുത സങ്കേതത്തിന്റെ യുക്തിപരമായ വിശകലനത്തിലൂടെയും അതിന്റെ യുക്തിപരവും സംഖ്യാശാസ്ത്രപരവുമായ അടിത്തറകളിലൂടെയുമല്ല ഇത് നിർവ്വഹിക്കുന്നത്; മറിച്ച് യുക്തിബോധമുള്ള ഏതൊരാൾക്കും സ്വീകാര്യമായ പ്രായോഗിക നിദർശനങ്ങളിലൂടെയാണ്.

യുക്തിമാനായ സ്രഷ്ടാവിന്റെ അസ്തിത്വം കാണിക്കാൻ നാം പ്രയോഗിക്കുന്ന ഈ രീതി, നാം ദൈനന്ദിന ജീവിതത്തിലും ശാസ്ത്രീയ പരീക്ഷണങ്ങളിലും ഉറപ്പോടെ അവലംബിക്കുന്ന രീതി തന്നെയാണ്. അത് ഇനി വരുന്ന ഭാഗങ്ങളിലൂടെ കൂടുതൽ വ്യക്തമാവുകയും ചെയ്യും. ദൈനന്ദിന ജീവിതത്തിന്റെ കാര്യത്തിൽ നാം വിശ്വാസമർപ്പിക്കുന്ന ഈ സങ്കേതം അക്കാരണം കൊണ്ടുതന്നെ സ്രഷ്ടാവിന്റെ അസ്തിത്വത്തിന്നുള്ള തെളിവിന്റെ കാര്യത്തിലും നാം അവലംബിക്കുന്നു- സ്രഷ്ടാവ് എല്ലാ സത്യങ്ങളുടെയും സ്രോതസ്സാണല്ലോ.

നിങ്ങൾക്ക് തപാൽവഴി ഒരു കത്ത് കിട്ടുന്നു; വെറും വായനയിലൂടെ അത് നിങ്ങളുടെ സഹോദരനിൽ നിന്നാണെന്ന് നിങ്ങൾ തീരുമാനിക്കുന്നു. ഒരു വൈദ്യൻ പല രോഗങ്ങളും ഭേദമാക്കുന്നതിൽ വിജയിച്ചു കഴിഞ്ഞാൽ, നാം അയാളിൽ വിശ്വാസമർപ്പിക്കുകയും അയാളൊരു പ്രാപ്തനാണെന്നു കരുതുകയും ചെയ്യുന്നു. ഇതേപോലെ, ഒരാൾക്ക് പത്ത്തവണ പെനിസിലിൻ കുത്തിവച്ചപ്പോഴും പ്രതികൂലാനുഭവം ഉണ്ടായെങ്കിൽ അയാൾ, തനിക്ക് പെനിസിലിനോട് ഒരു അലർജി ഉണ്ടെന്ന നിഗമനത്തിലെത്തും. ഈ ഉദാഹരണങ്ങളിലെല്ലാം സ്വീകരിച്ച രീതി തത്വനിവേശത്തിന്റെ രീതിയാണ് - സംഭാവ്യതയുടെ ഗുണനം നടത്തിയുള്ള രീതി. ഇത് പോലെ, പ്രകൃതി ശാസ്ത്രപഠനത്തിൽ ഒരു ശാസ്ത്രജ്ഞൻ തന്റെ ഗവേഷണത്തിന്നിടയിൽ സൗരയൂഥത്തിന്റെ ചില പൊതു സ്വഭാവങ്ങൾ നിരീക്ഷിച്ചപ്പോൾ, ആ വ്യത്യസ്ത ഗോളങ്ങൾ ആദ്യം സൂര്യന്റെ തന്നെ ഭാഗമായിരുന്നുവെന്നും അവ പിന്നീട് വേർപെട്ടതാണെന്നും അനുമാനത്തിലെത്തി. ഇതേ ശാസ്ത്രജ്ഞൻ, ഗോള ചലനങ്ങളുടെ പഥം രേഖപ്പെടുത്തി നോക്കിയപ്പോൾ, അയാൾ നെപ്റ്റൂൺ എന്ന ഗോളത്തിന്റെ അസ്തിത്വത്തെക്കുറിച്ച നിഗമനത്തിലെത്തി- ദൃഷ്ടികൊണ്ടു പ്രസ്തുത ഗോളത്തെക്കുറിച്ചു അറിയുന്നതിനു മുമ്പ് തന്നെ. അസാധാരണ പ്രതിഭാസങ്ങളുടെ വെളിച്ചത്തിൽ, മേഘയറകളെ കണ്ടെത്തുന്നതിനു മുമ്പ്തന്നെ ഇലക്ട്രോണുകളുടെ അസ്തിത്വത്തെക്കുറിച്ചു സിദ്ധാന്തം ആവിഷ്ക്കരിക്കാൻ ശാസ്ത്രത്തിനു കഴിഞ്ഞു. ഇതിലെല്ലാം ശാസ്ത്രജ്ഞൻമാർ അവലംബിച്ച മാർഗ്ഗം സംഭാവ്യത കണക്കുകൂട്ടികൊണ്ടുള്ള തത്വാനുമാനത്തിന്റെ തെളിവ് എന്ന മാർഗ്ഗമാണ്. ഈ രീതിതന്നെ സ്രഷ്ടാവിന്റെ അസ്തിത്വത്തിന്നുള്ള വാദമായും നമുക്ക് സ്വീകരിക്കാം.

# സങ്കേതത്തിന്റെ നിർവ്വചനവും ഘട്ടങ്ങളും

നമ്മുടെ സങ്കേതത്തെ താഴെ പറയുന്ന അഞ്ച് ഘട്ടങ്ങളിലൂടെ വ്യക്തമായും ലളിതമായും ചുരുക്കിപ്പറയാം.

1. ഇന്ദ്രിയാനുഭവത്തിന്റെയും പരീക്ഷണത്തിന്റെയും തലത്തിൽ നാം അനേകം പ്രതിഭാസങ്ങളെ അഭിമുഖീകരിക്കുന്നു.

2. വസ്തുക്കൾ നിരീക്ഷിക്കുകയും ശേഖരിക്കുകയും ചെയ്ത ശേഷം നാം അവയെ വ്യാഖ്യാനിക്കാൻ തുടങ്ങുന്നു. ഈ ഘട്ടത്തിൽ ആവശ്യമായത്, ഈ പ്രതിഭാസങ്ങളെ വ്യാഖ്യാനിക്കാനും ശരിവയ്ക്കാനും അടിത്തറയാകാവുന്ന ഉചിതമായ ഒരു അനുമാന സിദ്ധാന്തം കണ്ടെത്തുകയാണ്. ഇത് കൊണ്ടുദ്ദേശിക്കുന്നത്, സിദ്ധാന്തം സ്ഥാപിക്കപ്പെടുന്ന പക്ഷം അത് നിലനിന്നു കാണുന്ന പ്രതിഭാസങ്ങളിൽ ലീനമായ ഒരു തത്വമോ അതിനോടു ചേരുന്ന ഒന്നോ ആവണം എന്നാണ്.

3. അനുമാന സിദ്ധാന്തം ഉചിതമോ യാഥാർത്ഥത്തിൽ സ്ഥാപിക്കപ്പെട്ടതോ അല്ലെങ്കിൽ അത് പ്രതിഭാസത്തിന്റെ നിലനിൽപിന്നുള്ള സാദ്ധ്യത വളരെ കുറവാണെന്നതിന്റെ സൂചനയാണ്. അഥവാ, സാങ്കല്പിക സിദ്ധാന്തത്തിന്റെ അസത്യത ഭയപ്പെടുകയാണെങ്കിൽ അതിന്റെയർത്ഥം, പ്രതിഭാസങ്ങളുടെ നിലനില്പില്ലായ്മയെ അപേക്ഷിച്ച് നിലനില്പിനുള്ള സംഭാവ്യതയുടെ തോത് വളരെ കുറവാണെന്നാണ്. നൂറിലോ ആയിരത്തിലോ ഒന്നു എന്നത് പോലെ.

4. അങ്ങനെ ഈ നിഗമനത്തിലെത്തുന്നു. അനുമാന സിദ്ധാന്തം യാഥാർത്ഥമായിരിക്കണം- അത് അടിസ്ഥാനമാക്കുന്ന പ്രതിഭാസത്തെക്കുറിച്ച ഇന്ദ്രിയാനുഭവത്തിൽ നിന്നും നാം കണ്ടെത്തുന്നതാവണം. ഒന്നാമത്തെ ഘട്ടത്തിൽ നാം കണ്ടത് പോലെ.

5. രണ്ടാം ഘട്ടത്തിൽ പറഞ്ഞ അനുമാന സിദ്ധാന്തത്തിന്റെ പ്രതിഭാസവുമായി ചേർത്തുകൊണ്ടുള്ള പരിശോധക്ഷമത, ഈ പ്രതിഭാസങ്ങളുടെ സംഭാവ്യതയുമായി നേരിട്ടു ബന്ധപ്പെട്ടതാണ്; അതുപ്പോലെ അവയുടെ അഭാവവുമായി വിരുദ്ധഭാവം പുലർത്തുന്നതുമാണ്. (അവയുടെ അഭാവത്തിന്റെ സംഭാവ്യതയായി പറയുന്നത് ഒരിക്കൽ അവ ഒട്ടും ഇല്ലാതിരിക്കുകയോ അല്ലെങ്കിൽ അവയിൽ ഒന്നെങ്കിലും ഇല്ലാതാവുകയോ ചെയ്യുന്ന അവസ്ഥയാണ്.) അനുമാന സിദ്ധാന്തത്തിൽ തെറ്റ് കൽപിക്കുകയാണെങ്കിലും, ഈ അനുപാതം കുറയുന്നതനുസരിച്ച് അത് കൂടുതൽ പരിശോധനായോഗ്യമാവുന്നു; അതിനാൽ സാധാരണയുള്ള പല ഉദാഹരണങ്ങളിലും അതിന്നു മിക്കവാറും നല്ല ഉറപ്പിന്റെ സ്ഥാനം നേടാം.

സത്യത്തിൽ സംഭാവ്യതാ സിദ്ധാന്തമനുസരിച്ച് സംഭാവ്യതയുടെ തോത് അളക്കുന്നതിന് ക്ലിപ്തമായ അളവുകളും നിബന്ധനകളും ഉണ്ട്. ദൈനന്ദിന സാഹചര്യങ്ങളിൽ, ആളുകൾ അറിയാതെ അതിന്റെ ശരിയായ പ്രയോഗത്തിന്നടുത്തെത്തുന്ന രീതിയിൽ അത് പ്രയോഗിക്കാറുണ്ട്. ഇക്കാരണത്താൽ, ഇതിനെ വിലയിരുത്തുന്ന തർക്കശാസ്ത്രപരവും ഗണിതശാസ്ത്രപരവുമായ തത്വങ്ങളിലേക്കു കടക്കാതെ അതിന്റെ സ്വാഭാവികമായ പ്രയോഗരീതികളെ മാത്രം നമുക്ക് വിലയിരുത്താം. അതിനു നാം സാധാരണ സ്വീകരിക്കുന്ന ഘട്ടങ്ങളാണ് ഇവ- ദൈനന്ദിന ജീവിതത്തിലായാലും, ശാസ്ത്രീയ ഗവേഷണത്തിലായാലും സ്രഷ്ടാവിന്റെ അസ്തിത്വത്തിന്നുള്ള തെളിവെന്ന നിലയിലായാലും.

***

# സങ്കേതത്തിന്റെ വിലയിരുത്തൽ

മുമ്പു സൂചിപ്പിച്ചപോലെ ദൈനന്ദിന ജീവിതത്തിലെ പ്രായോഗികാനുഭവങ്ങളുടെ വെളിച്ചത്തിൽ നമുക്കിത് പരിശോധിക്കാം. ഒരു കത്ത് കൈപ്പറ്റി വായിക്കുമ്പോൾ മുൻപു സൂചിപ്പിച്ചപോലെ അതു സഹോദരനിൽനിന്നാണന്നും നിങ്ങൾക്ക് കത്തെഴുതാനാഗ്രഹിച്ച മറ്റാരിൽനിന്നോ അല്ലെന്നും തീരുമാനിക്കുമ്പോൾ സംഭവ്യതാനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള അനുമാനപരമായ തെളിവിന്റെ രീതിയാണ് സ്വീകരിക്കപ്പെടുന്നത്. കത്തെഴുതിയ ആൾ ആരാണെന്ന പ്രശ്നം താഴെപറയുന്നു ഘട്ടങ്ങളിലൂടെ പരിഹരിക്കുകയാണ്.

1. പല സൂചനകളും കത്തിൽ കാണുന്നു. ഉദാഹരണമായി, അതിലുള്ള പേര് സഹോദരന്റേതാണ്. കയ്യക്ഷരവും വരികളുടെ സംവിധാനവും അയാലുടെതാണ്. അത് നൽകുന്ന വിവരങ്ങളും പിശകുകൾപോലും സഹോദരനു പതിവുള്ളതാണ്. ഇതെല്ലാം സഹോദരന്റെ ശീലങ്ങളിൽനിന്നും ചിന്താഗതികളിൽ നിന്നും നിങ്ങൾ നിഗമനം നടത്തിയതാണ്. കത്തിലാണെങ്കിൽ സഹോദരനിൽനിന്നു പ്രതീക്ഷിക്കുന്ന അഭിപ്രായങ്ങളും കാര്യങ്ങളുമാണ് ഉള്ളതും.

2. രണ്ടാം ഘട്ടത്തിൽ നിങ്ങൾ സ്വയം ചോദിച്ചുന്നു: ''ഈ കത്ത് സത്യത്തിൽ അയാളിൽനിന്നു തന്നെയുള്ളതാണോ? അതേ പേരുള്ള മറ്റുവല്ലവരുമാവുമോ ഇതയച്ചത്?'' ഈ ഘട്ടത്തിൽ നേരത്തെ കണ്ട അടയാളങ്ങളിൽ കത്തയച്ചത് യാഥാർത്ഥത്തിൽ  സഹോദരൻ തന്നെയാണെന്നതിനു തെളിവായി ആ അനുമാനസിദ്ധാന്തത്തെ വ്യാഖ്യാനിക്കാനും ന്യായീകരിക്കാനും മതിയായ അടിസ്ഥാനം നിങ്ങൾ  കണ്ടെത്തുന്നു. മറിച്ച്, കത്ത് സഹോദരനിൽ നിന്നാണെന്ന നിഗമനത്തിലേക്ക് നിങ്ങൾ നയിക്കപ്പെടുന്ന പക്ഷം, ആദ്യഘട്ടത്തിലെ എല്ലാ വസ്തുതകളും നിരത്തിവക്കേണ്ടതുണ്ടാവും.

3. മൂന്നാമത്തെ ഘട്ടത്തിൽ നിങ്ങൾ വീണ്ടും ചോദിക്കാം: ''ഈ കത്ത് സഹോദരനിൽ നിന്നല്ല, മറ്റുവല്ലവരിൽനിന്നുമാണെങ്കിൽ, ഈ പ്രത്യേകതകളും അടയാളങ്ങളുമെല്ലാം അതേ സമയം ഇതിൽ ഉണ്ടാവുന്നതിന്റെ സംഭാവ്യത എത്രമാത്രമുണ്ട്?'' ഈ ഒരു സാദ്ധ്യതക്ക് കുറേ അടിസ്ഥാന സങ്കൽപങ്ങൾ വേണം. കാരണം ഒന്നാമതായി, ലേഖകന് അതേ പേരുണ്ടെന്നു നാം കരുതേണ്ടതുണ്ട്. കത്തിലെ മേൽപ്പറഞ്ഞ സവിശേഷതകളും അതിൽ കാണണം. ഇങ്ങനെ എല്ലാ കാര്യങ്ങളും ഒരേസമയം ഒരേപോലെ ദൃശ്യമാവുന്നതിന്റെ സംഭാവ്യത നന്നേ ചെറുതാണ്. നാം സങ്കല്പിക്കേണ്ട യാദൃഛിക സാദൃശ്യങ്ങളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് അവ ഒരേപോലെയാവുന്നതിന്റെ സംഭാവ്യത ആനുപാതികമായി കുറയുകയും ചെയ്യുന്നു.

അനുമാന രീതിയുടെ തത്വങ്ങൾ നമുക്കു സംഭാവ്യതയുടെ അളവ് നോക്കാൻ പഠിപ്പിക്കുകയും അതെങ്ങനെ കുറയുന്നു എന്നു വിശദീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ആവശ്യമായി വരുന്ന സങ്കൽപനങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് സംഭാവ്യത എങ്ങനെ കുറയുന്നു എന്നും അവ മനസ്സിലാക്കിത്തരുനനു. ഇതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്ക് നാം കടക്കേണ്ടതില്ല.  കാരണം അത് ഒരു സങ്കീർണ്ണ വിഷയമാണ്; ശരാശരി വായനക്കാരന് ഉൾക്കൊള്ളാൻ പ്രയാസവും ഭാഗ്യവശാൽ, സംഭാവ്യതയുടെ താഴ്ന്ന അളവ് മനസ്സിലാക്കാൻ ഈ വിശദാംശങ്ങളെ ആശ്രയിക്കേണ്ടതില്ല; ഒരാൾ ഒരുയർന്ന സ്ഥാനത്ത് നിന്നു താഴേക്ക് വീഴുന്നത് ഗുരുത്വാകർഷണ നിയമത്തെക്കുറിച്ച അയാളുടെ അറിവിനേയോ ശാസ്ത്രീയ തത്വമനുസരിച്ച് അതെത്രയാണെന്ന ബോധത്തേയോ ആശ്രയിച്ചു നിൽക്കുന്നില്ല എന്നത്പോലെ. അതുപ്പോലെ തന്നെയാണ് കത്ത് കിട്ടുന്ന ആൾക്ക്, എല്ലാ കാര്യങ്ങളിലും സഹോദരന്നു തുല്യമായ ഒരാൾ ഉണ്ടാകുന്നതിന്റെ അസംഭാവ്യത നിഗമനം നടത്താൻ കഴിയുന്നതും.

4. നാലാമത്തെ ഘട്ടത്തിൽ നിങ്ങൾ യുക്തി പ്രയോഗിക്കുന്നു. മേല്പറഞ്ഞ എല്ലാ കാര്യങ്ങളും ഒരേപോലെ ഉണ്ടാവൽ അസംഭവ്യമായത്കൊണ്ട്, സഹോദരനിൽ നിന്നല്ല കത്തെന്നു അനുമാനിക്കുകയാണെങ്കിൽ, സഹോദരനിൽ നിന്നാണ് കത്ത് എന്നതിന്നാവും കൂടുതൽ സംഭാവ്യത. കാരണം പ്രസ്തുത  സാദൃശ്യങ്ങൾ യാഥാർത്ഥത്തിൽ നിലനിൽക്കുന്നുണ്ട്.

5. അഞ്ചാം ഘട്ടത്തിൽ നിങ്ങൾ നാലാം ഘട്ടത്തിലെ നിഗമനത്തെ ബന്ധിപ്പിക്കുന്നു. അതായത് സഹോദരനിൽ നിന്നാണു എഴുത്ത് എന്ന സാദ്ധ്യതയെ സഹോദരനിൽ നിന്നാല്ലാതെ തന്നെ കത്തിനു പ്രസ്തുത ഗുണങ്ങളെല്ലാം ഉണ്ടാവുകയെന്നതിന്റെ നേരിയ സംഭാവ്യതയുമായി ബന്ധിപ്പിക്കുന്നു. ഇതിന്റെ ഫലം കത്ത് സഹോദരന്റെതാവാനുള്ള സാദ്ധ്യത അത് മറ്റൊരാളിൽ നിന്നാവുന്ന സംഭാവ്യതയെ നിഷേധിക്കുന്നു എന്നതാണ്. ഈ സംഭാവ്യത ചെറുതാകുന്നതനുസരിച്ചു മറിച്ചുള്ള

സാദ്ധ്യത കൂടുകയും കൂടുതൽ വിശ്വാസ യോഗ്യവുമാവുകയും ചെയ്യുന്നു. ഇനി കൂടുതൽ പ്രതി കൂല തെളിവുകൾ ഇല്ലെങ്കിൽ, ചൂണ്ടിക്കാട്ടിയ അഞ്ചുഘട്ടങ്ങൾ ദൈനന്ദിന ജീവിതത്തിൽ ഈ രീതി സ്വീകരിക്കുന്നതിന്റെ സാധുതക്ക് മതിയായ ബലം നൽകുന്നു.

ഇനി നമുക്ക് ശാസ്ത്രീയ മേഖലയിൽ നിന്നു ഒരുദാഹരണം എടുക്കാം. ഒരു ശാസ്ത്രസിദ്ധാന്ത ത്തിൽ ഈ സങ്കേതം പ്രയോഗിച്ചു നോക്കാം. ഗോളങ്ങളുടെ വികാസത്തെയും സൂര്യനിൽനിന്നുള്ള അവയുടെ വേർപാടിനെയും കുറിച്ചാലോചിക്കുക. ഒമ്പത് ഗ്രഹങ്ങളും ആദ്യം സൂര്യന്റെ ഭാഗമായി രുന്നു. ദശലക്ഷക്കണക്കിനു വർഷങ്ങൾക്കു മുമ്പ് കത്തിക്കരിയുന്ന കഷ്ണങ്ങളായി അവ സൂര്യ നിൽനിന്നു വേർപ്പെട്ടു. ഈ വാദത്തിലെ തത്വങ്ങളുടെ കാര്യത്തിൽ ശാസ്ത്രജ്ഞന്മാർക്ക് പൊതു വായി അഭിപ്രായൈക്യമുണ്ട്; എങ്കിലും വേർപ്പെട്ടതിന്റെ കാരണത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളാ ണുള്ളത്. അവർ യോജിക്കുന്ന തത്വങ്ങളുടെ വിശദീകരണം താഴെ പറയുന്ന പടികളിലൂടെ കടന്നു പോകും.

1. ഇന്ദ്രിയങ്ങളിലൂടെയും പരീക്ഷണം വഴിയും ശാസ്ത്രജ്ഞന്മാർ പല പ്രതിഭാസങ്ങളും നിരീ ക്ഷണ വിധേയമാക്കിയിട്ടുണ്ട്. അവ ഇതാണ്.

എ. സൂര്യനു ചുറ്റുമുള്ള ഭൂമിയുടെ കറക്കം സൂര്യൻ അതിന്റെ അച്ചുതണ്ടിനു ചുറ്റും നടത്തുന്ന കറക്കത്തോട് പൊരുത്തപ്പെടുന്നതാണ്. ഓരോ മുഴുചംക്രമണവും പടിഞ്ഞാറുനിന്നു കിഴക്കോട്ടുള്ള താണ്.

ബി. സ്വന്തം അച്ചുതണ്ടിനു ചുറ്റുമുള്ള ഭൂമിയുടെ കറക്കം സൂര്യൻ അതിന്റെ അച്ചുതണ്ടിന്നു ചുറ്റും നടത്തുന്ന കറക്കത്തിന്നൊപ്പം സഹചരിക്കുന്നതാണ്; അതായത് പടിഞ്ഞാറുനിന്ന് കിഴക്കോ ട്ട്.

സി. ഭൂമി, സൂര്യന്റെ മദ്ധ്യരേഖക്കു സമാന്തരമായ ഒരു പഥത്തിൽ സൂര്യനെ പ്രദക്ഷിണം ചെയ്യു ന്നു. അത് വഴി സൂര്യൻ ഒരു ധ്രുവം പോലെയും ഭൂമി അതിനെ പ്രദക്ഷിണം ചെയ്യുന്ന ഒരു ബിന്ദു പോലെയും ഇരിക്കും.

ഡി. ഭൂമിയുടെ ഘടകങ്ങളായ മൂലകങ്ങൾ സൂര്യനിലും കാണാം.

ഇ. ഭൂമിയിലേയും സൂര്യനിലേയും ഘടകങ്ങളിലെ രാസഘടനയിലും ചില സാദൃശ്യങ്ങൾ കാണാം- രണ്ടിലും ഹൈഡ്രജൻ മുഖ്യഘടകമാണ്.

എഫ്. സൂര്യനു ചുററും കറങ്ങുന്ന ഭൂമിയുടെ വേഗതയും സ്വയം അച്ചുതണ്ടിൽ കറങ്ങുന്ന വേഗ തക്കു അനുയോജ്യമാണ്.

ജി. ശാസ്ത്രജ്ഞൻമാരുടെ കണക്കു കൂട്ടലനുസരിച്ച് ഭൂമിയുടെയും സൂര്യന്റെയും പ്രായം തമ്മിൽ ഏതാണ്ട് സമാനതയുണ്ട്.

എച്. ഭൂമിയുടെ ഉൾഭാഗം ചൂടുള്ളതാണ്. ആദ്യഘട്ടത്തിൽ ഭൂമി വളരെ ചൂടുള്ളതാണെന്നു ഇത നാൽ സിദ്ധിക്കുന്നു.

2. ശാസ്ത്രജ്ഞൻമാർ ഇന്ദ്രിയങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ഒന്നാം ഘട്ടത്തിൽ നിരീ ക്ഷിച്ചതായിരുന്നു ഈ പ്രതിഭാസങ്ങളെ. രണ്ടാം ഘട്ടത്തിൽ, ഈ പ്രതിഭാസങ്ങളെയെല്ലാം വിശദീക രിക്കുന്ന ഒരു അനുമാനസിദ്ധാന്തം ഉണ്ടെന്നു അവർ കണ്ടെത്തി. അതായത്, അനുമാനം ശരിയാ ണെങ്കിൽ അത് ഈ പ്രതിഭാസങ്ങളെ ചൂഴ്ന്നു നില്ക്കുന്നതും അവയെ ശരിവെയ്ക്കുന്നതുമായിരി ക്കും. സിദ്ധാന്തം ഇതാണ്: എന്തെല്ലാമോ കാരണത്താലായാലും, ഭൂമി സൂര്യനിൽ നിന്നു വേർപ്പെട്ട അതിന്റെ ഒരു ഭാഗമാണ്. ഈ സങ്കല്പത്തിൽ നിന്നുകൊണ്ട് നമുക്ക് മുൻചൊന്ന പ്രതിഭാസം വിശ ദീകരിക്കാം.

ഒന്നാമത്തെ വസ്തുത, ഭൂമിയുടെ സൂര്യപ്രദക്ഷിണവും സ്വന്തം അച്ചുതണ്ടിലുള്ള സൂര്യന്റെ കറ ക്കവും തമ്മിലുള്ള ഐക്യം രണ്ടിന്റെയും ചലനം പടിഞ്ഞാറ് നിന്നു കിഴക്കോട്ടാണ് എന്നതിലാണ്. ഈ ഐക്യത്തിന്നുള്ള കാരണം മേൽപറഞ്ഞ അനുമാനത്തിൽ നിന്നു വ്യക്തമാവുന്നു; സിദ്ധാന്തമ നുസരിച്ച് തന്നെ. ഒരു ചലിക്കുന്ന പദാർത്ഥത്തിൽ നിന്നും വേർപെടുത്തപ്പെടട വസ്തു ആദ്യ പദാർത്ഥത്തിലേക്ക് ചരട് കൊണ്ടോ മറ്റോ വലിക്കപ്പെടുന്ന അവസ്ഥയിൽ ആദ്യത്തെ സഞ്ചാര പഥ ത്തിൽ തന്നെ ചലിക്കുമെന്നാണ് പൂർവ്വാപര ബന്ധൈക്യത്തിന്റെ നിയമം. സ്വന്തം അച്ചുതണ്ടുകളി ലുള്ള ഭൂമിയുടെയും സൂര്യന്റെയും പ്രദക്ഷിണങ്ങൾ തമ്മിലെ ഐക്യം എന്ന രണ്ടാമത്തെ പ്രതിഭാ സവും ഇതേ സാങ്കൽപിക സിദ്ധാന്തമനുസരിച്ചും പൂർവ്വാപര ബന്ധമനുസരിച്ചും വിശദീകരിക്കാവു ന്നതാണ്. മൂന്നാമത്തെ പ്രതിഭാസത്തെ സംബന്ധിച്ചും ഇത് തന്നെയാണവസ്ഥ. ഭൂമിയുടെയും സൂര്യ ന്റെയും ഘടകങ്ങളായ മൂലകങ്ങൾ തമ്മിലുള്ള അടുത്ത സാദൃശ്യം കാണിക്കുന്ന നാലും അഞ്ചും പ്രതിഭാസങ്ങളാകട്ടെ, ഭൂമി സൂര്യന്റെ ഭാഗമായിരുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ അവ സ്വയം വ്യക്തമാവുന്നു. ഒരു അംശത്തിലെ മൂലകങ്ങൾ മുഴുവൻ വസ്തുവിന്റെയും മൂലകങ്ങളാവ ണമല്ലൊ. ആറാമത്തെ പ്രതിഭാസം, അതായത് സൂര്യനു ചുറ്റും സ്വന്തം അച്ചുതണ്ടിലുള്ള ഭൂമിയുടെ കറക്കവും സ്വന്തം അച്ചുതണ്ടിലുള്ള സൂര്യന്റെ കറക്കവും തമ്മിലുള്ള താദാത്മ്യം, വ്യക്തമാവുന്നത്

ഭൂമിയുടെ രണ്ടു ചലനങ്ങളും സൂര്യചലനത്തിൽ നിന്നുൽഭവിച്ചു എന്നു നാം അറിയുന്നത് കൊണ്ടാണ്. ഇത് ആദ്യത്തെ അനുമാന സിദ്ധാന്തം കൊണ്ട് നമുക്ക് കിട്ടുന്നതാണ്. ആ സിദ്ധാന്തം സൂര്യനിൽ നിന്നുള്ള വേർപെടൽ ഉണ്ടെന്ന സങ്കൽപത്തിലാണ്. ഇത് കണ്ടെത്തിയ പൊരുത്തത്തെ വിശദീകരിക്കുക മാത്രമല്ല അതിന്റെ കാരണം വരച്ചു കാട്ടുക കൂടി ചെയ്യുന്നു. ഇതേ അനുമാനസിദ്ധാന്തമനുസരിച്ച്, രണ്ടു വസ്തുക്കളുടെയും പഴക്കത്തിലുള്ള സാമ്യതയും നമുക്ക് വിശദീകരിക്കാം. അതാണ് നമ്മുടെ ഏഴാമത്ത പ്രതിഭാസം. എട്ടാമത്തെതായ സൂര്യന്റെ ആദ്യഘട്ടത്തിലുള്ള തീക്ഷ്ണമായ ചൂടും ഇതേ സിദ്ധാന്തമനുസരിച്ച് വിശദീകരിക്കാവുന്നതാണ്.

3. സൂര്യനിൽ നിന്നു വിഛേദിക്കപ്പെട്ടതാണ് ഭൂമി എന്ന സിദ്ധാന്തം ശരിയല്ലെന്നു നാം സങ്കൽപിക്കുകയാണെങ്കിൽ, ഈ പ്രതിഭാസങ്ങളെല്ലാം ഒരേ സമയം നിലനിൽക്കുകയും പരസ്പര ബന്ധിതമാവുകയും ചെയ്യുക എന്നത് അസംഭാവ്യമായിരിക്കും. അങ്ങനെ വരുമ്പോൾ, അവ ഗ്രാഹ്യമായ പരസ്പര ബന്ധങ്ങളില്ലാതെ യാദൃഛികമായി ഒത്തുചേർന്ന കാര്യങ്ങൾ മാത്രമായിരിക്കും. അതിനാൽ, സിദ്ധാന്തം തെറ്റെന്നു സങ്കല്പിച്ചുനോക്കിയാൽ, അവ അങ്ങനെ ഉണ്ടാവുന്നതിന്റെ സംഭാവ്യത നന്നെ ചെറുതാവും. കാരണം, പിന്നെ ഈ പ്രതിഭാസങ്ങളെ വിശദീകരിക്കാൻ അനവധി സാങ്കല്പിക സിദ്ധാന്തങ്ങൾ വേണ്ടിവരും. അവ നോക്കാം.

സൂര്യൻ സ്വന്തം അച്ചുതണ്ടിലായും ഭൂമി അതിനു ചുറ്റുമായും പടിഞ്ഞാറു നിന്നു കിഴക്കോട്ട് നടത്തുന്ന ചലനങ്ങളിലെ പൊരുത്തത്തെ സംബന്ധിച്ചു നമുക്കനുമാനിക്കേണ്ടി വരിക, ഭൂമി സൂര്യനിൽ നിന്നകലെയുള്ള ഒരു വസ്തുവായി വേറെ ഉണ്ടായതാണെന്നും അല്ലെങ്കിൽ മറ്റൊരു സൂര്യന്റെ ഭാഗമായിരുന്നത് പിന്നീട് വേർപെട്ട് സൂര്യനു സമീപം എത്തിയതാണെന്നും ആയിരുന്നു. അത് കഴിഞ്ഞ് ഭൂമി, ശൂന്യാകാശത്തിൽ സ്വതന്ത്രമായി സഞ്ചരിച്ച് സൂര്യനു ചുറ്റുമുള്ള ഭ്രമണപഥത്തിൽ കടന്ന് സൂര്യന് പടിഞ്ഞാറുള്ള ഒരു ബിന്ദുവിൽ ചെന്നെത്തി എന്നും സങ്കൽപിക്കേണ്ടിവരും. ഇക്കാരണത്താൽ, അത് പടിഞ്ഞാറ് നിന്ന് കിഴക്കോട്ടുള്ള സഞ്ചാരം നടത്തുന്നു. അതായത് സ്വന്തം അച്ചുതണ്ടിലുള്ള സൂര്യന്റെ കറക്കത്തിന്റെ ഗതിയിൽ സഞ്ചരിക്കുന്നു. അത് സൂര്യനു കിഴക്കുള്ള ഒരു ബിന്ദുവിലായിരുന്നു എത്തിയതെങ്കിൽ അത് കിഴക്ക് നിന്നു പടിഞ്ഞാറോട്ട് ചലിച്ചേനെ.

അച്ചുതണ്ടിനു ചുറ്റും പടിഞ്ഞാരു നിന്നു കഴിക്കോട്ടുള്ള സൂര്യന്റെയും ഭൂമിയുടെയും ചലനങ്ങളിലുള്ള പൊരുത്തത്തെ സംബന്ധിച്ചു നാം അനുമാനിക്കേണ്ടി വരിക, ഭൂമി മറ്റേതൊരു മാതൃസൂര്യനിൽ നിന്നാണോ വേർപ്പെട്ടത് ആ സൂര്യൻ തന്നെ പടിഞ്ഞാറ് നിന്നു കിഴക്കോട്ട് കറങ്ങുന്നുണ്ടെന്നാവും. സൂര്യനു ചുറ്റുമുള്ള ഭൂമിയുടെ പ്രദക്ഷിണത്തെ സംബന്ധിച്ചാണെങ്കിൽ, ആദ്യത്തെ സൂര്യൻ ആ അവസരം ഇന്നത്തെ സൂര്യന്റെ മദ്ധ്യരേഖയുടെ അതേ തലത്തിൽ കിടക്കുന്നുണ്ടായിരുന്നു. എന്നു അനുമാനിക്കേണ്ടി വരും. സൂര്യന്റെയും ഭൂമിയുടെയും രൂപഘടകങ്ങളെ സംബന്ധിച്ച അനുമാനമാവട്ടെ, ആദ്യത്തെ മാതൃഗ്രഹം, പ്രസ്തുത മൂലകങ്ങളെ അതേ അളവിലും അനുപാതത്തിലും ഉൾക്കൊണ്ടിരുന്നു എന്നാവും. ഭൂമിയുടെ പ്രദക്ഷിണം വേഗതവും സൂര്യൻ കറങ്ങുന്ന വേഗതയും തമ്മിലുള്ള പൊരുത്തത്തിന്റെ കാരണം, ആദ്യം ഭൂമി ഉൾക്കൊണ്ട സൂര്യൻ ഇന്നത്തെ സൂര്യന്റെ ചലനവേഗതക്കു തുല്യമായ വേഗത ഭൂമിക്കു നല്കുന്ന തരത്തിൽ പൊട്ടിത്തെറിച്ചതാണെന്ന സങ്കൽപവും ഉണ്ടാവേണ്ടിവരും. സൂര്യ-ഭൂമികളുടെ പഴക്കവും, ഭൂമിയുടെ വികാസത്തിലെ ആദ്യഘട്ടത്തിലുണ്ടായിരുന്ന തീക്ഷ്ണമായ ചൂടും സംബന്ധിച്ച് നാം സങ്കൽപിക്കുക, ഭൂമി വേർപെട്ടത് ഇന്നത്തെ സൂര്യന്റെ അതേ പ്രായമുള്ള ഒരു ഗോളത്തിൽ നിന്നാണെന്നും ആ വേർപ്പെട്ട രീതിയിൽ നിന്നാണ് ഉഗ്രമായ ചൂട് ലഭിച്ചത് എന്നുമായിരുന്നു. അങ്ങിനെ നോക്കുമ്പോൾ ഇന്നത്തെ സൂര്യനിൽ നിന്ന് ഭൂമി വേർപ്പെട്ടതാണെന്ന സിദ്ധാന്തത്തിന്റെ അസാധുതയുടെ അനുമാനത്തിൽ ഈ പ്രതിഭാസങ്ങളെല്ലാം ഒരേ സമയം നിലനിൽക്കുന്നതിന്റെ സംഭാവ്യത കുറെ ഒത്തുചേരലുകൾ ആവശ്യപ്പെടുന്നു. അവയുടെ സംഭാവ്യത വളരെ ദുർബ്ബലവുമാണ്. ഇതിനു വിപരീതമായി, വിഛേദസിദ്ധാന്തം മാത്രം മതി. ഈ പ്രതിഭാസങ്ങളെ മുഴുവൻ വിശദീകരിക്കാനും അവയെ പരസ്പരം ബന്ധിപ്പിക്കാനും.

4. നാലാം ഘട്ടത്തിൽ നാം എത്തുന്ന നിഗമനം ഇതാണ്: ഭൂമിയിൽ കാണുന്ന ഈ പ്രതിഭാസങ്ങളത്രയും ഒരേ സമയം ഉണ്ടാവൽ വളരെ ചെറിയ അളവിലല്ലാതെ സംഭാവ്യമല്ലാത്ത സ്ഥിതിക്ക്, നമ്മുടെ സൂര്യനിൽ നിന്നു ഭൂമി വേർപ്പെട്ടതാണെന്ന സിദ്ധാന്തം അത്രയ്ക്ക് കൂടുതൽ സംഭാവ്യമാവുന്നു.(കാരണം പ്രസ്തുത പ്രതിഭാസങ്ങളെല്ലാം ഇന്നു നിലനില്ക്കുന്നുണ്ട്.)

5. അഞ്ചാം ഘട്ടത്തിന്റെ വിഛേദ സിദ്ധാന്തത്തെ, ഭൂമി സൂര്യനിൽ നിന്നു വിഛേദിക്കാത്ത സ്ഥിതിയിൽ ഈ പ്രതിഭാസങ്ങൾ ഒന്നിച്ചുണ്ടാവുന്നതിന്റെ അസംഭാവ്യതയുമായി നാം ബന്ധിപ്പിക്കുന്നു. ഈ രണ്ടു ഘട്ടങ്ങളും തമ്മിലുള്ള തുലനം മൂന്നാം ഘട്ടത്തിലെ അനുമാനത്തിന്റെ അസംഭാവ്യതയും കാണിക്കുന്നു. ഈ രീതിയിൽ സൂര്യനിൽ നിന്നുള്ള ഭൂമിയുടെ വിഛേദനത്തെ നമുക്ക് വരച്ച് കാട്ടാൻ കഴിയുന്നു. ഈ രീതിയിലാണ് പ്രസ്തുത വസ്തുത ശാസ്ത്രജ്ഞന്മാർക്ക് ബോദ്ധ്യപ്പെടുന്നതും.

***

# സ്രഷ്ടാവിന്റെ അസ്തിത്വവും അനുമാനസങ്കേതവും

അനുമാനവാദത്തിന്റെ പൊതുവായ രീതിയും അതിന്റെ അടിസ്ഥാനമായ സംഭാവ്യതകളുടെ കണക്കുകൂട്ടലും പരിശോധിക്കുകയും അവയെ മുൻ അദ്ധ്യായത്തിൽ പറഞ്ഞതരം ഉദാഹരണങ്ങളിലൂടെ വിലയിരുത്തുകയും ചെയ്തുകഴിഞ്ഞ സ്ഥിതിക്ക്, ഇനി നമുക്ക് സ്രഷ്ടാവിന്റെ അസ്തിത്വത്തിന്റെ കാര്യത്തിൽ അതൊന്നു പ്രയോഗിച്ചുനോക്കാം. മുമ്പ് സ്വീകരിച്ച അതേ പടികൾ തന്നെ ഇതിനും സ്വീകരിക്കാം.

1. ഒരുവശത്ത് കുറേ വ്യത്യസ്ത പ്രതിഭാസങ്ങളും മറുവശത്ത് ഒരു ജീവിയെന്ന നിലയിൽ മനുഷ്യന്റെ ആവശ്യങ്ങളും തമ്മിൽ പൊരുത്തവും മനുഷ്യന്റെ ജീവനു ഒരു തുടർച്ചയും ഉള്ളതായി നമുക്ക് കാണാൻ കഴിയുന്നു. അതിന്റെ ഫലമായി, ഏതെങ്കിലും ഒരു പ്രതിഭാസം നിലച്ചാൽ അത്കൊണ്ട് മനുഷ്യ ജീവിതം ഇല്ലാതാവുമെന്നോ ചുരുങ്ങിയത് മരവിക്കുകയെങ്കിലും ചെയ്യുമെന്നോ നാം മനസ്സിലാക്കുന്നു. അതിന്റെ ഏതാനും ഉദാഹരണങ്ങൾ നോക്കാം.

ഭൂമി സൂര്യനിൽ നിന്നു, ജീവജാലങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ജീവന്റെ വികാസം സാധിക്കുന്നതിനും ആവശ്യമായ അളവിൽ ചൂട് സ്വീകരിക്കുന്നു. അതിൽ ഒട്ടും കുറയുന്നില്ല; കൂടുന്നുമില്ല. ഭൂമിക്ക് സൂര്യനിൽ നിന്നുള്ള അകലം ചൂടിന്റെ ഈ അളവ് ഉറപ്പുവരുത്താൻ മാത്രം കൃത്യമാണെന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. അകലം ഇന്നുള്ളതിന്റെ ഇരട്ടിയായിരുന്നെങ്കിൽ ഭൂമിയിൽ ജീവൻ നിലനിർത്താൻ ആ ചൂട് മതിയാകുമായിരുന്നില്ല. മറിച്ച്, അകലം പകുതിയായിരുന്നെങ്കിൽ ജീവന് തുടരാൻ വയ്യാത്തവിധം അസഹ്യമായ ചൂടുണ്ടാകുമായിരുന്നു. ഇനി, ഭൂമിയുടെ മുകൾത്തലവും സമുദ്രങ്ങളും കൂടിച്ചേർന്നാൽ അവയിലെ രാസവസ്തുക്കളിൽ ഒരു വലിയ ശതമാനം ഓക്സിജനാണ്. ഇങ്ങിനെയാണെങ്കിലും,  മറ്റു രാസമൂലകങ്ങളുമായി ചേരാനുള്ള പ്രവണത ഓക്സജന് ഉണ്ടായിട്ടും, അതിന്റെ ഒരുഭാഗം സ്വതന്ത്രമായി നിൽക്കുന്നു; അതുവഴി വായുവിന്റെ രൂപവൽക്കരണത്തിൽ അത് പങ്ക് വഹിക്കുന്നു. ഈ ഭാഗം ജീവനുള്ള ഏറ്റവും പ്രധാനമായ ഉപാധിയാണ് പൂർത്തീകരിക്കുന്നത്- കാരണം മനുഷ്യനും ഇതര ജീവികൾക്കും ശ്വാസത്തിനു ഓക്സിജൻ ആവശ്യമാണ്. ഭൂമിയിലെ മുഴുവൻ ഓക്സിജനും മറ്റു മൂലകങ്ങളുമായി കൂടികലർന്നിരുന്നുവെങ്കിൽ ജീവൻ നിലനിൽക്കുക അസാദ്ധ്യമാകുമായിരുന്നു. മാത്രമല്ല, ലഭ്യമായ ശുദ്ധ ഓക്സിജന്റെ അളവ് മനുഷ്യന്റെ ദൈനന്ദിന ജീവിതത്തിന്റെ ആവശ്യത്തിനും തുല്യമാണെന്നും കണ്ടെത്തിയിരിക്കുന്നു.

വായുവിൽ ഇരുപത്തൊന്നു ശതമാനം ഓക്സിജൻ അടങ്ങിയിരിക്കുന്നു. ഈ അനുപാതം കൂടിയിരുന്നെങ്കിൽ അന്തരീക്ഷത്തിൽ ഇടക്കിടെ തീപ്പിടുത്തത്തിന്റെ ഭീഷണി ഉണ്ടാകുമായിരുന്നു. അനുപാതം കുറഞ്ഞെങ്കിലോ, ജീവൻ നിലനിൽക്കൽ പ്രയാസമോ അസാദ്ധ്യമോ ആവും. ഒപ്പം ആവശ്യമായ ആളവിൽ, ആവശ്യങ്ങൾ പൂർത്തീകരിക്കാൻ മാത്രം തീ ലഭ്യമല്ലാതാവുകയും ചെയ്യും.

ജീവിതത്തിൽ ലക്ഷകണക്കിനു തവണ ആവർത്തിക്കുന്ന മറ്റൊരു പ്രതിഭാസവും നമുക്ക് കാണാൻ കഴിയുന്നു. എല്ലാ സമയവും നിശ്ചിത അളവിൽ ഓക്സിജൻ ലഭ്യമാക്കുന്ന ഒരു പ്രവർത്തനമാണത്. മനുഷ്യരും മൃഗങ്ങളും ശ്വസിക്കുമ്പോൾ അവർ ഓക്സിജൻ വലിച്ചെടുക്കുകയും, രക്തം അത് സ്വീകരിച്ച് ശരീരത്തിൽ മുഴുവൻ വ്യാപിപ്പിക്കുകയും ചെയ്യുന്നു. എന്നിട്ട് ഓക്സിജൻ ശരീരത്തിനുള്ളിൽ ആഹാര ദഹനം നടത്തി കാർബൺഡയോക്സൈഡ് ഉൽപാദിപ്പിക്കുന്നു. ഈ കാർബൺ ഡയോക്സൈഡ് ശ്വാസകോശങ്ങളിലെത്തി പുറത്തേക്കു പോകുന്നു; അങ്ങിനെ ഈ വാതകം അന്തരീക്ഷത്തിൽ എപ്പോഴും ലഭ്യമാവുന്നു. ഇനി ഈ കാർബൺ ഡയോക്സൈഡ് സസ്യജീവിതത്തിന്റെ ഒരുപാധിയാണ്. സസ്യങ്ങൾ അതിൽനിന്നും ഓക്സിജൻ വേർപ്പെടുത്തുന്നു; അതിനെ ശുദ്ധീകരിച്ച അവസ്ഥയിൽ പുറത്തേക്കുവിട്ട് ശ്വസനത്തിനു പാകമാക്കി അന്തരീക്ഷത്തിൽ നിർത്തുന്നു. ഇന്തുക്കളും സസ്യങ്ങളും തമ്മിലുള്ള ആ കൈമാറ്റത്തിലൂടെ ഓക്സിജന്റെ സ്ഥിരമായ ഒരളവ് നിലനിർത്താൻ കഴിയുന്നു; ഈ പ്രക്രിയയില്ലെങ്കിൽ ഓക്സിജൻ ലഭിക്കാതാവുകയും മനുഷ്യജീവിതം അസാദ്ധ്യമാവുകയും ചെയ്തേനെ.

ഇനി,  ഈ പ്രതിഭാസം തന്നെ നൂറായിരം മറ്റു  പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമാണ്. അവയെല്ലാം ഒത്തുചേർന്നിട്ടാണ് ജീവന്റെ ആവശ്യങ്ങൾക്കിണങ്ങും വിധം പ്രസ്തുത പ്രക്രിയ സാദ്ധ്യമാവുന്നത്. ഒരു ഘനം കൂടിയ വാതകമായ നൈട്രജന് താഴോട്ടിറങ്ങാനുള്ള പ്രവണതയുള്ളതായി നമുക്കറിയാം. അത് ഓക്സിജനുമായി കൂടിച്ചേരുമ്പോൾ അൽപം ഘനം കുറഞ്ഞതായി മാറുകയും ഭൂമിയിൽ ഉപയോഗിക്കാൻ പറ്റുന്നതാവുകയും ചെയ്യുന്നു. അന്തരീക്ഷത്തിൽ സ്വതന്ത്രമായി നിൽക്കുന്ന ഓക്സിജന്റെയും നൈട്രജന്റെയും അളവാകട്ടെ ഒന്നു മറ്റൊന്നിനെ ഘനം കുറഞ്ഞതാക്കാൻ തക്ക അനുപാതത്തിലുമാണ്. ഓക്സിജൻ കൂടുതലോ ഹൈട്രജൻ കുറവോ ആയിരുന്നെങ്കിൽ ഇത് സാധിക്കുമായിരുന്നില്ല.

നമുക്ക് നിരീക്ഷിക്കാൻ കഴിയുന്ന മറ്റൊരു വസ്തുതയുണ്ട്. ഭൂമിയിലെ വായുവിന്റെ അളവ് സ്ഥിരമായി നിൽക്കുന്നു-ആകെ പിണ്ഡത്തിന്റെ പത്ത് ലക്ഷത്തിൽ ഒന്നിനു താഴെ. മനുഷ്യ ജീവിതം സാദ്ധ്യമാക്കാൻ കൃത്യമായി ആവശ്യമുള്ള അളവാണിത്. ഇത് കുറവോ കൂടുതലോ ആയിരുന്നെങ്കിൽ, ജീവിതം പ്രയാസമോ അസാദ്ധ്യമോ ആകുമായിരുന്നു. കാരണം വർദ്ധിച്ചാലുണ്ടാകുന്ന മർദ്ദക്കൂടുതൽ മനുഷ്യർക്ക് താങ്ങാൻ പറ്റില്ല. കുറയുകയാണെങ്കിൽ നാം ദിനേന കാണാറുള്ള ഉൽക്കകൾ എല്ലാജൈവ വസ്തുക്കളെയും കത്തിച്ചു ഭൂമിയിലേക്കുതന്നെ തുളച്ചു കയറും.

ഭൂമിയുടെ ഉപരിഭാഗം കാർബൺ ഡയോക്സൈഡ് ഓക്സിജനും വലിച്ചെടുക്കുന്നു. അതിന്റെ ഘടന പ്രസ്തുത വാതകങ്ങളെ പൂർണ്ണമായും ആഗിരണം ചെയ്യാൻ കഴിയാത്ത രീതിയിലാണ്. അതിനു കനം കൂടുതലായിരുന്നെങ്കിൽ, അവയെ മുഴുവൻ വലിച്ചെടുക്കുകയും സസ്യജീവജാലങ്ങളും മനുഷ്യരും നശിച്ചുപോകുകയും ചെയ്യുമായിരുന്നു. ഇതേപോലെ, ചന്ദ്രനും ഭൂമിയും തമ്മിലുള്ള അകലവും ഭൂമിയിൽ മനുഷ്യജീവിതം സാദ്ധ്യമാക്കുന്ന അളവിൽ ആണെന്നു കാണാം. ഈ അകലം കുറഞ്ഞാൽ, ചന്ദ്രൻ സൃഷ്ടിക്കുന്ന വേലി കാരണം പർവ്വതങ്ങൾക്കുപോലും സ്ഥാനചലനം ഉണ്ടായേക്കും.

ജീവജാലങ്ങളിൽ പല ജൻമവാസനകളും നമുക്ക് നിരീക്ഷിക്കാൻ കഴിയുന്നു. ജന്മവാസന എന്നത് വളരെ നേരിട്ടുള്ള ഇന്ദ്രിയാനുഭവംകൊണ്ടു നിരീക്ഷിക്കാൻ കഴിയാത്ത അമൂർത്തമായ ഒരാശയമാണെങ്കിലും, ജൻമവാസനകൾ പ്രകടിപ്പിക്കുന്ന ചേഷ്ടകൾ അമൂർത്തങ്ങളല്ല. മറിച്ച്, അവ ശാസ്ത്രീയ നിരീക്ഷണത്തിനു തികച്ചും വിധേയമാവുന്ന പ്രതിഭാസങ്ങളാണ്. നാം ദൈനന്ദിന ജീവിത്തിലും ശാസ്ത്രീയാന്വേഷണത്തിലും കണ്ടുകൊണ്ടിരിക്കുന്ന സഹസ്രഗണം ജൻമവാസനകളിൽ നിന്നുണ്ടാവുന്ന നൈസർഗ്ഗിക ചേഷ്ടകൾ ജീവന്റെ വളർച്ചയും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനു പാകത്തിലുള്ളതാണ്. അത്തരം നൈസർഗ്ഗിക ചേഷ്ടകൾ പലപ്പോഴും സങ്കീർണ്ണമായ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ ഉയർന്ന തലത്തിലുള്ളവയുമാകുന്നു. ഈ ചേഷ്ടകളെ നാം ഘടകങ്ങളായി വിഛേദിച്ചു നോക്കുകയാണെങ്കിൽ, ഓരോ ഘടകവും ജീവന്റെ വളർച്ചക്കും സംരക്ഷണത്തിനും അനുയോജ്യമാണെന്നു കാണാൻ കഴിയും.

മനുഷ്യന്റെ ശരീരഘടന ലക്ഷക്കണക്കിനു ശാരിരിക പ്രതിഭാസങ്ങൾ വെളിവാക്കുന്നതാണ്. എന്നാൽ ഇതിൽ ഓരോ പ്രതിഭാസവും അതിന്റെ ശരീരശാസ്ത്രപരമായ പങ്കിലും ഘടനയിലും, മറ്റെല്ലാ പ്രതിഭാസങ്ങളുമായി അടുത്തു ബന്ധപ്പെട്ടതും ജീവന്റെ രക്ഷയും വളർച്ചയും സാധിക്കാൻ കെല്പുള്ളതുമാണ്. ഉദാഹരണമായി കാഴ്ചശക്തി ലഭ്യമാക്കാൻ ഒന്നിച്ചു പ്രവർത്തിക്കുന്ന പ്രതിഭാസങ്ങൾ നോക്കാം. കണ്ണിലുള്ള ലെൻസ് ബിംബങ്ങളെ വക്രീഭവിപ്പിച്ച് ഒമ്പത് പാളികളുള്ള തൃതീയ പടലത്തിൽ പതിപ്പിക്കുന്നു. ഇതിൽ അവസാനത്തെ പാളി പ്രകാശ സംവേദിയായ ലക്ഷക്കണക്കിനു തൃതീയ പടലാംശകളും സൂചികളും അടങ്ങിയതാണ്. അവ സംവിധാനിക്കപ്പെട്ടിരിക്കുന്നത് ദർശനം സാദ്ധ്യമാക്കുന്ന രീതിയിലാണ്. പക്ഷേ ഇതിൽ അസാധാരണമായ ഒന്നുണ്ട്; കിട്ടുന്ന ബിംബം കീഴ്മേൽ മറിഞ്ഞതാണ്. ഇത് ഒരു ചെറിയ ക്രമക്കേട് മാത്രമാണ്; കാരണം ഈ ഘട്ടത്തിലും ദൃശ്യം രംഗത്തെത്തുന്നില്ല. പകരം, കണ്ണിൽനിന്നും ബിംബത്തെ തലച്ചോറിലെത്തിക്കുന്ന അനേകായിരം ഞരമ്പുകൾ ബിംബത്തെ നേരെയാക്കുന്നു. അപ്പോൾ മാത്രമാണ് കാണുക എന്ന പ്രക്രിയ പൂർത്തിയാവുന്നത്. അവിടെയാണ് ജീവന്റെ വളർച്ചയിലെ പ്രധാന പങ്ക് നിർവ്വഹിക്കപ്പെടുന്നതും.

പ്രകൃതി പ്രതിഭാസങ്ങളായ സൗന്ദര്യം, പരിമളം എന്നിവ പോലും പരിസ്ഥിതിയിൽ നിലനിൽക്കുന്നത് ജീവൻ വളർത്തുന്ന രീതിയിലാണെന്നു കാണാം. ഷഡ്പദങ്ങൾ പരാഗണം നടത്തുന്ന പൂക്കൾ അത്യാകർഷണങ്ങളാകുന്നു; അവ തെളിഞ്ഞ, ഭംഗിയാർന്ന നിറങ്ങളും ഭ്രമിപ്പിക്കുന്ന സൗരഭ്യവും കൊണ്ട് ഷഡ്പദങ്ങളെ ആകർഷിക്കുകയും പരാഗണപ്രക്രിയ സുഗമമാക്കുകയും ചെയ്യുന്നു. മറുവശത്ത് വായുവിൽ പരാഗണം നടക്കുന്ന പൂക്കൾക്ക് ഈ മേൻമകളില്ല. മനുഷ്യരിലും ജന്തുക്കളിലും സസ്യങ്ങളിലുമുള്ള ലൈംഗിക ഇണകളും ഇരട്ടകളും അവയുടെ പൊതു ഘടനകൊണ്ടും ജീവന്റെ നൈരന്തര്യം ഉറപ്പുവരുത്തുന്ന ലൈംഗിക ബന്ധങ്ങൾകൊണ്ടും, ജീവൻ വളർത്തുന്ന പ്രവർത്തനെത്തിൽ പ്രകൃതിക്കിണങ്ങുന്നതായി കാണാം.

''ദൈവത്തിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ കണക്കുകൂട്ടുകയാണെങ്കിൽ, അവയെ എണ്ണിനോക്കാൻ നിങ്ങൾക്കു കഴിയില്ല; നിശ്ചയമായും ദൈവം പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമാണ്.''- ഖുർആൻ 16:18.

2. ഭൂമിയിൽ ജീവന്റെ ഘടകങ്ങൾ പ്രദാനം ചെയ്യാനും അവയെ നേരിട്ട് നിയന്ത്രിക്കാനും ഉദ്ദേശിക്കുന്ന ഒരു പ്രപഞ്ച സ്രഷ്ടാവിന്റെ അസ്തിത്വത്തെക്കുറിച്ച സാങ്കൽപിക സിദ്ധാന്തത്തിനു, ഒരു വശത്തു പ്രകൃതി പ്രതിഭാസങ്ങളും, മറുവശത്ത് ജിവന്നു രക്ഷയും വളർച്ചയും ഉറപ്പുനൽകുന്ന പ്രക്രിയകളും തമ്മിലുള്ള പൊരുത്തത്തിനു വിശദീകരണമായി നിൽക്കാൻ കഴിയും. ഈ സിദ്ധാന്തം പ്രസ്തുത പൊരുത്തത്തിന്റെ ഉദാഹരണങ്ങൾ വിഭാവന ചെയ്യുന്നു.

3. മൂന്നാം ഘട്ടത്തിൽ നാം ഒരു ചോദ്യം ചോദിക്കുന്നു: വിവേകശാലിയായ ഒരു സ്രഷ്ടാവിന്റെ സങ്കൽപം തെളിയിക്കാൻ പറ്റില്ലെങ്കിൽ, ഈ ക്രമത്തിനു പിന്നിൽ ഒരുദ്ദേശമില്ലാതെ ജീവനും പ്രസ്തുത പ്രകൃതി പ്രതിഭാസങ്ങളും തമ്മിലുള്ള ഈ ആനുരൂപ്യത്തിന്റെ സംഭാവ്യത എന്തായിരിക്കും? ഈ വിധം ചിന്തിച്ചാൽ, അനവധി പ്രതിഭാസസംഗമങ്ങൾ ഉണ്ടെന്നു സങ്കല്പിക്കേണ്ടിവരും.

മുൻ ഉദാഹരണത്തിൽ കണ്ടത്പോലെ, നിങ്ങൾക്കു കിട്ടിയ കത്ത് സഹോദരനിൽനിന്നല്ല മറിച്ച് എല്ലാ കാര്യങ്ങളിലും അയാളോട് സാദൃശ്യമുള്ള മറ്റൊരാളിൽ നിന്ന് ആവുന്നതിന്റെ സംഭാവ്യത വളരെ വിദൂരമാണെങ്കിൽ, നാം ജീവിക്കുന്ന ഈ ഭൂമി ഹേതുരഹിതമായതും അനേകം ഗുണങ്ങ ളിൽ സ്രഷ്ടാവിനോട് സാദൃശ്യം പുലർത്തുന്നതുമായ പദാർത്ഥത്തിന്റെ സൃഷ്ടിയാവൽ എന്തു മാത്രം സംഭാവ്യമാണ്?

4. ഈ ഘട്ടത്തിൽ നാം, ഒരു സ്രഷ്ടാവിനെ വിഭാവനചെയ്യുന്ന രണ്ടാം ഘട്ടത്തിലെ സിദ്ധാന്തം സാധുവാണെന്ന തീർപ്പിലെത്തുന്നു.

5. അഞ്ചാമത്തെ പടിയിൽ, നാം ഈ സാദ്ധ്യതയെ മൂന്നാം ഘട്ടത്തിൽ പറഞ്ഞ നേരിയ സംഭാവ്യ തയുമായി തുലനം ചെയ്യുന്നു. ആവശ്യമായ സംഭവസംഗമങ്ങൾ എണ്ണത്തിൽ കൂടുമ്പോൾ സംഭാ വ്യത കുറയുന്നത് കൊണ്ട്, ഈ സംഭാവ്യതയുടെ അളവ്, മൂന്നാംഘട്ടത്തിലെ ശാസ്ത്രീയ നിയമ ത്തിന്റെ ഉയർന്ന സംഭാവ്യതയുമായി ഒരിക്കലും താരതമ്യപ്പെടുത്താൻ വയ്യാത്ത വിധം ചെരുതാവു ന്നു. മറുവശത്തെ സാദ്ധ്യതകളെക്കാൾ സങ്കൽപിക്കപ്പെടേണ്ട ഒത്തു ചേരലുകൾ കൂടുതലായ്കൊ ണ്ടാണിങ്ങിനെ. അതിനാൽ ഇപ്പറഞ്ഞ തരം സംഭാവ്യതകളെല്ലാം ഇല്ലാതാകുന്നതാണ്. അങ്ങിനെ നാം അനിഷേധ്യമായ ഒരു നിഗമനത്തിൽ എത്തുന്നു: പ്രപഞ്ചത്തിനു ഒരു സ്രഷ്ടാവുണ്ട്; അവന്റെ ശക്തിയുടെയും യുക്തിയുടെയും അനവധി നിദർശനങ്ങൾ അത് വെളിവാക്കുന്നു.

''നാം ഉടനെ അവർക്ക് വിദൂരസ്ഥലങ്ങളിലും നമ്മുടെ അടയാളങ്ങൾ കാണിച്ചുകൊടുക്കും, അവ രുടെ ആത്മാക്കളിൽതന്നെയും- അത് സത്യമാണെന്നു അവർക്ക് ബോദ്ധ്യമാവുന്നത് വരെ. നിങ്ങ ളുടെ നാഥൻ എല്ലാം കാണുന്നുവെന്നത് തന്നെ പോരെ?''-ഖുർആൻ 41:53.

''നിശ്ചയമായും, ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകളുടെ മാറ്റത്തിലും കടലിൽ മനു ഷ്യർക്കുപകരിക്കുന്ന ചരക്കുമായി സഞ്ചരിക്കുന്ന കപ്പലിലും ഭൂമിയെ മരണത്തിൽനിന്നും വീണ്ടും സജീവമാക്കാൻ അല്ലാഹു ആകാശത്ത് നിന്നയക്കുന്ന വെള്ളത്തിലും ഭൂമിയിൽ പരന്നുകിടക്കുന്ന ജന്തുക്കളിലും കാറ്റിന്റെ ഗതിമാറ്റത്തിലും ആകാശത്തിനും ഭൂമിക്കുമിടയിൽ നിർത്തപ്പെടുന്ന മേഘ ങ്ങളിലും ബുദ്ധിമാൻമാർക്ക് ദൃഷ്ടാന്തങ്ങളുണ്ട്.'' ഖുർആൻ 2:164.

''നിങ്ങളുടെ ദൃഷ്ടിയെ വീണ്ടുംതിരിക്കുക: അതിൽ വല്ല പിഴവും നിങ്ങൾ കാണുന്നുണ്ടോ? നിങ്ങളുടെ ദൃഷ്ടിയെ വീണ്ടും വീണ്ടും തിരിക്കുക. അവ മ്ളാനമായും നിരാശയോടെയും നിങ്ങളി ലേക്ക് തന്നെ തിരിച്ചുവരും.''- ഖുർആൻ 67:3-4.

***

# ദാർശനികവാദം

ദൈവാസ്തിക്യത്തിന്റെ ദാർശനികമായ ഒരു വിശദീകരണത്തിന്നൊരുങ്ങുന്നതിനുമുമ്പ്, ആ വാദ ത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും അതും ശാസ്ത്രീയ വിശദീകരണവും തമ്മിലുള്ള വ്യത്യാസ ത്തെക്കുറിച്ചും ഒരുവാക്ക് പറയണം. വാദം തന്നെ മൂന്നു വിഭാഗങ്ങളിലായി പരിഗണിക്കാവുന്ന താണ്: ഗണിതശാസ്ത്രപരം, ശാസ്ത്രീയം, ദാർശനികം എന്നിങ്ങനെ. ഗണിതശാസ്ത്രങ്ങളിലും വ്യവസ്ഥാപിത തർക്കശാസ്ത്രത്തിലും ഒന്നാമത്തെ വാദം ഉപയോഗിക്കുന്നു. ഈ വാദം നില നിൽക്കുന്നത് ഒരു മൗലിക തത്വത്തിലധിഷ്ഠിതമായാണ്- അതായത് അനിഷേധ്യതയുടെ തത്വം; ഇത നുസരിച്ച് 'എ' എന്നാൽ എന്നും എ ആണ്; മാറില്ല. ഈ തത്വത്തിൽ മാത്രം അധിഷ്ഠിതമായ വാദവും അതിന്റെ പ്രതിഫലനങ്ങളും നാം ഗണിതശാസ്ത്രപരമായ വാദത്തിൽ ഉൾപ്പെടുത്തുന്നു. ഇതിന്റെ സാധുത സർവ്വാംഗീകൃതവുമാണ്.

രണ്ടാമത്തെതായ ശാസ്ത്രീയവാദത്തിന്റെ പ്രയോഗം സാധാരണയായി പ്രകൃതിശാസ്ത്രങ്ങ ളുടെ മേഖലയിലാണ്. അത് അധിഷ്ഠിതമായിരിക്കുന്നത് ഇന്ദ്രിയ സംവേദനത്തിലൂടെയോ ശാസ്ത്രീ യാനുമാനത്തിലൂടെയോ തെളിയിക്കപ്പെടാവുന്ന വസ്തുകളിലാണ്; ഇതിനുപുറമെ ഗണിതശാസ്ത്ര പരമായ തെളിവുകളെയും ഈ വാദം അവലംബിക്കും.

ദാർശനികവാദം ആശ്രയിക്കുന്നത് ബാഹ്യലോകത്തെ വസ്തുനിഷ്ഠയാഥാർത്ഥ്യത്തെയും, അനുഭവാധിഷ്ഠിതപരിശോധനയോ ഇന്ദ്രിയാനുഭവമോ ആവശ്യമില്ലാത്ത മസ്തിഷ്ക്കത്തിന്റെ അറിവിനെയും ആണ്. പക്ഷേ, ഇതിൽ ഗണിതശാസ്ത്രതെളിവിനെയും ഒരു മുൻ സങ്കൽപനമുണ്ട്. എന്നാൽ ഇതിന്നർത്ഥം, ഇന്ദ്രിയസംവേദനത്തിലൂടെയോ അനുമാനസങ്കേതത്തിലൂടെയോ നേടിയ അറിവിനെ അത് അവലംബിക്കുന്നില്ല എന്നല്ല. പക്ഷേ, അതിനെമാത്രം മതിയായ തെളിവായി ദാർശനികരീതി അംഗീകരിക്കുന്നില്ല. അതിനാൽ സ്ഥാപിക്കപ്പെട്ടകാര്യം തെളിയിക്കാനുള്ള രീതിയുടെ പരിധിയിൽ നിന്നുകൊണ്ടുള്ള ധൈഷണിക വിവരത്തെ അത് അവലംബിക്കുന്നു.

അങ്ങിനെ, ഗണിതശാസ്ത്രവിശകലനത്തിന്റെ പരിധിക്കപ്പുറത്തുള്ള മസ്തിഷക്കപരമായ ആശയം കൈകാര്യം ചെയ്യുന്ന രീതിയിൽ, ദാർശനികവാദം ശാസ്ത്രീയവാദവുമായി ഭിന്നിക്കുന്നു. ഇത്വരെ പറഞ്ഞ ദാർശനികവാദത്തിന്റെ ചർച്ചയുടെ അടിസ്ഥാനത്തിൽ നമുക്ക് ഈ ചോദ്യം അഭിമുഖീകരിക്കണം: ഐന്ദ്രിയസംവേദനവും പരീക്ഷണവും ശാസ്ത്രീയ അനുമാനവും കൂടാതെ മനസ്സിൽ അന്തർജ്ഞാനമുണ്ടാകുന്ന ആശയങ്ങളെയും പ്രജ്ഞാപരമായ ആശയങ്ങളെയും മാത്രം ആശ്രയിക്കുക സാദ്ധ്യമാണോ? അതെ എന്നാവും ഉത്തരം. ഗ്രഹിക്കുന്നതിൽ നമ്മെ സഹായിക്കുന്ന വിവരങ്ങളാണവ. അവയുടെ സാധുത എല്ലാവരും അംഗീകരിച്ചതാണ്– ഉദാ: എല്ലാശുദ്ധ ഗണിതശാസ്ത്രങ്ങളുടെയും അടിസ്ഥാനമായ അനിഷേദ്ധ്യതയുടെ തത്വം. ഈ തത്വം നാം സാധുവാക്കുന്നത് ബുദ്ധിപരമായ യുക്തിപ്രയോഗം കൊണ്ടാണ്; അനുമാനസങ്കേതത്തിന്റെ വരുതിയിൽ വരുന്ന പരീക്ഷണങ്ങളുടെയോ പിന്തുണക്കുന്ന തെളിവുകളുടെയോ അടിസ്ഥാനത്തിലല്ല. അതിന്റെ തെളിവാകട്ടെ അവയുമായി വിയോജിക്കുന്ന പരിശോധനകളുടെയും പരീക്ഷണങ്ങളുടെയും എണ്ണം, അവയിൽ നമുക്കുള്ള വിശ്വാസത്തെ ബാധിക്കുന്നില്ല എന്നത് തന്നെ. ഒരു മൂർത്തമായ ഉദാഹരണമെടുക്കാം: രണ്ടും രണ്ടും കൂടിയാൽ നാലാണ്. ലളിതമായ ഈ ഗണിതശാസ്ത്ര സമവാക്യത്തിൽ നമുക്കുള്ള വിശ്വാസം കൂടുതൽ പരിശോധന ആവശ്യമില്ലാത്ത വിധംശക്തമാണ്. മറിച്ചുള്ള ഒരു വാദത്തിന്നു തെളിവ് കേൾക്കാൻപോലും നാം തയ്യാറാവില്ല. രണ്ടും രണ്ടും മൂന്നാണെന്നോ അഞ്ചാണെന്നോ ഒരു പ്രത്യേകവാദം ഉന്നയിക്കുന്ന ആളെ നാം ഗൗനിക്കുകയുമില്ല. ഇതിന്റെയർത്ഥം, ഈ സത്യത്തിലുള്ള നമ്മുടെ വിശ്വാസത്തിന് പരീക്ഷണവുമായോ ഇന്ദ്രിയാനുഭവവുമായോ ഒരു ബന്ധവുമില്ലെന്നാണ്; ഉണ്ടെങ്കിൽ അവ നമ്മെ അനുകൂലമായോ പ്രതികൂലമായോ ബാധിച്ചേനെ.

ഇന്ദ്രിയാനുഭവത്തിൽനിന്നും പരീക്ഷണത്തിൽ നിന്നും സ്വതന്ത്രമാണെങ്കിലും ഈ തത്വത്തിന്റെ സത്യം നാം അഗീകരിക്കുകയാണെങ്കിൽ, അത്രതന്നെ സ്വാഭാവികമാണ്, ദാർശനികവാദത്തിന്റെ അടിത്തറയായ ധൈഷണികമായ അറിവിന്റെ സാധുത അംഗീരിക്കുക എന്നത്. മറ്റുവിധം പറഞ്ഞാൽ, അനുഭവത്തെയോ അനുമാനത്തെയോ അവലംഭിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിലാണെന്ന കാരണത്താൽ ദാർശനികവാദത്തെ നിരാകരിക്കുന്നപക്ഷം അതിനർത്ഥം ഗണിതശാസ്ത്രവാദത്തെയും നിരാകരിക്കുന്നു എന്നാണ്; കാരണം പരീക്ഷണത്തെയോ അനുമാനസിദ്ധാന്തത്തെയോ ആശ്രയിക്കാതെ നാം കൈക്കൊള്ളുന്ന അനിഷേദ്ധ്യതയുടെ തത്വമാണ് അതിന്നടിസ്ഥാനം.

***

# ദൈവാസ്തക്യത്തിനുള്ള ദാർശനികവാദത്തിന്റെ ഒരുദാഹരണം

മൂന്നുതത്വങ്ങളെ ആശ്രയിച്ചാണ് ഈവാദം. ഒന്നാമത്തെത്, ഓരോകാര്യത്തിനും അതിന്റെ നിലനിൽപിന്നാധാരമായ ഒരു കാരണമുണ്ടെന്ന തത്വമാണ്. മനുഷ്യൻ സഹജമായി കണ്ടെത്തുന്നതും ശാസ്ത്രീയ അനുമാനം ദൃഢമാക്കുന്നതുമാണീസത്യം രണ്ടാമത്തെ തത്വം ഇതാണ്: സാധ്യത, പൂർണത, വലിപ്പം എന്നിവയിലെ അളവ് വ്യത്യസ്തമായിരിക്കുമ്പോൾ, സാധ്യതയോ വലിപ്പമോ പൂർണ്ണതയോ കുറഞ്ഞവയ്ക്കു ഈ ഗുണങ്ങൾ കൂടുതലുള്ള കാര്യങ്ങളുടെ കാരണമാവാൻ വയ്യ. താപനില, അറിവ്, വെളിച്ചം എന്നിവ കൂടുതലോ കുറവോ തീക്ഷ്ണവും പൂർണ്ണവും ആവാൻ സാദ്ധ്യതയുള്ളതാണ്. കുറഞ്ഞ താപനിലയിൽ നിന്നു അതിനേക്കാൾ വലിയ താപനില ഉണ്ടാവാൻ ഇടയില്ല. ഇംഗ്ലീഷ് ഭാഷയിൽ അല്പം മാത്രം അറിവുള്ള ഒരാളിൽ നിന്ന് ആ ഭാഷയിൽ പ്രാവീണ്യം നേടൽ അസാദ്ധ്യമാണ്. മങ്ങിയ ഒരു വെളിച്ചത്തിന് അതിനെക്കാൾ വലിയ ഒന്നിന്റെ നിമിത്തമാവാൻ വയ്യ. ഇതിന്നുകാരണം ഓരോ ഉയർന്ന ദശയ്ക്കും അതിന്റെ കീഴെ ഉള്ളതിനെക്കാൾ അളവിലും ഗുണത്തിലും ഉള്ള വർദ്ധനയാണ്. ആ വർദ്ധനയെന്ന വ്യത്യാസമില്ലാത്ത ഒന്നിന്നു അത് നൽകാൻ കഴിയില്ല. നിങ്ങളുടെ മൂലധനത്തിൽനിന്നും ഒരു പദ്ധതിക്ക് സഹായധനം നൽകുമ്പോൾ, നിങ്ങളുടെ കൈവശമുള്ളതിനെക്കാൾ വലിയ തുക ആ പദ്ധതിയിൽ നിക്ഷേപിക്കാൻ കഴിയില്ലല്ലോ.

മൂന്നാമത്തെ തത്വം, പദാർത്ഥം അതിന്റെ നിരന്തരമായ പരിണാമത്തിന്നിടയിൽ വിവിധ അളവിലും സാന്ദ്രതയിലും മാറ്റങ്ങൾ കൈകൊള്ളുന്നു എന്നതാണ്. അത്കൊണ്ട് ജീവനില്ലാത്തതും സജീവ ഘടകമല്ലാത്തതുമായ ഒരു ചെറിയ അംശംപോലും പദാർത്ഥത്തിന്റെ അസ്തിത്വത്തിലെ ഒരു ഭാഗമാകുന്നു. ജന്തു-സസ്യങ്ങളിലെ മുഖ്യഘടകമായ പ്രോട്ടോപ്ലാസം പദാർത്ഥത്തിന്റെ ഉന്നത തലങ്ങളിലുള്ള ഒരു അവസ്ഥയാണ്. അതി സൂക്ഷ്മമായ ഏകകോശജീവി അമീബ പദാർത്ഥത്തിന്റെ പരിണാമത്തിൽ അതേക്കാൾ ഉയർന്ന ഒരു പടിയാണ്. ജീവിക്കുകയും ചിന്തിക്കുകയും വികാരം കൊണ്ട് സംവദിക്കുകയും ചെയ്യുന്ന മനുഷ്യനെ, പ്രപഞ്ചത്തിലെ അസ്തിത്വത്തിന്റെ ഏറ്റവും ഉയർന്ന രൂപമായി കരുതേണ്ടതാണ്.

ഉൺമയുടെ ഈ വ്യത്യസ്ത രൂപങ്ങൾ ഒരു ചോദ്യം ഉയർത്തുന്നു: അവക്കിടയിലെ ഈ വ്യത്യാസം അവയിലെ ഘടകങ്ങളുടെയും തൻമാത്രകളുടെയും എണ്ണത്തെയും അവയ്ക്കിടയിലുള്ള യാന്ത്രിയ ബന്ധത്തെയും ചൂഴ്ന്നു നിൽക്കുന്ന സംഖ്യാപരമായ വ്യത്യാസം മാത്രമാണോ? അതോ, ഉൺമയുടെ തലങ്ങളിലും പരിണാമഘട്ടങ്ങളിലും പൂർണ്ണതയിലും വൈവിധ്യം പ്രകടിപ്പിക്കുന്ന ഗുണപരവും സംഖ്യാപരവും ആയ വ്യത്യാസമാണോ? അഥവാ, മനുഷ്യനും അവൻ ഏതു വസ്തുവിൽനിന്നുണ്ടായോ ആ വസ്തുവായ മണ്ണും തമ്മിലുള്ള അന്തരം വെറും ഗണപരമാണോ അതോ, മങ്ങിയതും തിളങ്ങുന്നതുമായ രണ്ടു പ്രകാശ സ്രോതസ്സുകൾ തമ്മിലുള്ള വ്യത്യാസംപോലെ, ഉൺമയുടെ രണ്ടു തലങ്ങൾ തമ്മിലും, പരിണാമ ഘട്ടവും പൂർണ്ണതയും തമ്മിലും ഉള്ള വ്യത്യാസമാണോ? മനുഷ്യൻ ഈ ചോദ്യം സ്വയം ചോദിക്കാൻ തുടങ്ങിയത് മുതൽ നൈർഗ്ഗികമായ അവബോധത്തിന്റെ സഹായത്തോടെ അവൻ വിശ്വസിച്ചു വരുന്നത് ഈ രൂപങ്ങൾ ഉൺമയുടെ വ്യത്യസ്ത തലങ്ങളും ജീവിതത്തിൽ നേടിയ പൂർണ്ണതയുടെ വ്യത്യസ്ത ഘട്ടങ്ങളും ആണെന്നാണ്. അതനുസരിച്ച്, പദാർത്ഥത്തിന്റെ ഉൺമയുടെ സർവ്വോന്നതമായ ആവിഷ്ക്കാരം മനുഷ്യനാണ്. കൂടാതെ, ഈ തലംതന്നെ പരിണാമത്തിന്റെ അന്ത്യമല്ല. മറിച്ച്, ജീവിതത്തിന് പുതിയതും കൂടുതൽ ഉയർന്നതുമായ രൂപങ്ങൾ കൈവരുന്നതനുസരിച്ച്, അത് ഉൺമയുടെ കൂടുതൽ ഉയർന്ന തലങ്ങൾ കാണിച്ചുതരുന്നു. അങ്ങിനെ, ജീവിക്കുകയും ചിന്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന ഒരു ജീവിയുടെ ആയുസ്സ് സസ്യങ്ങളുടെ ജീവിതത്തെക്കാൾ പൂർണ്ണവും ഉയർന്നതുമായ ഒരു തലമാകുന്നു.

പക്ഷേ, ഒരു നൂറ്റാണ്ടിലേറെയായി ഭൗതികതത്വശാസ്ത്രം ഈ ആശയം തള്ളുകയും പകരം പ്രപഞ്ചത്തെക്കുറിച്ച ഒരു യാന്ത്രിക വീക്ഷണം സ്വീകരിക്കുകയും ചെയ്തിരിക്കയാണ്. ഇതനുസരിച്ച്, ഭൗതികലോകം, സൂക്ഷ്മമായ താന്മാത്രകൾ ചേർന്നുണ്ടായതാണ്; അവ പൊതുവായ നിയമങ്ങൾക്കനുസൃതമായി. ആകർഷണവികർഷണം നടത്തുന്ന ഇലക്ട്രോമാഗ്നറ്റിക് ശക്തികളാൽ ചലിപ്പിക്കപ്പെ

ടുന്നു. അതായത്, ഈ ചാലക ശക്തിയുടെ പ്രവർത്തനം, താന്മാത്രകളുടെ പരസ്പരബന്ധിത ചലനത്തെ സ്വാധീനിക്കുന്നതിൽ പരിമിതമാണ്. ഈ ആകർഷണവും വികർഷണവും വഴി, താന്മാത്രകൾ സംയോജിക്കുകയും വിഘടിക്കുകയും ചെയ്ത് വിവിധ ഭൗതിക വസ്തുക്കൾ ഉണ്ടാവുന്നു. ഈയടിസ്ഥാനത്തിൽ, യാന്ത്രിക ഭൗതികവാദം, പരിണാമത്തെ അന്തരീക്ഷത്തിലെ ഒരു ചലന പഥത്തിൽ നിന്നു മറ്റൊന്നിലേക്കുള്ള പദാർത്ഥഘടകങ്ങളുടെ ചലനമാക്കി പരിമിതപ്പെടുത്തി. അത്, പദാർത്ഥങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ ഭൗതികാംശങ്ങളുടെ പരസ്പര സംയോജനം, വിഘടനം, വിതരണം എന്നീ ആശയങ്ങൾകൊണ്ടു വിശദീകരിച്ചു; ആ പ്രക്രിയക്കിടയിൽ ഒരു മൗലികാംശം അതിലേക്കു കടന്നു വരാത്ത നിലക്കാണ് ഈ വിശദീകരണം. ഈ വീക്ഷണമനുസരിച്ച് പദാർത്ഥം പരിണാനത്തിലൂടെ വളരുകയോ ഉണ്മയിൽ ഉയർന്ന വിതാനത്തിലെത്തുകയോ ചെയ്യുന്നില്ല; അത് സംയോജിക്കുകയും ഒരു ധാന്യമാവിന്റെ കഷ്ണംപോലെ വിവിധ രീതികളിൽ വിഘടിക്കുകയും ചെയ്യുന്നു; മാവിനെ നമുക്ക് വിവിധ രൂപങ്ങളിൽ മാറ്റാം; പക്ഷേ സത്തയിൽ മാറ്റമില്ലാതെ അത് കയ്യിൽ മാവായിത്തന്നെ തുടരും.

ഈ സാങ്കല്പിക സിദ്ധാന്തം യാന്ത്രികതാശാസ്ത്രത്താൽ പ്രചോദിതമായതാണ്. അന്വേഷണ രീതികൾ സ്വതന്ത്രമായി വികസിപ്പിക്കാൻ സാധിച്ച ആദ്യത്തെ ശാസ്ത്രശാഖയാണ് യാന്ത്രികതാശാസ്ത്രം. ഈ ശാസ്ത്രം കണ്ടെത്തിയ യാന്ത്രിക ചലനങ്ങളുടെ നിയമങ്ങളും സാധാരണ വസ്തുക്കളുടെ സാധാരണ ചലനങ്ങളെക്കുറിച്ചു നൽകിയ വിശദീകരണങ്ങളും ഈ സാങ്കൽപിക സിദ്ധാന്തത്തിന്റെ വികാസത്തെ പ്രോൽസാഹിപ്പിച്ചു; അത് താരചലനങ്ങളേയും കണക്കിലെടുത്തിരുന്നു. വിജ്ഞാനത്തിന്റെ നിരന്തര വളർച്ചയും പല വിജ്ഞാന മേഘലകളിലും സ്വീകരിക്കപ്പെട്ട ശാസ്ത്രീയ സങ്കേതങ്ങളും, ഈ സാങ്കൽപിക സിദ്ധാന്തത്തിന്റെ അസാധുതയും എല്ലാ ചലനങ്ങളെയും യാന്ത്രികമായി വിശദീകരിക്കുന്നതിൽ അതിന്റെ അസമർത്ഥതയും വെളിവാക്കി. വസ്തുക്കളുടെയും വസ്തുഘടകങ്ങളുടെയും യാന്ത്രിക ചലനത്തിൽ മുഴുവൻ ഭൗതിക പദാർത്ഥങ്ങളെയും പ്രതിപാദിക്കുന്നതിന്റെ പരിമിതിയും അതിലൂടെ വ്യക്തമായി. അങ്ങിനെ, ശാസ്ത്രം, മനുഷ്യൻ നൈസർഗ്ഗികാവസ്ഥയിൽ കണ്ടെത്തിയ വസ്തുത ദൃഢീകരിച്ചു: അതായത്, പദാർത്ഥങ്ങളിലെ വൈവിധ്യം ഭൗതികരൂപങ്ങൾ ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു ചലിക്കുന്നത് കൊണ്ടുമാത്രം ഉണ്ടാവുന്നതല്ല. മറിച്ച്, അത് അളവിലും ഗുണത്തിലുമുള്ള കുറേ പരിണാമ പ്രക്രിയയിൽ നിന്നുണ്ടാവുന്നതാണ്. ശാസ്ത്രീയ പരീക്ഷണങ്ങളിൽ കൂടി തെളിഞ്ഞ മറ്റൊരു വസ്തുത, താന്മാത്രകളുടെ സംഖ്യകൾ ചേർന്ന ഘടനക്ക് ജീവനും, വികാരവും ചിന്തയും ജനിപ്പിക്കുക സാദ്ധ്യമല്ല എന്നാണ്. യാന്ത്രിക ഭൗതികവാദം മുന്നോട്ടു വയ്ക്കുന്ന സങ്കൽപങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമായ അനുമാനങ്ങളിലേക്കാണ് ഇത് നമ്മെ നയിക്കുന്നത്. കാരണം ജീവനും ചിന്തയും വികാരവും. പദാർത്ഥത്തിന്റെ വളർച്ചാപ്രക്രിയയിലെ ഘടകങ്ങളാണെന്നും അതിന്റെ അസ്തിത്വത്തിലെ തലങ്ങളിൽ ഉള്ള പരിണാമങ്ങളാണെന്നും നാം കാണുന്നുണ്ട്. ഈ പരിണാമത്തിലെ ആകെത്തുക ഭൗതികമായാലും അല്ലെങ്കിലും, ഇത് തന്നെയാണവസ്ഥ.

നാം ചർച്ചചെയ്ത മൂന്നു കാര്യങ്ങൾ ഒന്നാവർത്തിക്കട്ടെ:

1) ഓരോ ഫലത്തിനും ഓരോ കാരണമുണ്ട്.

2) ഉൺമയുടെ തലങ്ങളുടെ കാര്യത്തിൽ താഴെയുള്ള ഒന്നിനു അതിന്റെ മുകളിലുള്ള ഒന്നിന്റെ നിമിത്തം ആവാൻ കഴിയില്ല.

3) പ്രപഞ്ചത്തിലെ ഉൺമയുടെ മാനങ്ങളിലുള്ള വൈവിധ്യവും രൂപവ്യത്യാസങ്ങളും ഗുണപരമാണ്.

ഈ മൂന്നു കാര്യങ്ങളുടെ വെളിച്ചത്തിൽ, അളവിൽ പരിണാമം സംഭവിച്ച വസ്തുക്കളിലെ യാഥാർത്ഥ വളർച്ച നമുക്ക് കണ്ടെത്താൻ കഴിയും- അഥവാ, വസ്തുവിന്റെ ഉൺമയുടെ പൂർണ്ണതയുടെ പ്രകടനവും അതിലെ സംഖ്യാപരമായ വർദ്ധനയും നമുക്ക് കണക്കുകൂട്ടാം.

അതിനാൽ നാം ഇങ്ങനെ ചോദിക്കണം: ''ഈ വർദ്ധന എവിടുന്നുണ്ടായി? ഈ ബാഹുല്യം എങ്ങിനെ വന്നു? ഏത് ഫലത്തിനും ഒരു കാരണം ഉണ്ടാവണമല്ലോ.'' ഈ ചോദ്യത്തിന്നു രണ്ടുത്തരങ്ങളുണ്ട്. ഒന്നാമത്തെത്, അത് പദാർത്ഥത്തിൽ നിന്നുതന്നെ തനിയെ ആരംഭിച്ചു എന്നാണ്. ജീവനോ വികാരമോ ചിന്തയോ ഇല്ലാത്ത പദാർത്ഥം ജീവപരിണാമത്തിലൂടെ ജീവനും വികാരവും ചിന്തയും സൃഷ്ച്ചു എന്ന്. ഇതിന്നർത്ഥം, പദാർത്ഥത്തിന്റെ ഒരു താഴ്ന്ന രൂപം ഒരു ഉയർന്ന രൂപത്തിന്റെ കാരണമായി എന്നാണ്-അതും തൽകൃത്യത്തിന്നാവശ്യമായ ഗുണങ്ങളൊന്നുമില്ലാതെ. ഈ ഉത്തരം നമ്മുടെ രണ്ടാമത്തെ തത്വത്തെ ഖണ്ഡിക്കുന്നു- താഴ്ന്ന രൂപത്തിനു ഉയർന്ന രൂപത്തെ സൃഷ്ടിക്കാനാവില്ലെന്ന തത്വത്തെ. അപ്പോൾ ജീവന്റെ സ്പന്ദമില്ലാത്ത പദാർത്ഥം, സ്വയം തന്നെയോ മറ്റൊരു പദാർത്ഥത്തിന്നോ ജീവനും വികാരവും ചിന്തയും നൽകുന്നു എന്ന ആശയം, ഇംഗ്ലീഷ് ഭാഷയറിയാത്ത ഒരാൾ അത് മറ്റുള്ളവരെ പഠിപ്പിക്കാൻ ശ്രമിക്കുന്നുവെന്ന ആശയം പോലെയാണ്. അല്ലെങ്കിൽ ഒരു മങ്ങിയ ദീപം അതിനേക്കാൾ വലിയ, സൂര്യപ്രകാരംപോലുള്ള വെളിച്ചം പുറത്ത്വിടുന്നു എന്ന് പറയുന്നത്പോലെയോ മൂലധനമില്ലാത്ത ഒരാൾ വൻ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നു എന്നു കരുതുന്നത് പോലെയോ ആണ്.

രണ്ടാമത്തെ മറുപടി ഇതാണ്: പരിണാമത്തിലൂടെ വസ്തുവിനു പ്രകടമാവുന്ന ഈ പുതിയഗുണം, ആ ഗുണം വേണ്ടത്രയുള്ള ഒരു കേന്ദ്രത്തിൽ നിന്നു ഉണ്ടായതാവണം. ഈ കേന്ദ്രം ലോകനാഥനും സ്തുത്യർഹനുമായ ദൈവമാണ്. അതിനാൽ പദാർത്ഥത്തിന്റെ വളർച്ച ബുദ്ധിയിലും ആജ്ഞാശക്തിയിലും മേധാവിത്തത്തിലും കൂടി ദൈവം പ്രകടമാക്കുന്ന വളർച്ചയുടെയും വികാസത്തിന്റെയും സൃഷ്ടിപ്രക്രിയയല്ലാതെ മറ്റൊന്നുമല്ല.

''നാം മനുഷ്യനെ ഒരു മണ്ണിൻകട്ടയിൽനിന്നും സൃഷ്ടിച്ചു. നാം അവനെ സുരക്ഷിതമായ ഗർഭാശയത്തിൽ ബീജമാക്കി; ബീജത്തെ നാം ഒട്ടിനിൽക്കുന്ന ഒന്നാക്കി. അതിനെപ്പിന്നെ നാം ഒരു മാംസപിണ്ഡമാക്കി; അതിനെ നാം അസ്ഥിക്കുള്ളിലാക്കി; അസ്ഥികളെ മാംസംകൊണ്ടു പൊതിഞ്ഞു. എന്നിട്ടുനാം അതിന്നു ജീവൻ നൽകി മറ്റൊരു ജീവിയാക്കി. അതിനാൽ നിന്റെ നാഥൻ സർച്ച ശ്രേഷ്ഠനും സൃഷ്ടിക്കുന്നവരിൽ ഉത്തമനുമത്രെ.''-ഖുർആൻ 23:12-14.

ഈ ഉത്തരം മാത്രമാണ് മുമ്പുപറഞ്ഞ മൂന്നു തത്വങ്ങളുമായി ഇണങ്ങുന്നത്. പ്രപഞ്ചത്തിലെ രൂപങ്ങളുടെ വളർച്ചക്കും പൂർണ്ണതക്കും യുക്തി ബദ്ധമായ ഒരു വിശദീകരണം നല്കാൻ ഇതിനേ കഴിയൂ. പരിശുദ്ധ ഖുർആൻ അനേകം സൂക്തങ്ങളിലൂടെ മനുഷ്യന്റെ ശുദ്ധമായ നിസർഗ്ഗചേതനയെയും കളങ്കമേശാത്ത ബുദ്ധിയേയും അഭിസംബോധന ചെയ്തുകൊണ്ടു ഈ വാദത്തിലേക്കു വിരൽ ചൂണ്ടുന്നു.

''നിങ്ങൾ നിക്ഷേപിക്കുന്ന ബീജത്തെക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങൾ സൃഷ്ടിക്കുന്നതാണോ, അതോ നാമാണോ അതിന്റെ സ്രഷ്ടാവ്?''- ഖുർആൻ 56:58-59.

''നിങ്ങൾ രാകുന്ന ബീജത്തെക്കുറിച്ചു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളാണോ അത് പാകുന്നത്, അതോ നാമോ?''-ഖുർആൻ 56:63-64.

''നിങ്ങൾ കത്തിക്കുന്ന തീയെക്കുറിച്ചു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അതിന്നുള്ള മരം ഉൽപാദിപ്പിച്ചത് നിങ്ങളാണോ അതോ നാമോ?''- ഖുർആൻ 56:71-72.

''അവൻ നിങ്ങളെ മണ്ണിൽനിന്നു സൃഷ്ടിച്ചത് അവന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്നത്രെ. നോക്കൂ!(പിന്നെ) നിങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മനുഷ്യരായി.''ഖുർആൻ 30:20.

***

# ദാർശനിക വാദത്തെക്കുറിച്ച ഭൗതികവീക്ഷണം

ഈ വാദത്തെക്കുറിച്ച ഭൗതികവാദത്തിന്റെ വീക്ഷണം നോക്കാം. യാന്ത്രികമായ ഒരു തത്വശാസ്ത്രമെന്ന നിലയിൽ ഭൗതികവാദത്തിനു ഈ സിദ്ധാന്തം പരിഗണിക്കേണ്ട ബാദ്ധ്യതയില്ല. കാരണം, നാം കണ്ടത്പോലെ അത് ജീവിതം, വികാരം, ചിന്ത എന്നിവയെ വ്യാഖ്യാനിക്കുന്നത് വസ്തുഘടകങ്ങളുടെയും താന്മാത്രകളുടെയും വിഘടനവും സംയോജനവും ആയാണ്. ഈ പ്രക്രിയയിൽ അൽഭുതകരമായ ഒന്നും സംഭവിക്കുന്നില്ല; യാന്ത്രിക നിയമമനുസരിച്ചുള്ള താന്മാത്രാ ചലനങ്ങൾ മാത്രം. എന്നാൽ നവഭൗതിക വാദത്തിനു ഈ വീക്ഷണത്തിൽ ചില പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു; കാരണം അത് ഈ രൂപങ്ങളിലൂടെ വസ്തുവിന്നു അളവിലും ഗുണത്തിലും സംഭവിക്കുന്ന പരിണാമത്തിന്റെ തത്വം അംഗീകരിക്കുന്നു. ഈ ഗുണപരമായ പരിണാമത്തെ വിശദീകരിക്കുന്നതിനു അത് ഒരു രീതി സ്വീകരിച്ചിരിക്കുന്നു. ആ രീതി നാം കണ്ട രണ്ടാമത്തെ തത്വത്തെയും വസ്തുവിന്റെ ആദ്യ പരിണാമഘട്ടങ്ങൾക്ക് വസ്തുവെത്തന്നെ കാരണമായിക്കാണുന്നു പ്രവണതയെയും സംയോജിപ്പിക്കാൻ കഴിയുന്ന ഒന്നാണ്. ഇതനുസരിച്ച് പൂർണ്ണതയുടെ ഉറവിടം പദാർത്ഥം തന്നെയാണ്; അതിന്റെ ഗുണപരമായ പരിണാമ പ്രക്രിയക്കുള്ള ഗുണങ്ങൾ നല്കുന്നതും അത് തന്നെ. അത് ഒരു ദരിദ്രൻ വൻ പദ്ധതികൾക്ക് ധനസഹായം ചെയ്യാൻ ഉദ്യമിക്കുന്നത് പോലെയല്ല; മറിച്ച്, ഈ പരിണാമത്തിന്നാവശ്യമായ എല്ലാ ഗുണങ്ങളും രൂപങ്ങളും വസ്തുവിൽ ആദ്യംതന്നെ ലീനമാണ് എന്നത് കൊണ്ടാണ്. അപ്പോൾ, കോഴിക്കുഞ്ഞ് മുട്ടയിലും വെള്ളത്തിൽ വാതകവും ഒക്കെ അടങ്ങിയിരിക്കുന്നു.

വസ്തുതന്നെ ഓരേസമയം മുട്ടയും കോഴിയുമാകുന്നതും വെള്ളവും വാതകവുമാവുന്നതും എങ്ങനെയെന്ന ചോദ്യത്തിന്നു വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം മറുപടി നല്കാൻ ശ്രമിച്ചു. ആ മറുപടി, ഇതൊരു വൈരുദ്ധ്യമാണെങ്കിലും വൈരുദ്ധ്യം പ്രകൃതിയുടെ പൊതുനിയമമാണെന്നാണ്. ഓരോന്നിലും അതിന്റെ തന്നെ നിഷേധം അടങ്ങിയിട്ടുണ്ടാവും; അതിനോട് ആ വസ്തു നിരന്തരം സംഘട്ടനത്തിലും ആയിരിക്കും. ഈ സംഘട്ടനത്തിലൂടെ മൂന്നാമതൊരു വൈരുദ്ധ്യം ഉയർന്നുവരുന്നു; അത് വികസിച്ച് ആദ്യത്തെ രണ്ടു വൈരുദ്ധ്യങ്ങളുടെ സംശ്ലേഷണമായിത്തീരുന്നു.*[3] അങ്ങിനെ അത് വസ്തുവിൽ മാറ്റമുണ്ടാക്കുന്നു. ഉദാ: വിരിഞ്ഞു കോഴിക്കുഞ്ഞാവുന്നു. ഈ പ്രക്രിയയിലൂടെ വസ്തു നിരന്തരമായി പൂർണ്ണത കൈവരിക്കുന്നു; സംശ്ലേഷണം, ഭാവിയോ മുന്നോട്ടുള്ള അടുത്ത കാൽവെപ്പേ നിർണ്ണയിക്കുന്നു.

ഇതിന്റെ വെളിച്ചത്തിൽ നമുക്ക് മനസ്സിലാകുന്നതനുസരിച്ച്. ഒരു വസ്തുവിൽ തന്നെ അതിന്റെ നിഷേധവും ഉണ്ടെന്നു പറയുകവഴി നവഭൗതികവാദം വിവക്ഷിക്കുന്നത് ഇവയാണ്:

1. മുട്ടയും കോഴിയും രണ്ടു വിരുദ്ധ രൂപങ്ങളാണ്; മുട്ട കോഴിയെ ഉൽപാദിപ്പിച്ച് അതിന്നു ജീവന്റെ ഗുണങ്ങൾ നൽകുന്നു. അതായത് ജീവനില്ലാത്ത ഒരു വസ്തു ഒരു ജീവനുള്ള വസ്തുവിന്നു ജന്മം നൽകാൻ പര്യാപ്തമാണ്. ഇത് ഒരു ദരിദ്രൻ വൻ പദ്ധതികൾക്ക് ധനസഹായം ചെയ്യാൻ തുനിയുന്നത് പോലെത്തന്നെയാണ്; ഇത് നാം ചർച്ചചെയ്ത നൈസർഗ്ഗിക ഗുണത്തിന്റെ തത്വത്തിനു എതിരാണ്.

2. ഇനി നവഭൗതികവാദം കരുതുന്നത്, മുട്ട കോഴിയെ സൃഷ്ടിക്കുകയല്ല, മറിച്ച് ആദ്യമേ ലീനമായിരുന്ന അതിനെ പുറത്തു കൊണ്ടുവരിക മാത്രമാണ് എന്നാണോ? അങ്ങിനെയാണെങ്കിൽ, ഒരു മുട്ട മുട്ടയായിരിക്കുമ്പോൾ തന്നെ കോഴിയുമാണ്- ഒരു ചിത്രം വ്യത്യസ്ത കോണുകളിൽനിന്നു നോക്കുമ്പോൾ വ്യത്യസ്തമാവുന്നത്പോലെ. മുട്ട, ഒരേസമയം മുട്ടയും കോഴിയുമാവുകയാണെങ്കിൽ, അതിന്നു വികാസത്തിന്റെ ഘട്ടത്തിലൂടെ പൂർണ്ണത പ്രാപിച്ച് കോഴിയാവുന്ന ഒരു പ്രക്രിയില്ലെന്നു വളരെ വ്യക്തമാണ്. കാരണം, ഇത്തരം പ്രക്രിയയിലൂടെ നിലവിൽവരുന്ന കാര്യം ആദ്യമേ നിലവിൽ ഉണ്ടായിരുന്നു. ഇത്, കീശയിൽനിന്നു പൈസയെടുക്കുന്ന ഒരാളുടെ കീശയിലും കയ്യിലും ഒരേ സമയം പൈസയുണ്ടായിരുന്നു എന്നത് പോലെയിരിക്കുന്നു.

മുട്ട കോഴിയാവുന്നത് പോലുള്ള വളർച്ചയോ പുതുതായി ഒന്നുണ്ടാവുന്ന പ്രക്രിയയോ നടക്കാൻ, മുട്ട ആദ്യമോ കോഴിയായിരുന്നില്ലെന്നും മറിച്ചു നിർമ്മാണത്തിലിരിക്കുന്ന ഒരു കോഴിക്കുഞ്ഞോ, കോഴിക്കുഞ്ഞാവാൻ പ്രാപ്തമായ മറ്റെന്തോ ആയിരുന്നു വെന്നും നാം സങ്കൽപിക്കേണ്ടി

---

[3] മാർക്സ്സത്തിനാധാരമായ ആശയവാദമാണിത്. വിവ:

യിരിക്കുന്നു. ഇങ്ങനെയാണ് ഒരു മുട്ട ഒരു കല്ലിൽനിന്നു വ്യത്യസ്തമാവുന്നത്; കല്ലിന്നൊരിക്കലും, ചില നിബന്ധനകൾ ഒത്ത സാഹചര്യങ്ങളിൽ മുട്ടയ്ക്ക് കഴിയുന്നപോലെ, കോഴിക്കുഞ്ഞാവാൻ കഴിയില്ല. വെറും അന്തർലീനമായ ഗുണം, അതിന്റെ യാഥാർത്ഥീകരണത്തിന്നുള്ള ഉറപ്പാവുന്നില്ല. അതിനാൽ, ഒരു മുട്ട കോഴിയായി യാഥാർത്ഥീകരിക്കുകയാണെങ്കിൽ, അതിന്റെ സംഭാവ്യതമാത്രം യാഥാർത്ഥ സംഭവത്തിനു കാരണമാവാൻ പര്യാപ്തമല്ല.

പദാർത്ഥത്തിന്നുണ്ടാവുന്ന വിവിധ രൂപങ്ങൾ അതിൽ അടങ്ങിയ വൈരുദ്ധ്യങ്ങളുടെ ഫലമാണെങ്കിൽ, രൂപങ്ങളിലെ വൈവിധ്യം ഈ ആന്തരഘടകങ്ങളുടെ വൈവിധ്യം കൊണ്ടു തന്നെ വിശദീകരിക്കാൻ കഴിയേണ്ടതായിരുന്നു. ഉദാഹരണമായി മുട്ടയ്ക്കുള്ള വിരുദ്ധ ഗുണങ്ങളല്ല വെള്ളത്തിന്നുള്ളത്. ഇക്കാരണത്താലാണ് മുട്ടയുടെ വിരുദ്ധ ഗുണങ്ങൾ കോഴിക്കുഞ്ഞിലും വെള്ളത്തിന്റേത് ആവിയിലും കലാശിക്കുന്നത്. ഈ ആശയം കൂടുതൽ വ്യക്തമാവാൻ, താന്മാത്രകളുടെ തലത്തിൽ പദാർത്ഥങ്ങൾക്കുണ്ടാവുന്ന രൂപഭേദങ്ങളുടെ പ്രാഥമിക പ്രക്രിയകൾ പരിശോധിച്ചാൽ മതി. ഈ താന്മാത്രകളാണ് ഭൗതിക പ്രപഞ്ചത്തിന്റെ അടിസ്ഥാന ഘടകങ്ങളായി വർത്തിക്കുന്നത്– ഉദാ: പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ, ആന്റി പ്രോട്ടോൺ, പോസിട്രോൺ, ഫോട്ടോൺ എന്നിവ. ഓരോ താന്മാത്രയും അതിന്റെ ആന്തരിക വൈരുദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകരൂപം പ്രാപിച്ചതാണോ? പദാർത്ഥത്തിന്റെ താന്മാത്രയിൽതന്നെ ഒളിഞ്ഞുകിടന്ന പ്രോട്ടോൺ, മുട്ടയുടെയും കോഴിയുടെയും കാര്യത്തിലെന്നപോലെ, പിന്നീട് ഉള്ളിലെ ചലനവും സംഘട്ടനവും ഫലമായി പുറത്തുവന്നതാണോ? നാം  അങ്ങനെ സങ്കല്പിക്കുകയാണെങ്കിൽ, ഈ തന്മാത്രകൾക്കു വന്നു ചേർന്ന വ്യത്യസ്ത രൂപങ്ങൾക്കു എന്തു കാരണമാണ് നാം പറയുക? കാരണം ആ സങ്കൽപത്തിൽ ആന്തരിക വൈരുദ്ധ്യവാദമനുസരിച്ച്, ഈ താന്മാത്രകൾ തന്നെ വ്യത്യസ്തവും അവയിലെ ആന്തരിക വൈരുദ്ധ്യങ്ങൾ സാധുവും ആകേണ്ടതുണ്ടല്ലോ. അതായത്, അവയുടെ ആന്തരിക ഘടകങ്ങളുടെ കാര്യത്തിൽ തന്നെ അവ വ്യത്യസ്തമാവേണ്ടതുണ്ട്.

ആധുനികശാസ്ത്രം പദാർത്ഥത്തിന്റെ സത്താപരമായ ഏകതയിലേക്കാണ് അടുക്കുന്നതെന്നും പദാർത്ഥത്തിന്റെ ആന്തരിക ഘടകങ്ങൾ ഒന്നാണെന്നും നമുക്കറിയാം. കൂടാതെ, പദാർത്ഥം സ്വീകരിക്കുന്ന വ്യത്യസ്ത രൂപങ്ങൾ സ്ഥായിയായ ഒരു ഏക ഘടകത്തിന്നു പകരമുള്ളതുമല്ല. അങ്ങിനെയെങ്കിൽ ഒരു പ്രോട്ടോണിന്നു ന്യൂട്രോൺ ആവാനും മറിച്ചും കഴിയുമായിരുന്നു. അഥവാ ആന്തരിക ഘടകത്തിന്റെ ഏകതയും സ്ഥായീഭാവവും ഉണ്ടെങ്കിലും താന്മാത്രക്ക് അതിന്റെ രൂപവും അണുഘടനയും മാറ്റാൻ പറ്റുമായിരുന്നു. ഇതിന്റെയർത്ഥം വസ്തു ഒന്നും രൂപം വ്യത്യസ്തങ്ങളും ആവുക എന്നാണ്. എങ്കിൽ, ഈ രൂപഭേദങ്ങളെല്ലാം ആന്തരിക വൈരുദ്ധ്യങ്ങളിൽ നിന്നുണ്ടാവുന്നതാണെന്നു നമുക്കെങ്ങിനെ പറയാൻ കഴിയും?

ഈ കാര്യം വിശദീകരിക്കാൻ മുട്ടയുടെയും കോഴിയുടെയും ഉദാഹരണം തന്നെയാണ് ഉപകരിക്കുക. വ്യത്യസ്ത മുട്ടകളുടെ ആന്തരിക ഘടകങ്ങളിലൂടെ വ്യത്യസ്ത രൂപങ്ങളും സ്വഭാവങ്ങളും ഉണ്ടാവണമെങ്കിൽ, മുട്ടകളുടെ ആന്തരഘടന വ്യത്യസ്തമാവണം. ഒരു പിടക്കോഴിയുടെ മുട്ടയും മറ്റൊരു പക്ഷിയുടെ മുട്ടയും വ്യത്യസ്ത പക്ഷികളായാണ് രൂപാന്തരപ്പെടുന്നത്. മറിച്ച്, രണ്ടും ഒരു പിടക്കോഴിയുടെ മുട്ടയായിരുന്നുവെങ്കിൽ, അവയുടെ അന്തരിക ഘടകങ്ങൾ കാരണം രണ്ടു വ്യത്യസ്ത രൂപങ്ങൾ ഉണ്ടാവുമായിരുന്നുവെന്നു നമുക്ക് സങ്കൽപ്പിക്കുകവയ്യ. അപ്പോൾ, ഒരു വശത്ത് ആന്തരികവൈരുദ്ധ്യമെന്ന ആശയമനുസരിച്ച് പദാർത്ഥരൂപങ്ങളെ വിശദീകരിക്കുന്ന നവഭൗതിക വാദവും, മറുവശത്ത് പദാർത്ഥത്തിന്റെ ഏകത ഊന്നിപ്പറയുന്ന ആധുനിക ശാസ്ത്രചിന്തയും രണ്ടു ഭിന്ന മാർഗ്ഗങ്ങളിലാണ് സഞ്ചരിക്കുന്നതെന്നും നമുക്ക് വ്യക്തമാവുന്നു.

മൂന്നാമത്തെ  വീക്ഷണം, മുട്ടയിൽ രണ്ടു സ്വതന്ത്രഗുണങ്ങളുണ്ടെന്നും ഓരോന്നിനും അതിന്റേതായ പെരുമാറ്റരീതികളുണ്ടെന്നും ഉള്ള വാദമാണ്. ഇതിൽ ഒന്നാമത്തേത്, ബീജസങ്കലനവുമായി ബന്ധപ്പെട്ടതും രണ്ടാമത്തേത് മുട്ടയുടെ ഉള്ളടക്കത്തിലെ ബാക്കിഘടകങ്ങളുടേതും. ഈ രണ്ടു ഘടകങ്ങളും നിരന്തരമായ ഒരു സംഘട്ടനത്തിലേർപ്പെട്ട് അവസാനം ബീജസങ്കലനം നടന്ന അംശം അതിജയിക്കുകയും മുട്ട ഒരു കോഴിക്കുഞ്ഞായി മാറുകയും ചെയ്യുന്നു. മനുഷ്യനിൽ സാധാരണമായ ഈ മത്സരം അവന്റെ ദൈനന്ദിന ജീവിതത്തിലും പണ്ടേ അംഗീകരിക്കപ്പെട്ടതാണ്. എന്തിനാണ് ബീജസങ്കലനം നടന്ന ഭാഗവും ഒരു മുട്ടയുടെ ശിഷ്ടഭാഗവും തമ്മിലുള്ള പ്രതിപ്രവർത്തനം ഒരു സംഘട്ടനമായി കാണുന്നത് എന്നു ചോദിക്കാം. എന്തിനാണ് പൊടിപടലങ്ങളും മണ്ണും വായവും തമ്മിലും അല്ലെങ്കിൽ മാതൃഗർഭാശയത്തിലുള്ള ഭ്രൂണവും, അതിന്നു മാതൃശരീരത്തിൽനിന്നു കിട്ടുന്ന പോഷകവസ്തുക്കളും തമ്മിലുമുള്ള പരസ്പര പ്രവർത്തനത്തെ വൈരുദ്ധ്യങ്ങൾ തമ്മിലുള്ള സംഘട്ടനമായി കുറുതുന്നത്? എന്നാൽ,  ഇത് ഒരു നാമകരണമല്ലാതെ മറ്റൊന്നുമല്ല- ഒരു രൂപം മറ്റൊന്നിൽ ഉൽഗ്രഥിക്കപ്പെടുകയോ ഏകരൂപത്തിലാവുകയോ ചെയ്യുന്നുവെന്നു പറയുന്നതിലപ്പുറം ഒന്നുമല്ല. ഈ പരസ്പര പ്രവർത്തനത്തെ ഒരു സംഘട്ടനമെന്നു വിളിക്കണമെന്നു സമ്മതിച്ചാലും, ഈ പരസ്പര പ്രവർത്തനം രണ്ടിന്നുപുറമെ മൂന്നാമതൊരു വസ്തുവിന്റെ ഉല്പാദനത്തിൽ കലാശിക്കുന്നു കാലത്തോളം പ്രശ്നം അപ്പടി അവശേഷിക്കുന്നു. ഈ പുതിയ സാധനം ഉണ്ടായതെവിടെനിന്നു എന്ന ചോദ്യം ബാക്കിനിൽക്കുന്നു. അത് വന്നത് ആ ഗുണമില്ലാത്തതും സംഘട്ടനത്തിൽ ഇരുന്നതുമായ രണ്ടു വിരുദ്ധഘടകങ്ങളിൽ നിന്നാണോ? നാം ഓർക്കേണ്ടതുണ്ട്,

ഒരു വസ്തുവിന്നു ആ വസ്തുവിലില്ലാത്ത ഒരു ഘടകം നൽകാൻ കഴിയില്ല. നാം കണ്ടു കഴിഞ്ഞ മൂന്നു തത്വങ്ങളിൽ രണ്ടാമത്തെതായിരുന്നു ഇത്.

രണ്ട് വിരുദ്ധ ഘടകങ്ങൾ തമ്മിലുള്ള സംഘട്ടനം വളർച്ചയുടെ യാഥാർത്ഥ കാരണമാവുന്ന ഒരു ദാഹരണവും പ്രകൃതിയിൽ നമുക്ക് ദൃശ്യമല്ല. സംഘട്ടനം എന്നുപറഞ്ഞാൽ ഒരതിര്‌വരെ പ്രതിരോധവും നിരാകരണവും അയിരിക്കെ, എങ്ങിനെയാണ് ഒരു വസ്തുവിന്ന് അതിന്റെതന്നെ വിരുദ്ധഘടകത്തോടുള്ള സംഘട്ടനത്തിലൂടെ ആ ഘടകത്തിന്റെ വളർച്ചയിൽ പങ്ക് വഹിക്കാൻ കഴിയുക? പ്രതിരോധം, ചെറുത്തുനിൽക്കപ്പെടുന്ന വസ്തുവിനെ വളർച്ചയിൽ സഹായിക്കുകയല്ല ചെയ്യുക, മറിച്ച് വസ്തുവിന്റെ ഊർജ്ജം തളർത്തുകയാണ്. ഒരു നീന്തൽക്കാരൻ, വലിയ തിരമാലകളുമായി ഏറ്റുമുട്ടുമ്പോൾ, അയാളുടെ ചലനങ്ങൾക്ക് ആക്കുംകൂട്ടുകയല്ല കുറയുകയാണല്ലോ ചെയ്യുക. അതിനാൽ, മുട്ട കോഴിയാവുന്നിലെ വളർച്ചക്കും പരിണാമത്തിന്നും കാരണം വിരുദ്ധഘടകങ്ങൾ തമ്മിലുള്ള സംഘട്ടനമായിരുന്നുവെങ്കിൽ, വെള്ളം ആവിയാവുന്നതിലും അത് തിരിച്ച് വെള്ളമാവുന്നതിലും, വൈരുദ്ധ്യങ്ങളുടെ സംഘട്ടനത്തിലൂടെ വളർച്ചയെവിടെ?

വൈരുദ്ധ്യങ്ങൾ സന്ധിക്കുമ്പോൾ ഫലം വളർച്ചയല്ല മറിച്ച് രണ്ടിന്റെയും നാശമാണെന്നാണ് പ്രകൃതി പഠിപ്പിക്കുന്നത്, അണുവിന്റെ പ്രധാനഘടകമായ പ്രോട്ടോണിന്നു പോസിറ്റീവ് ചാർജ്ജാണ്. മറുഭാഗം, ഒരു നെഗറ്റീവ് പ്രോട്ടോണാണുള്ളത്. അത്പോലെ, അണുവിന്റെ സഞ്ചാരപഥത്തിൽ ചലിക്കുന്ന നെഗറ്റീവ് ഇലക്ട്രോണിനും ഒരു വിരുദ്ധഘടകം ഉണ്ട്. ഈ വിരുദ്ധഘടകങ്ങൾ സന്ധിക്കുമ്പോൾ, അണുവിസ്ഫോടനവും നാശവും സംഭവിക്കുന്നു. അതിലൂടെ ഊർജ്ജം പുറത്ത് വന്നു അന്തരീക്ഷത്തിൽ ചിതറപ്പെടുമ്പോൾ, പദാർത്ഥംതന്നെ അപ്രത്യക്ഷമാവാൻ ഇടയാവുന്നു.

ഇതിൽനിന്നും നാമെത്തുന്ന നിഗമനം, ബാഹ്യമായ ഒരു കേന്ദ്രത്തിന്റെ സഹായമോ നിർദ്ദേശമോ ഇല്ലാത്ത പദാർത്ഥചലനം കൂടുതൽ ഉയർന്നതോ സവിശേഷമോ ആയ ഒരു തലത്തിലേക്കുള്ള പദാർത്ഥത്തിന്റെ വളർച്ചക്കോ മാറ്റത്തിന്നോ കാരണമാവുന്നില്ല എന്നാണ്. അതിനാൽ, പദാർത്ഥത്തിന്നു വളർന്നു അസ്തിത്വത്തിന്റെ ഉയർന്ന തലങ്ങളായ ജീവൻ, വകാരം, ചിന്ത എന്നിവയിലേക്ക് ഉയരണമെങ്കിൽ ഈ ഗുണങ്ങളുള്ളതും അത് പദാർത്ഥത്തിന്നു നൽകാൻ കഴിയുന്നതുമായ ഒരു ദൈവം ഉണ്ടാവുക എന്നത് അനിവാര്യമാണ്. വളർച്ചയുടെ ഈ പ്രക്രിയയിൽ വസ്തുവിനു സ്വയം ഉള്ളപങ്ക് അനുയോജ്യത, സന്നദ്ധത, ലീനഗുണങ്ങൾ എന്നിവ മാത്രമാണ്. അദ്ധ്യാപകനിൽനിന്നും അറിവ് നേടാൻ തയ്യാറാവുന്ന ഒരു നല്ല കുട്ടിയുടെ പങ്കിനു തുല്യമാണിത്; ലോകനാഥനായ ദൈവം സ്തുത്യർഹനാണ്.

***

# ദൈവത്തിന്റെ ഗുണങ്ങൾ

പ്രപഞ്ചസ്രഷ്ടാവും നിയന്താവും സ്വന്തം മേന്മകൊണ്ടും കടാക്ഷം കൊണ്ടും പ്രപഞ്ചത്തിന്റെ ഗതി നിയന്ത്രിക്കുന്നവനുമായ ഒരു ദൈവത്തിൽ നാം വിശ്വസിക്കുമ്പോൾ, സൃഷ്ടിയിലൂടെയും പ്രവർത്തനത്തിലെ പൂർണ്ണതയിലൂടെയും അവന്റെ ഗുണങ്ങൾ മനസ്സിലാക്കൽ നമുക്കനിവാര്യമാവുന്നു. അവന്റെ സൃഷ്ടികൾ കാട്ടുന്ന ഉജ്ജ്വല നിദർശനങ്ങളുടെ വെളിച്ചത്തിൽ നമുക്കവന്റെ സവിശേഷതകൾ വിലയിരുത്തേണ്ടതുണ്ട്. നാം ഇത് ചെയ്യുന്നത് ഒരു എൻജിനീയറെ അയാളുടെ നിർമ്മാണപാടവത്തിന്റെ അടിസ്ഥാനത്തിലും ഒരു ഗ്രന്ഥകാരനെ അയാളുടെ കൃതിയിലുള്ള ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും അടിസ്ഥാനത്തിലും ഒരു അദ്ധ്യാപകനെ ശിഷ്യന്മാർക്ക് പകരുന്ന ഗുണങ്ങളുടെയും മേന്മകളുടെയും അടിസ്ഥാനത്തിലും വിലയിരുത്തുന്നത് പോലെയാണ്. ഇങ്ങനെ സ്രഷ്ടാവിന്റെ സവിശേഷ ഗുണങ്ങളായി വ്യക്തമാവുന്ന വിജ്ഞാനം, വിവേകം, ജീവൻ, ശക്തി, കാഴ്ച, കേൾവി എന്നീ എന്നീ ഗുണങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്താൻ നമുക്ക് കഴിയുന്നു. പ്രപഞ്ചത്തിന്റെ സംവിധാനത്തിൽ ഉള്ള നിയന്ത്രണവും ക്ലിപ്തതയും അവന്റെ സർവ്വജ്ഞതയെയും വിവേകത്തെയും വെളിവാക്കുന്നു. അതിൽകാണുന്ന ഊർജ്ജം അവന്റെ അതുല്യ ശക്തിയേയും മേധാവിത്തത്തെയും കാട്ടിത്തരുന്നു. ജീവന്റെ വൈവിദ്ധ്യവും ബുദ്ധിപരമായ സംവേദനത്തിന്റെയും ഇന്ദ്രിയാനുഭവത്തിന്റെയും തലങ്ങളും സ്രഷ്ടാവിന്നുള്ള ജീവന്റെയും ബോധത്തിന്റെയും നിദർശനങ്ങളാകുന്നു. പ്രപഞ്ച സൃഷ്ടിയിലെ ഏകോപിത ലക്ഷ്യവും ശില്പ ചാതുരിയും അതിലെ വിവിധ മാനങ്ങൾ തമ്മിലുള്ള പൊരുത്തവും സ്രഷ്ടാവിന്റെ ഏകത്വത്തെയും ഈ പ്രപഞ്ചം ഉൽഭവിച്ച ഏക ശക്തികേന്ദ്രത്തെയും വെളിവാക്കുന്നു.

***

# നീതിയും ആർജ്ജവവും

ജന്മസിദ്ധമായ ഉൾപ്രേരണകൊണ്ടും നൈസർഗ്ഗീകമായ യുക്തിബോധം കൊണ്ടും, നമ്മുടെ പെരുമാറ്റത്തെ നിയന്ത്രിക്കേണ്ട ചില പൊതു മൂല്യങ്ങളിൽ നാം വിശ്വസിക്കുന്നു. നീതി, സത്യവും നൻമയും ആണെന്നും അനീതി തെറ്റും തിൻമയുമാണെന്നും തെര്യപ്പെടുത്തുന്നത് ഈ മൂല്യങ്ങളാണ്. നീതി കാണിക്കുന്നവൻ ആദരണീയനും സ്തുത്യർഹനുമാണെന്നും അക്രമവും അനീതിയും പ്രവർത്തിക്കുന്നവർ നേരെ മറിച്ചാണെന്നും നാം വിശ്വസിക്കുന്നു. നൈസർഗ്ഗികാവബോധത്തിൽ (ഫിത്്റ)നിന്നുള്ള ഈ മൂല്യങ്ങളും അനുമാന നിർദ്ധാരണ ശാസ്ത്രവും (ഇസ്തിഖ്റാഅ്), അജ്ഞതയോ വൈയക്തിക ഭൗതിക നേട്ടമോ തടയുന്നില്ലെങ്കിൽ മനുഷ്യചര്യയെ നേരെയാക്കുന്നതിൽ അടിസ്ഥാനപരമാണ്. കാരണം മൂല്യങ്ങളിൽ നിന്നും വ്യതിചലിപ്പിക്കുന്ന പ്രത്യേക താൽപര്യമോ വ്യക്തിപരമായ കാരണമോ ഇല്ലെങ്കിൽ, ദൈനന്ദിന ജീവിതത്തിൽ സത്യവും അസത്യവും തമ്മിലോ വിശ്വാസവും വഞ്ചനയും തമ്മിലോ ഒരു തെരഞ്ഞെടുപ്പ് നടത്തേണ്ടി വരുമ്പോൾ, മനുഷ്യൻ അസത്യത്തിന്നു പകരം സത്യവും വഞ്ചനക്കുപകരം വിശ്വാസവും സ്വീകരിക്കും. ഇതിന്നർത്ഥം അത്തരം താൽപര്യങ്ങളോ പ്രേരണകളോ ഇല്ലാത്ത ആരും സത്യവും വിശ്വാസവും നീതിയും അനുസരിച്ചു പ്രവർത്തിക്കും എന്നു തന്നെ. ഈ തത്വം സ്രഷ്ടാവിന്നും ബാധകമാണ്- കാരണം, നമ്മുടെ യുക്തി കൊണ്ടു കാണുന്ന പ്രസ്തുത ഗുണങ്ങളെല്ലാം അവനുണ്ട്; അവനാണല്ലോ നമുക്ക് ഈ ഗുണങ്ങൾ നൽകിയത്. പ്രപഞ്ചത്തിലുള്ള സമഗ്രമായ ആധിപത്യവും ശക്തിയും കാരണം അവന് വിലപേശലിന്റെയോ കൗശലപ്രയോഗത്തിന്റെയോ ആവശ്യമില്ല. അതിനാൽ ദൈവം നീതിമാനാണെന്നും ആരോടും അനീതി ചെയ്യുകയില്ലെന്നും നമുക്കു വിശ്വസിക്കാം.

***

# ദൈവിക നീതി - രക്ഷയും ശിക്ഷയും

നാം വിശ്വസിക്കുന്ന മൂല്യങ്ങൾ നീതി, നെറി, വിശ്വാസ്യത, സത്യസന്ധത, കൂറ്, തുടങ്ങിയ ഗുണങ്ങൾ ആവശ്യപ്പെടുകയും അവയുടെ വിപരീതങ്ങളെ തിരസ്ക്കരിക്കുകയും ചെയ്യുന്നു. അവ സദ്ഗുണങ്ങൾ കല്ഡപിക്കുകയും തിൻമയെ തിരസ്ക്കരിക്കുകയും മാത്രമല്ല ചെയ്യുന്നത്; ഓരോന്നിന്നും പ്രതിഫലമോ ശിക്ഷയോ വിഭാവന ചെയ്യുക കൂടി ചെയ്യുന്നു. കറപുരളാത്ത നൈസർഗ്ഗിക യുക്തി, അന്യായവും വഞ്ചനയും കാട്ടുന്നവർ അധിക്ഷേപമർഹിക്കുകയും നീതിയും വിശ്വാസ്യതയും നീതിയുടെയും സത്യത്തിന്റെയും മാർഗ്ഗത്തിൽ ത്യാഗസന്നദ്ധതയും ഉള്ളവർ പ്രശംസയർഹിക്കുകയും ചെയ്യുന്നതായി മനസ്സിലാക്കുന്നു. ഈ മൂല്യങ്ങളനുസരിച്ച് നമ്മിലോരോരുത്തന്റെയും മനസ്സാക്ഷി തെറ്റുചെയ്യുന്നവനെ കുറ്റപ്പെടുത്താനും ചൊവ്വായ നീതിയുടെ മാർഗ്ഗം സ്വീകരിക്കുന്നവനെ ഇഷ്ടപ്പെടാനും വെമ്പൽ കാട്ടുന്നു. ഈ നിലപാട് എടുക്കുന്നതിനു വല്ല പ്രതിബന്ധവുമുണ്ടെങ്കിൽ അത് വ്യക്തമായ നിലപാടെടുക്കുന്നതിൽ ഒരാൾക്കുള്ള കഴിവുകേടോ അയാളുടെ വ്യക്തിപരമായ മുൻവിധിയോ മാത്രമായിരിക്കും.

ദൈവം അവന്റെ ഇടപാടുകളിൽ നീതിമാനും പ്രതിഫലമോ ശിക്ഷയോ നൽകാൻ പ്രാപ്തനും ആണെന്ന നാം വിശ്വസിക്കുന്നത് കൊണ്ട്, നമ്മുടെ സങ്കൽപത്തിൽ നന്മക്ക് പ്രതിഫലവും തിന്മമക്ക് ശിക്ഷയും ആവശ്യപ്പെടുന്ന ഈ മൂല്യങ്ങൾ നടപ്പിലാക്കുന്നതിൽ അവന്ന് ഒരു തടസ്സവും ഉണ്ടാവേണ്ടതില്ല. സ്വാഭാവികമായ നമ്മുടെ നിഗമനം, ദൈവം സൻമാർഗ്ഗിക്ക് പ്രതിഫലം നൽകുകയും അനീതി ചെയ്തവന്നെതിരെ അനീതിക്കിരയായവനെ രക്ഷിക്കുകയും ചെയ്യും എന്നാണ്. പക്ഷേ, ദൈവം പ്രതിഫലവും ശിക്ഷയും ഈ ലോകത്തിൽ വെച്ച് നൽകുന്നതായി നാം കാണുന്നില്ല- അവന്നത് കഴിയുമെങ്കിലും. ഇതും നമ്മുടെ മുൻ വാദങ്ങളും ആലോചിച്ചാൽ, ഈ ലോകത്ത് ശ്രദ്ധിക്കപ്പെടാതെ പോയ സൽക്കർമ്മങ്ങളും ഉന്നതാദർശങ്ങളുടെ മാർഗ്ഗത്തിൽ ത്യാഗവും അനുഷ്ഠിച്ചവന് ഉചിതമായ പ്രതിഫലവും നിരപരാധികൾക്ക് നാശം വരുത്തിയും രക്തം കുടിച്ചും തിന്മ പ്രവർത്തിച്ചവന് തക്ക ശിക്ഷയും ലഭിക്കുന്ന ഒരു വിധി നിർണ്ണയ നാൾ വരും എന്ന് വ്യക്തമാവും. ഉയിർത്തെഴുന്നേൽപിന്റെ നാളാണത്; അത് മനുഷ്യ കർമ്മത്തെ വിലയിരുത്തുന്ന മൂല്യങ്ങളുടെ മൂർത്തീകരണമാവും; ആ നാളല്ലെങ്കിൽ മൂല്യങ്ങൾക്ക് അർത്ഥമുണ്ടാവില്ല.

***

# ദൂതൻ

**പ്രവാചകത്വമെന്ന പൊതുപ്രതിഭാസം**

**മുഹമ്മദ് നബിയുടെ പ്രവാചകത്വം**

**ബാഹ്യഘടകങ്ങളുടെ പങ്ക്**

# പ്രവാചകത്വമെന്ന പൊതുപ്രതിഭാസം

പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും കണിശമായ ദൈവിക നിയമം ഉണ്ട്; ആ നിയമമാണ് അതിന്റെ ഗതി നിയന്ത്രിക്കുന്നതും ഏറ്റവും ഉയർന്ന ഗുണനിലവാരത്തിലേക്ക് ഉയരാൻ സഹായിക്കുന്നതും. അതനുസരിച്ച്, ഒരു വിത്ത് അതിന്റെ പ്രത്യേക നിയമത്തിനും സാഹചര്യങ്ങളുടെ ഉപാധിക്കും വിധേയമായി ഒരു വൃക്ഷമായിമാറുന്നു. അത്പോലെ ഒരു ബീജം അതിനെ നിയന്ത്രിക്കുന്ന ദൈവിക നിയമത്തിനു വിധേയമായി ഒരു മനുഷ്യനായും മാറുന്നു. സൂര്യൻ മുതൽ പ്രോട്ടോൺ വരെയും സൗരയൂഥത്തിലെ ഗോളങ്ങൾ മുതൽ ഒരു പ്രോട്ടോണിനുചുറ്റും കറങ്ങുന്ന ഇലക്ട്രോൺ വരെയും സകല വസ്തുക്കളും ഒരു പ്രത്യേക പദ്ധതിയനുസരിച്ച് ചലിക്കുകയും നിർണ്ണിത ഗുണങ്ങളനുസരിച്ച് രൂപാന്തരപ്പെടുകയും ചെയ്യുന്നു. സർവ്വസ്പർശിയായ ഈ ദൈവിക വ്യവസ്ഥ പ്രപഞ്ചത്തിന്റെ മുഴുവൻ വശങ്ങളും പ്രതിഭാസങ്ങളും ഉൾക്കൊള്ളുന്നു. ശാസ്ത്രീയാനുമാനത്തിന്റെ സങ്കേതമുപയോഗിച്ച് വ്യക്തമാവുന്നതാണിത്. പ്രപഞ്ചത്തിലെ ഏറ്റവും പ്രധാന പ്രതിഭാസം മനുഷ്യന്റെ ഇഛാസ്വാതന്ത്ര്യത്തിന്റെതാവും. മനുഷ്യൻ ഒരു തെരഞ്ഞെടുക്കുന്ന ജീവിയാണ്; അഥവാ അവൻ ലക്ഷ്യമുള്ള ജീവിയാണ്. മനുഷ്യൻ ഒരു ലക്ഷ്യം നേടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവൻ വെള്ളം കിട്ടാൻ ഭൂമി കുഴിക്കുന്നു; രുചിയുള്ളത് കഴിക്കാൻ ഭക്ഷണം പാകം ചെയ്യുന്നു; പ്രകൃതിയുടെ നിയമങ്ങൾ മനസ്സിലാക്കാൻ അതിൽ പരീക്ഷണങ്ങൾ നടത്തുന്നു.

ഇതിനു വിപരീതമായി മറ്റു ജന്തുക്കൾ മുൻനിശ്ചിത ലക്ഷ്യങ്ങൾക്കാണ് പ്രവർത്തിക്കുന്നച്; അവ സ്വയം ലക്ഷ്യം നിർണ്ണയിച്ചു അതിനുവേണ്ടി പ്രവർത്തിക്കുകയല്ല. ശ്വാസകോശം, ആമാശയം, നാഡീവ്യവസ്ഥ എന്നിവ ശരീരശാസ്ത്രപരമായ ധർമ്മം നിർവ്വഹിക്കുകവഴി ലക്ഷ്യപൂർവ്വമായ ഒരു പ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ ആ ലക്ഷ്യങ്ങൾ അവയുടെ സ്വാഭാവിക പ്രവർത്തനങ്ങളിലൂടെ നിർണ്ണയിച്ചതല്ല; മറിച്ച് സർവ്വജ്ഞാനിയായ സ്രഷ്ടാവിന്റെ ലക്ഷ്യമാണ്.

മനുഷ്യൻ, സ്വയം മനസ്സിലാക്കുകയും നേടിയെടുക്കുന്നതിനുവേണ്ടി ജീവിക്കുകയും ചെയ്യുന്ന നിശ്ചിത ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക വീക്ഷണമുള്ള സോദ്ദേശ സൃഷ്ടിയായത് കൊണ്ട്, പൂർണ്ണമായും ഒരു പ്രകൃതി നിയമത്താൽ നിയന്ത്രിതനല്ല- ഗുരുത്വാകർഷണ നിയമമനുസരിച്ച് ഭൂമിയിൽ വീഴുന്ന മഴത്തുള്ളിയെപ്പോലെയല്ല അവൻ. അതായിരുന്നു അവന്റെ അവസ്ഥയെങ്കിൽ, സ്വന്തം മനസ്സിലുള്ള ലക്ഷ്യങ്ങളനുസരിച്ച് ജീവിക്കുന്ന ഒന്നാകുമായിരുന്നില്ല മനുഷ്യൻ. ലക്ഷ്യമുള്ളവനാണെങ്കിൽ അവൻ കർമ്മങ്ങളിൽ സ്വതന്ത്രനാവണം; എങ്കിലേ മനസ്സിൽ വരുന്ന ലക്ഷ്യങ്ങളനുസരിച്ച് പ്രവർത്തിക്കാനാവൂ. അപ്പോൾ മനുഷ്യന്റെ പ്രായോഗിക മനോഭാവങ്ങളും ലക്ഷ്യങ്ങളും തമ്മിലുള്ള ബന്ധമാണ് മനുഷ്യന്റെ തെരഞ്ഞെടുപ്പ് എന്ന പ്രതിഭാസത്തെ നിയന്ത്രക്കുന്ന നിയമം.

മനുഷ്യ ലക്ഷ്യം യാദൃഛികമായി ഉണ്ടാവുന്നതല്ല. അവന്റെ വ്യക്തപരമായ ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും അനുസൃതമായാണ് അതുണ്ടാവുന്നത്. ഈ ആവശ്യങ്ങളെ രൂപപ്പെടുത്തുന്നതാവട്ടെ അവനെ വലയം ചെയ്യുന്ന ചുറ്റുപാടുകളും വസ്തുനിഷ്ഠ സാഹചര്യങ്ങളുമാണ്. പക്ഷേ, സാഹചര്യങ്ങൾ ഒരു കൊടുങ്കാറ്റ് വൃക്ഷത്തിലെ ഇലകളെ ചലിപ്പിക്കുംപോലെ നേരിട്ടു മനുഷ്യനെ ചലിപ്പിക്കുന്നില്ല. അങ്ങിനെയായിരുന്നുവെങ്കിൽ, അത് സോദ്ദേശജീവിയെന്ന നിലക്കുള്ള മനുഷ്യന്റെ സ്ഥാനം തന്നെ ഇല്ലാതാക്കിക്കളയും. അതിനാൽ വസ്തുനിഷ്ഠസാഹചര്യങ്ങൾ മനുഷ്യനെ ചലിപ്പിക്കുന്നത്, ഒരു പ്രായോഗിക സാഹചര്യത്തിന്റെ പരിധിയിൽ അവന്റെ ബോധമനുസരിച്ച് അവനെക്കൊണ്ട് പ്രവർത്തിപ്പിക്കുന്നതിലൂടെ മാത്രമാണ്. എന്നാൽ എല്ലാ താല്പര്യങ്ങൾക്കും മനുഷ്യ വ്യക്തിയെ ചലിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. വ്യക്തി തന്റേതെന്ന് കണ്ടെത്തുന്ന താല്പര്യങ്ങൾക്കേ ഇത് സാധിക്കൂ. അപ്പോൾ താല്പര്യങ്ങൾ രണ്ടുതരം ഉണ്ട്- ഒന്ന്, ഹ്രസ്വകാല താല്പര്യങ്ങൾ; ഇത് സ്വാതാൽപര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന വ്യക്തിക്ക് മെച്ചം നൽകുന്നവയാണ്. രണ്ട്, സമുദായത്തിനു നന്മ വരുത്തുന്ന ദീർഘകാല താല്പര്യങ്ങൾ. പലപ്പോഴും, വ്യക്തിതാൽപര്യങ്ങൾ സമൂഹ താൽപര്യങ്ങളുമായി നേരിട്ടുള്ള സംഘട്ടനത്തിലേർപ്പെടുന്നു. അതുകൊണ്ട് ഒരു താൽപര്യത്തിന്റെ ക്രിയാത്മക ഗുണങ്ങൾക്കുപകരം സ്വന്തത്തിനു ലഭിക്കാനിടയുള്ള പ്രത്യേക നേട്ട

ങ്ങൾ മനുഷ്യനെ ചലിപ്പിക്കുന്നത് കാണാം. അതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ ജീവിത പുരോഗതിക്കും നിലനിൽപ്പിനും ഉള്ള ഉപാധിയെന്ന നിലയിൽ, സംഘടിത താൽപര്യങ്ങൾക്കുവേണ്ടിത്തന്നെയുള്ള ഒരു വൈയക്തിക പ്രേരണ നൽകുന്നതരം വസ്തുവിഷ്ഠ സാഹചര്യം ഉണ്ടാവണം.

ഇതിന്റെയടിസ്ഥാനത്തിൽ മനുഷ്യൻ ഒരു സംഘട്ടനത്തെ അഭിമുഖീകരിക്കേണ്ടി വരും- ഒരു വശത്ത്, ജീവിത നിയമത്തിന്റെ താൽപര്യങ്ങളും സംഘചിത താല്പര്യങ്ങൾ ലക്ഷ്യമാക്കുന്ന വസ്തുനിഷ്ഠമായ കർമ്മങ്ങളിലൂടെയുള്ള അതിന്ഡറെ നിലനില്പിന്റെ താല്പര്യങ്ങളും; മറുവശത്ത് സ്വതാൽപര്യങ്ങളെ മാത്രം പരിഗണിക്കാനും മറ്റെന്തിനും മേൽ സ്വന്തം നേട്ടം ലക്ഷ്യമാക്കാനും പ്രേരിപ്പിക്കുന്ന വ്യക്തി പ്രവണതകൾ. ഈ സംഘട്ടനം ഇല്ലാതാക്കാനും സംഘടിത താൽപര്യങ്ങൾക്കനുസരിച്ച് വൈയക്തിക പ്രേരണകൾ സൃഷ്ടിക്കുന്ന വസ്തുനിഷ്ഠ സാഹചര്യങ്ങളുണ്ടാക്കുവാനും ഉതകുന്ന ഒരു മാർഗ്ഗം കണ്ടെത്താൻ ആവശ്യമായിവരുന്നു.

മനുഷ്യ ജീവിതത്തിലെ ദൈവിക പ്രതിഭാസമായ പ്രവാചകത്വം, ഈ പ്രശ്നത്തിന്റെ പരിഹാരത്തിനുള്ള മാർഗ്ഗ നിർദ്ദേശക നിയമമാണ്. ഇത് സാധിക്കുന്നത്, സംഘടിത താൽപര്യങ്ങളെയും മനുഷ്യ ജീവിതത്തിന്റെ ഹ്രസ്യകാല താല്പര്യങ്ങൾക്കതീതമായ വലിയ താൽപര്യങ്ങളെയും, വ്യക്തിയുടെ ദീർഘകാല താൽപര്യങ്ങളാക്കി ഉദ്ഗ്രഥിക്കുന്നതിലൂടെയാണ്. മനുഷ്യ വ്യക്തിയെ, മരണാന്തരമുള്ള ജീവിതത്തിന്റെ തുടർച്ചയെക്കുറിച്ചും, നീതിയുടെയും രക്ഷാശിക്ഷായുടെയും ദൈവിക കോടിതിയിലേക്കും കർമ്മഫലങ്ങൾ കാണാൻ മനുഷ്യരെല്ലാം സമ്മേളിക്കുന്നയവസരത്തിലേക്കും ഉള്ള അവന്റെ അന്ത്യയാത്രക്കുറിച്ചും, ബോധവാനാക്കുന്നു അത്.

‘‘ ആരെങ്കിലും ഒരണുഅളവു നന്മചെയ്താൽ അവനത് അനുഭവവിക്കും; ആരെങ്കിലും ഒരണുഅളവ് തിന്മ ചെയ്താൽ അതും അവൻ അനുഭവിക്കും’’-99:7-8

ഇവ്വിധം ദീർഘകാലാടിസ്ഥാനത്തിൽ സമൂഹ താല്പര്യങ്ങളും വ്യക്തിതാൽപര്യങ്ങളും തുല്യമാവുന്നു.

ഈ പരിഹാരത്തിന്റെ മാതൃക ഒരു സിദ്ധാന്തവും അതിന്റെയടിസ്ഥാനത്തിലുള്ള മനുഷ്യന്റെ ശിക്ഷണ പ്രക്രിയയുമാണ്. സിദ്ധാന്തം പുനരുത്ഥാന നാളിൽ ദൈവത്തിലേക്കുള്ള തിരിച്ചുപോക്ക് എന്നതാണ്; ശിക്ഷണപ്രക്രിയ ദൈവിക മാർഗ്ഗ ദർശനത്തിന്റെ നിരന്തരമായ പ്രവർത്തനവും. ഇതൊരു ദൈവിക പ്രവർത്തനമാവണമെന്നതിനു കാരണം, അന്ത്യനാളിനെ (അഥവാ അദൃശ്യത്തെ) ആശ്രയിക്കുന്നു എന്നതാണ്. ദൈവിക വെളിപാടിലൂടെയല്ലാതെ ഇത് സാദ്ധ്യമല്ല. ആ വെളിപാടാണ് പ്രവാചകത്വം. അങ്ങിനെ നോക്കുമ്പോൾ, പ്രവാചകത്വവും ദൈവത്തിലേക്കു തിരിച്ചുപോക്കും മനുഷ്യജീവിതത്തിലെ സംഘട്ടനത്തിനുള്ള ഏക പരിഹാരം നൽകുന്ന മാതൃകാ പദ്ധതിയുടെ രണ്ടു വശങ്ങളാണ്. സ്വതന്ത്ര തെരഞ്ഞെടുപ്പെന്ന പ്രതിഭാസം സൃഷ്ടിക്കുകയും മനുഷ്യ ജീവിതത്തിലെ യാഥാർത്ഥ താല്പര്യങ്ങൾക്കനുസരിച്ചു അതിനെ വളർത്തുകയും ചെയ്യുന്നതാണ് ഈ പരിഹാരം.

***

# മുഹമ്മദ് നബിയുടെ പ്രവാചകത്വം

സ്രഷ്ടാവിന്റെ അസ്തിത്വം അനുമാനസിദ്ധാന്തം വഴിയും ശാസ്ത്രീയവാദം വഴിയും തെളിയിച്ചത് പോലെ, നമുക്ക് മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വവും ദൈനന്ദിന ജീവിതത്തിലെ പല കാര്യങ്ങളിലും ശാസ്ത്രീയ പരീക്ഷണങ്ങളിലും സ്വീകരിക്കുന്ന അതേ മാർഗ്ഗത്തിലും ശാസ്ത്രീയവും അനുമാന സിദ്ധാന്താധിഷ്ഠിതവുമായ രീതിയിലും ബോദ്ധ്യപ്പെടുത്താവുന്നതാണ്. ഒരു മുഖവുരയെന്ന നിലയിൽ ഈ സത്യത്തിന്റെ തെളിവായ ചില ഉദാഹരണങ്ങൾ നോക്കാം നമുക്ക്.

ഒരാൾക്ക് തന്റെ ബന്ധുക്കളിൽ നിന്നൊരാളുടെ കത്ത് കിട്ടിയെന്നു കരുതുക. കത്തെഴുതിയ ആൾ ഒരു ഗ്രാണീയ വിദ്യാലയത്തിലെ ചെറിയ പ്രാഥമിക വിദ്യാലയത്തിൽ പഠിക്കുകയാണ്- കത്ത് കിട്ടിയ ആൾക്ക്, അതിൽ വിദഗ്ദ്ധമായ ശൈലിയും പണ്ഡിതോചിതവും ക്ലിപ്തവുമായ പ്രയോഗങ്ങളും കലാമേൻമയും കാണാൻ കഴിയുന്നെങ്കിൽ, അയാൾ എത്തുന്ന നിഗമനം, ഉയർന്ന വിദ്യാഭ്യാസവും അസാധാരണമായ ഭാഷാപാടവവും ഉള്ള മറ്റൊരാളെക്കൊണ്ട് എഴുതിച്ചതാണ് ആ കത്ത് എന്നാവും. ഈ വാദവും നിഗമനവും അപഗ്രഥിക്കാൻ നമുക്കതിനെ താഴെ പറയുന്ന ഘട്ടങ്ങളിലൂടെ നോക്കാം.

ഒന്ന്, കത്തെഴിതിയത് പ്രാഥമിക വിദ്യാലയത്തിൽ പഠിക്കുന്ന ഒരു ഗ്രാമീണ ബാലനാണ്.

രണ്ട്, വാഗ്മിത്വമുള്ള ശൈലി, ഉന്നതമായ രചനാ വൈഭവം, അസാധാരണമായ ആശയ ക്രോഢീകരണ പാടവം എന്നിവകൊണ്ടു ശ്രദ്ധേയമാണ് കത്ത്.

മൂന്ന്, അനുമാന ശാസ്ത്രമനുസരിച്ച്, ഒന്നാമ ഘട്ടത്തിൽ പറഞ്ഞ സവിശേഷതകളുള്ള ഒരു ബാലന്ന് രണ്ടാം ഘട്ടത്തിൽ പറഞ്ഞ ഗുണങ്ങളുള്ള ഒരു കത്തെഴുതുക സാദ്ധ്യമല്ല.

നാല്, ഇതിൽ നിന്ന് നാം അനുമാനിക്കേണ്ടത് ഇതാണ്: ബാലന്ന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞ കുറേ കഴിവുകളുള്ള മറ്റൊരാളുടെ സൃഷ്ടിയായിരുന്നു ആ കത്ത്.

ഇതേ ആശയത്തിന്റെ മറ്റൊരുദാഹരണം നോക്കാം നമുക്ക്. ഇത്തവണ ഒരു ശാസ്ത്രീയ വാദമാണ്. ഇലക്ട്രോണിനെ പഠന വിധേയമാക്കുന്നതിൽ ശാസ്ത്രജ്ഞൻമാർ ഉപയോഗിച്ച വാദമാണത്. ഒരു ശാസ്ത്രജ്ഞൻ ഒരു പ്രത്യേകതരം രശ്മിയെക്കുറിച്ചു പഠിച്ചിരുന്നു. അതയാൾ അടച്ചിട്ട ഒരു കുഴലിന്നുള്ളിൽ നിർമ്മിച്ചതായിരുന്നു. ആ കുഴലിന്റെ മദ്ധ്യത്തിൽ ഒരു കുതിരലാടത്തിന്റെ രൂപത്തിലുള്ള ഒരു കാന്തസംവിധാനം കേന്ദ്രമാക്കി പിടിപ്പിച്ചു. രശ്മികൾ കാന്തിക വലയത്തിന്റെ നെഗറ്റീവ് ധ്രുവത്തിൽ നിന്നകന്ന് പോസിറ്റീവ് ധ്രുവത്തിലേക്ക് നീണ്ടുവന്നതായി കണ്ടു. അയാൾ അതേപരീക്ഷണം തന്നെ വ്യത്യസ്ത സാഹചര്യങ്ങൾ ഒരുക്കി ആവർത്തിച്ചുനോക്കി. അവസാനം, കാന്തശക്തി രശ്മികളെ ആകർഷിക്കുന്നുണ്ടാവണമെന്നും ആകർഷിക്കുന്നത് പോസിറ്റീവ് ധ്രുവമായിരിക്കുമെന്നും അയാൾ അനുമാനിച്ചു. പക്ഷേ, അനുമാന സിദ്ധാന്തങ്ങളിലൂടെയും സാധാരണ പ്രകാശമുൾപ്പെടെ ഇതര രശ്മികളെക്കുറിച്ച പഠനത്തിൽ നിന്നും അയാൾ മനസ്സിലാക്കിയിരുന്നു, രശ്മികൾ കാന്ത ശക്തിയുടെ സ്വാധീനത്തിൽ വരികയോ ആകർഷിക്കപ്പെടുകയോ ചെയ്യുന്നില്ലെന്നും, കാന്തം ആകർഷിക്കുന്നത് വസ്തുക്കളെ മാത്രമാണ്, രശ്മികളെയല്ലയെന്നും. അതിനാൽ, താൻ പരീക്ഷണം നടത്തിയ പ്രത്യേക രശ്മികളുടെ ആകർഷണം സാധാരണയായ സാങ്കല്പിക രീതിയിൽ വ്യാഖ്യാനിച്ചുകൂടെന്നു അയാൾ തീരുമാനിച്ചു. പകരം, അയാൾ ഒരു പുതിയ ശക്തിയും പുതിയ സത്യവും കണ്ടെത്തി. അതായത്, പ്രസ്തുത രശ്മികൾ അതി സൂക്ഷ്മമായ കണികകൾ കൊണ്ടുണ്ടായതും ആ കണികകൾ എല്ലാ ഭൗതിക വസ്തുക്കളിലും ഉള്ളതുമാണ്. കാരണം അവ വ്യത്യസ്ത ഘടകങ്ങളിൽ നിന്നുണ്ടായതാണ്. ഈ കണികകൾക്കാണ് ഇലക്ട്രോണുകൾ എന്നു പേര്.

രണ്ട് ഉദാഹരണങ്ങളിലും സ്വീകരിച്ച പ്രക്രിയ ഇതാണ്: ചില നിർണ്ണിത ഘടകങ്ങളുടെയും സുവ്യക്ത സാഹചര്യങ്ങളുടെയും പരിധിയിൽ ഒരു പ്രത്യേക പ്രതിഭാസം നിരീക്ഷണവിധേയമാക്കു

മ്പോൾ, ഈ ഘടകങ്ങളും സാഹചര്യങ്ങളും എല്ലായിപ്പോഴും അനിവാര്യമായും ഒരേ പ്രതിഭാസത്തിലേക്ക് നയിക്കുന്നില്ല എന്നു അനുമാനാധിഷ്ഠിതമായി മനസ്സിലാക്കാം. അതിനാൽ ഇത് വിരൽ ചൂണ്ടുന്നത്, ആ പ്രതിഭാസം വ്യാഖ്യാനിക്കുന്നതിനു നാം സങ്കൽപിക്കേണ്ട മറ്റൊരു അദൃശ്യ ഘടകത്തിലേക്കാണ്. അഥവാ പ്രതിഭാസം അതേ സാഹചര്യങ്ങളെക്കാളും ഘടകങ്ങളെക്കാളും വലുതാണെങ്കിൽ. അവയ്ക്കു പിന്നിലുള്ള ഒരദൃശ്യഘടകത്തെ സൂചിപ്പിക്കുന്നു അത്.

ഇത്, ഏറ്റവും മഹാനായ പ്രവാചകൻ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിനും ദൈവനാമത്തിൽ അവിടുന്നു ലോകത്തോടു പ്രഖ്യാപിച്ച സന്ദേശത്തിന്റെ സത്യത്തിന്നുമുള്ള തെളിവിന്നു ബലമേകുന്നു. ഈ വാദത്തിൽ നമ്മുടെ രീതി താഴെപറയുന്നു പടികളിലൂടെയാണു നീങ്ങുന്നത്.

1. ദൈവത്തിന്റെ നാമത്തിൽ തന്റെ സന്ദേശം ലോകത്തോട് പ്രഖ്യാപിച്ച വ്യക്തി ജനിച്ചത്, സാംസ്കാരികമായും സാമൂഹ്യമായും ധിഷണാപരമായും രാഷ്ട്രീയമായും സാമ്പത്തികമായും വളരെ പിന്നോക്കമായ അറേബ്യൻ ഉപഭൂഖണ്ഡത്തിലാണ്. അതിൽ തന്നെ, ഉപഭൂഖണ്ഡത്തിലെ സമീപസ്ഥ പ്രദേശങ്ങൾ ലഭിച്ച പരിമിതമായ സംസ്കാരവളർച്ചപോലും കിട്ടാതിരുന്ന ഹിജാസ് മേഖലയിലായിരുന്നു ആ മനുഷ്യൻ. ആ മേഖല, എടുത്തുപറയാവുന്ന എന്തെങ്കിലും സാമൂഹ്യവികാസം നേടുകയോ അക്കാലത്തെ ധൈഷണിക നേട്ടങ്ങളിൽ പറയത്തക്ക എന്തെങ്കിലും അംശം പങ്ക് വെക്കുകയോ ചെയ്തിരുന്നുമില്ല.

അതിന്റെ കവിതയും സാഹിത്യവും ആ യുഗത്തിന്റെ ചിന്താധാരകളെ ഒരു വിധത്തിലും പ്രതിഫലിപ്പിച്ചില്ല. മതവിശ്വാസത്തിന്റെ വീക്ഷണത്തിൽ, ഹിജാസ് ബഹുദൈവാരാധനയിലും ബിംബപൂജയിലും മുങ്ങിയിരുന്നു. ഗോത്രമനഃസ്ഥിതിയുടെ ഭാരത്തിൽ ആ മേഖല സാമൂഹ്യ ഛിദ്രതയിലായിരുന്നു കഴിഞ്ഞത്. അതിനാൽ ജീവിതത്തിന്റെ സർവ്വ തുറകളിലും ആ സമൂഹം ഗോത്രബന്ധങ്ങൾക്കടിപ്പെട്ടിരുന്നു.

ഇത് സാമൂഹ്യസംഘട്ടനങ്ങളിലും മൽസരത്തിലും ലക്ഷ്യരഹിതവും നിരർത്ഥകവുമായ കയ്യേറ്റങ്ങളിലും കലാശിച്ചു. ഈ പ്രവാചകൻ വളർന്ന നാട്ടിന്ന് ഗോത്രക്കൂറ് അടിച്ചേൽപ്പിച്ച ഭരണരൂപമല്ലാതെ മറ്റൊരു ഭരണരൂപവും അറിയില്ലായിരുന്നു. നിർമ്മാണാത്മകമായ ഊർജ്ജത്തിന്റെ നിലവാരവും സാമ്പത്തിക സാഹചര്യങ്ങളും ഹിജാസിനെ അന്നത്തെ ലോകത്തെ മറ്റ് പിന്നോക്ക മേഖലകളിൽനിന്നു ഒട്ടും വ്യത്യസ്തമാക്കുന്നവയായിരുന്നില്ല. വിദ്യാഭ്യാസത്തിന്റെ ഏറ്റവും പ്രാഥമികമായ രൂപങ്ങളായ എഴുത്തും വായനയും പോലും, പൊതുവെ നിരക്ഷിരരായിരുന്ന അന്നത്തെ സമൂഹത്തിൽ വിരളമായിരുന്നു. ''നിരക്ഷരരായ ജനതക്ക്, ഗ്രന്ഥവും യുക്തിയും വായിച്ചുകേൾപ്പിക്കുന്ന അവരിൽ നിന്നുള്ള ഒരു പ്രവാചകനെ അയച്ചവനാണവൻ; അത്വരെ അവർ വ്യക്തമായ വഴികേടിലായിരുന്നെങ്കിലും.''-ഖുർആൻ 62:2.

ഈ വീക്ഷണത്തിൽ പ്രവാചകൻ ഒരു മാതൃകാവ്യക്തിയായിരുന്നു. പ്രവാചകത്വ ലബ്ധിക്ക്മുമ്പ് അദ്ദേഹത്തിനു എഴുതാനോ വായിക്കാനോ അറിയില്ലായിരുന്നു. ഔപചാരികമോ, അനൗപചാരികമോ ആയ വിദ്യാഭ്യാസവും അദ്ദേഹത്തിന്നു ലഭിച്ചിരുന്നില്ല.

''ഇതിനുമുമ്പ് ഒരു ഗ്രന്ഥവും നീ ഓതിയിരുന്നില്ല; നിന്റെ വലത്കൈകൊണ്ട് നീ അത് എഴുതിയിട്ടുമില്ല; അങ്ങനെയെങ്കിൽ അസത്യം പറയുന്നവർ തീർച്ചയായും സംശയിക്കുമായിരുന്നു.''–29:48.

ഇത്, പ്രവാചകത്വ ലബ്ധിക്കുമുമ്പുള്ള നബി നേടിയ വിദ്യാനിലവാരത്തിന്റെ ശരിയായ വിവരണമാണ്. ഖുർആൻ ദൈവികമാണെന്നു വിശ്വാസിക്കാത്തവർക്കുപോലും ഇത് ഖണ്ഡിക്കാനാവാത്ത തെളിവാണ്. പ്രവാചകൻ തന്റെ ജനതയോട് പ്രഖ്യാപിക്കുകയും തന്റെ ജീവിതവും ചരിത്രവും നന്നായറിഞ്ഞ ജനങ്ങളോടു ഉദ്ഘോഷിക്കുകയും ചെയ്ത പാഠമായിരുന്നു അത്; ആരും അതിനെ ചോദ്യം ചെയ്തില്ല. ആരും അദ്ദേഹത്തിന്റെ അവകാശവാദം തള്ളിയില്ല. അദ്ദേഹം പ്രവാചകത്വ ലബ്ധിക്കുമുമ്പ്, അക്കാലത്തെ പാണ്ഡിത്യരൂപങ്ങളായ കവിതയിലും പ്രഭാഷണവിദ്യയിലും ഏർപ്പെട്ടിരുന്നില്ല എന്നും നമുക്ക് കാണാം. ധാർമ്മിക പ്രതിബദ്ധത, വിശ്വസ്തത, സത്യസന്ധത, വ്യക്തിത്വ വൈശിഷ്ട്യം എന്നിവയിലല്ലാതെ തന്റെ ജനതയിൽനിന്നു വേർതിരിക്കുന്ന മേൻമകളൊന്നും പ്രവാചകനുണ്ടായിരുന്നില്ല.

ജനങ്ങൾക്കിടയിൽ ജീവിച്ച നാൽപത് വർഷക്കാലത്തിൽ അവർക്ക് തങ്ങളിൽനിന്നദ്ദേഹത്തെ വ്യത്യസ്തമാക്കുന്ന ഒരു സവിശേഷതയും ഉള്ളതായി തോന്നിയില്ല- സ്വഭാവ ശുദ്ധിയല്ലാതെ. നാൽപത് വർഷത്തെ മഹജ്ജീവിതത്തിന്നുശേഷം സ്വയം പ്രഖ്യാപിച്ച മാറ്റത്തിന്റെ പ്രായോഗികമായ ഒരു സൂചനയും ചായ്‌വും അതിന്നുമുമ്പുള്ള അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ ദൃശ്യമായിരുന്നില്ല.

''പറയുക: 'അല്ലാഹു ആഗ്രഹിച്ചിരുന്നെങ്കിൽ ഞാൻ നിങ്ങൾക്കത് ഓതിക്കേൾപ്പിക്കുമായിരുന്നില്ല; അത് നിങ്ങൾക്കറിയിക്കാതെയുമിരിക്കുമായിരുന്നു. അതിനു മുമ്പും ഞാൻ ഒരായുഷ്കാലം നിങ്ങളുടെ കൂടെ കഴിഞ്ഞതാണല്ലോ. എന്നിട്ടും നിങ്ങൾക്കും മനസ്സിലാവുന്നില്ലേ?'' ഖു:10:16.

പ്രവാചകത്വലബ്ധിക്കുമുമ്പു മുഴുവൻ കാലവും പ്രവാചകൻ മക്കയിലാണ് കഴിച്ചത്. രണ്ടു ഹ്രസ്യ സന്ദർശനങ്ങൾക്കല്ലാതെ അദ്ദേഹം അറേബ്യൻ ഉപദ്വീപിൽ മക്കയ്ക്ക് പുറത്തേക്കു പോയിരുന്നില്ല. ഒന്നാമത്തെത് കൗമാരത്തിൽ പിതാമഹൻ അബൂത്വാലിബിനോടൊപ്പം നടത്തിയ യാത്രയാ

ണ്. ഖദീജയുടെ കച്ചവടസാധനങ്ങളുമായി ഒട്ടക സംഘത്തോടൊപ്പം തന്റെ ഇരുപത്തഞ്ചാം വയസ്സിൽ നടത്തിയതാണ് രണ്ടാമത്തെ യാത്ര. എഴുത്തും വായനയും അറിയാത്തതിനാൽ, യഹൂദരുടെയോ ക്രൈസ്തവരുടെയോ വേദഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിനു അവസരം ലഭിച്ചില്ല. തന്റെ ചുറ്റുപാടുകളിൽ മറ്റേതെങ്കിലും വിധം ഈ വേദങ്ങളുമായി ബന്ധപ്പെടാനും അദ്ദേഹത്തിനു കഴിഞ്ഞില്ല. മക്ക അന്നൊരു വിഗ്രഹാരാധക നഗരമായിരുന്നു- ആശയത്തിലും ആചാരത്തിലും; യഹൂദ-ക്രൈസ്തവ മതചിന്തകൾ അതിലേക്ക് കടന്നെത്തിയിരുന്നില്ല. സമൂഹത്തിന്റെ ജീവിതത്തിൽ മതം ഏതെങ്കിലും രൂപത്തിൽ ദൃശ്യമായിരുന്നില്ല. മക്കയിലെ അറബികൾക്കിടയിലുണ്ടായിരുന്ന വിഗ്രഹാരാധന തിരസ്കരിച്ച 'ഹനീഫു' മാർ (പരിശുദ്ധർ) പോലും യഹൂദ-ക്രൈസ്തവ മതങ്ങളാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നില്ല. ഇരു മതങ്ങളുടെയും ചിന്തകൾ, ഖുസ്സ്ബ്നു സാഇദയും മറ്റും വിട്ടേച്ചുപോയ സാഹിത്യ-കാവ്യ പൈതൃകത്തിൽ പ്രതിഫലിക്കുന്നതായും നമുക്ക് കാണാൻ കഴിയുന്നില്ല. പ്രവാചകൻ യഹൂദ-ക്രൈസ്തവ മതങ്ങളുമായി ബന്ധപ്പെടാൻ വല്ല ശ്രമവും നടത്തിയിരുന്നെങ്കിൽ അത് ശ്രദ്ധിക്കപ്പെടുമായിരുന്നു. പ്രസ്തുത മതങ്ങളുമായി ബന്ധമില്ലാത്ത അന്നത്തെ അന്തരീക്ഷത്തിൽ, അത്തരമൊരു ശ്രമം ജനശ്രദ്ധ ആകർഷിക്കാതെയോ അതന്നുശേഷമുള്ള ചലനങ്ങളിലും ബന്ധങ്ങളിലും മുദ്രപതിപ്പിക്കാതെയോ പോകുമായിരുന്നില്ല.

2. പ്രവാചകൻ ലോകത്തോട് പ്രഖ്യാപിച്ച സന്ദേശം വിശുദ്ധ ഖുർആനിലും ഇസ്‌ലാമിക നിയമ(ശരീഅത്ത്)ത്തിലും അടങ്ങിയിരിക്കുന്നു. ഇതിന്നു സവിശേഷമായ പല മേന്മകളുമുണ്ട്. ദൈവം, അവന്റെ ഗുണങ്ങൾ, ശക്തി, അധികാരം, അവനും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നിയെക്കുറിച്ച ദൈവികാദ്ധ്യാപനമെന്ന നിലയിലാണ് അതിറങ്ങിയത്. അതിൽ മനുഷ്യനെ മാർഗ്ഗനിർദ്ദേശം ചെയ്യുന്നതിൽ പ്രവാചകൻമാരുടെ പങ്ക്, അവരുടെ പാഠങ്ങളുടെ സമാനത, അവരുടെ അതുല്യ മൂല്യങ്ങളും മാതൃകകളും എന്നിവയും വരച്ചുകാട്ടിയിരിക്കുന്നു. അത് പ്രവാചകന്മാരോടുള്ള ദൈവിക രീതിയെക്കുറിച്ചും സത്യവും അസത്യവും തമ്മിലും നീതിയും അനീതിയും തമ്മിലും ഉള്ള നിരന്തരമായ സമരത്തെക്കുറിച്ചും പറഞ്ഞുതരുന്നു. അനീതിക്കും അക്രമത്തിനും ഇരയായവരോടുള്ള ദൈവിക വെളിപാടിന്റെ അനുഭാവവും അന്യായമായ ഇടപാടുകളിലൂടെയും കച്ചവട വ്യവഹാരങ്ങളിലൂടെയും അന്യരെ ചൂഷണം ചെയ്യുന്നവരോടുള്ള എതിർപ്പും അത് വരച്ചുകാട്ടി. ഈ ദൈവികാദ്ധ്യാപനം വിഗ്രഹാരാധനയിൽ മുങ്ങിയ ഒരു സമൂഹത്തിന്റെ മതപരമായ നിലവാരത്തിൽനിന്നുയർന്നത് മാത്രമായിരുന്നില്ല, അന്നു ലോകമറിഞ്ഞ എല്ലാ മത സംസ്കാരങ്ങളേക്കാളും മഹത്തരമായിരുന്നു. ഏതു താരതമ്യത്തിൽ നിന്നും മനസ്സിലാവും, അത് മറ്റു മതവ്യവസ്ഥകളിലുണ്ടായിരുന്ന പിഴവുകൾ തിരുത്താൻ വന്നതാണെന്ന്; അവയിലുണ്ടായിരുന്ന വ്യതിയാനങ്ങളെ നേരെയാക്കലും, അവയെ ശുദ്ധവും ജന്മസിദ്ധവുമായ മനുഷ്യന്റെ ചേതനയെക്കുറിച്ചും കളങ്കമില്ലാത്ത അവന്റെ യുക്തിയെക്കുറിച്ചുമുള്ള ബോധത്തിലേക്കു തിരിച്ചുകൊണ്ടു വരലുമായിരുന്നു അത് ലക്ഷ്യം വെച്ചത്.

ഇതെല്ലാം കൊണ്ടുവന്നത്, ഇതര സമൂഹങ്ങളിൽ നിന്നൊറ്റപ്പെട്ട് വിഗ്രഹപൂജയിൽ കഴിഞ്ഞ ഒരു സമൂഹത്തിലെ നിരക്ഷരനായ ഒരാളാണ്. അന്നത്തെ ധൈഷണിക പാരമ്പര്യത്തെക്കുറിച്ചോ വേദങ്ങളെക്കുറിച്ചോ ഒന്നും അറിയാത്ത ഒരാളായിരുന്നു അത്. എന്നിട്ടും അയാൾ സന്മാർഗ്ഗത്തിന്റെയും പുരോഗതിയുടെയും മാനദണ്ഡമായി. കൂടാതെ ആ സന്ദേശം അവതീർണ്ണമായത് ജീവിതം, മനുഷ്യത്വം, സാമൂഹ്യബന്ധങ്ങൾ, സൽക്കർമ്മങ്ങൾ എന്നിവയെക്കുറിച്ച മൂല്യങ്ങളും സങ്കൽപങ്ങളും കൊണ്ടായിരുന്നു. ഈ മൂല്യങ്ങളും സങ്കൽപങ്ങളും ആവിഷ്ക്കരിച്ച നിയമങ്ങളും ശാസനകളും, മനുഷ്യ ചരിത്രത്തിന്നു പരിചിതമായ മഹത്നിയമങ്ങളുടെയും വിലപ്പെട്ട ശാസനകളുടെയും ഒപ്പം നിൽക്കുന്നുവെന്നു അതിന്റെ ദൈവിക സ്രോതസ്സ് അംഗീകരിക്കാത്തവർപോലും കരുതുന്നു.

ഒരു ഗോത്ര സമൂഹത്തിന്റെ സന്താനം ചരിത്ര വേദിയിൽ വന്നു മനുഷ്യകുലം ഒന്നാണെന്നു പ്രഖ്യാപിക്കുന്നു. വംശമഹത്വത്തിന്റെയും കുടുംബപാരമ്പര്യത്തിന്റെയും സാമൂഹ്യ സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ മേന്മയും വിവേചനവും മർദ്ദകമായ സമൂഹസംവിധാനവും നടത്തിയ ഒരു അന്തരീക്ഷത്തിന്റെ സന്താനമായ അദ്ദേഹം അത്തരം എല്ലാ വിവേചനങ്ങളും തള്ളിപ്പറഞ്ഞു മനുഷ്യരെല്ലാം തുല്യരാണെന്നു പ്രഖ്യാപിക്കാൻ ഇറങ്ങി.

''തീർച്ചയായും ദൈവത്തിന്റെ ദൃഷ്ടിയിൽ നിങ്ങളിൽ കൂടുതൽ ശ്രേഷ്ഠൻ കൂടുതൽ സൂക്ഷിക്കുന്നവനാണ്.''ഖു-49:13

അദ്ദേഹം ഈ പ്രഖ്യാപനം ജനങ്ങൾക്കനുസരിക്കാവുന്ന ഒരു യാഥാർത്ഥ്യമാക്കിമാറ്റി. പണ്ട്, ജീവനോടെ കുഴിച്ചുമൂടപ്പെട്ടിരുന്ന സ്ത്രീക്ക് അവളർഹിച്ച സ്ഥാനം തിരിച്ചുനൽകുകയും മാനുഷികതയിലും അന്തസ്സിലും അവളെ പുരുഷനു തുല്യമാക്കുകയും ചെയ്തു.

തങ്ങളുടെ നിസ്സാര കാര്യങ്ങളിലും വിശപ്പടക്കുന്നതിലും മാത്രം ശ്രദ്ധിക്കുകയും ഗോത്ര ഭിന്നതകൾക്കിടയിൽ മാന്യതക്കായി പരസ്പരം പോരടിക്കുകയും ചെയ്ത മരുഭൂമിയുടെ പുത്രൻ അവരെ മഹാദൗത്യം പേറാൻ തക്കവിധം നയിച്ചു. അദ്ദേഹം, മനുഷ്യ സ്വാതന്ത്ര്യത്തിനും, അനീതിക്കിരയായവരെ സീസർ-ഖുസ്രുമാരുടെ ഭീകര വാഴ്ചയിൽനിന്നു മോചിപ്പിക്കുന്നതിനും ഉള്ള യുദ്ധങ്ങളിൽ അവർക്ക് നേതൃത്വം നൽകി.

അമിതപ്പലിശയുടെയും പൂഴ്ത്തിവെപ്പിന്റെയും ചൂഷണത്തിന്റെയും സംഘർഷം നിറഞ്ഞതും പൊള്ളയായതുമായ സമ്പദ്വവസ്ഥയിൽ നിന്നു, അതിന്റെ തന്നെ സന്താനം പെട്ടെന്നു രംഗത്ത് വന്ന് ആ ശൂന്യത നികത്തി; എന്നിട്ട് ആ സമൂഹത്തെ സങ്കീർണ്ണമായ നിയമ-സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയുള്ളതും സുബദ്ധവുമായ ഒരു ഏകകമാക്കി. അദ്ദേഹം പലിശ, പൂഴ്ത്തിവെപ്പ്, ചൂഷണം എന്നിവ ഇല്ലാഴ്മ ചെയ്ത്, പണം ധനികർക്കിടയിൽ മാത്രം കൈമാറുന്ന ഒരപൂർവ്വ വസ്തുവല്ലാതാക്കും വിധം ധനത്തിന്റെ പുനർവിതരണം നടത്തി. അദ്ദേഹം സ്ഥാപിച്ച സാമൂഹ്യ സുരക്ഷിതത്വവും സമത്വവും മറ്റു സമൂഹങ്ങൾ ലക്ഷ്യമാക്കിയത് തന്നെ നൂറ്റാണ്ടുകളുടെ പരീക്ഷണങ്ങൾക്കും വികസനത്തിനും ശേഷം മാത്രമാണ്. ഈ വഴിത്തിരിവുകളെല്ലാം ഉണ്ടായത്, സാമൂഹ്യമാറ്റങ്ങളുടെ സാവധാനത പരിഗണിക്കുമ്പോൾ, വളരെ ചെറിയ ഒരു കാലയളവിലാണ്.

ഖുർആനിലൂടെ ഈ സന്ദേശം മുൻ പ്രവാചകന്മാരെക്കുറിച്ചും അവരുടെ സമൂഹങ്ങളെക്കുറിച്ചും പറഞ്ഞുതരുന്നു. അറേബ്യൻ പ്രവാചകന്റെ വിഗ്രഹാരാധനാ ബദ്ധവും നിരക്ഷരത്വം മുറ്റിയതുമായ അന്തരീക്ഷത്തിന്നു അപരിചിതമായ സമുദായങ്ങളുടെ ചരിത്രത്തിലെ സംഭവങ്ങളും പ്രതിസന്ധികളും ഇത് ചർച്ച ചെയ്യുന്നു. യഹൂദ-ക്രൈസ്തവ പണ്ഡിതർ ഒന്നിലധികം തവണ പ്രവാചകനെ വെല്ലുവിളിച്ചു, അവരുടെ മതപാരമ്പര്യം ചർച്ചചെയ്യാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഈ വെല്ലുവിളികളെ സധൈര്യം നേരിട്ടു. ഖുർആൻ അവരുടെ ആവശ്യം പൂർത്തീകരിച്ചത്, അത്തരം വിവരങ്ങളെക്കുറിച്ച വിജ്ഞാനം പ്രവാചകനു മറ്റെവിടുന്നുണ്ടാവാനാണെന്ന ചോദ്യം ഉയർത്തിക്കൊണ്ടാണ്.

''മൂസക്ക് നാം ബോധനം നൽകിയപ്പോൾ (സീനായ്) മലയുടെ പടിഞ്ഞാറ് ഭാഗത്ത് നീ ഉണ്ടായിരുന്നില്ല. അതിനു സാക്ഷ്യം വഹിച്ചവരിൽ നീ ഉണ്ടായിരുന്നുമില്ല. എന്നാൽ നാം തലമുറകളെ വളർത്തിക്കൊണ്ടുവന്നു. അങ്ങനെ ജീവിതം അവർക്ക് നീണ്ടുപോയി. മദ്യൻ പട്ടണത്തിലെ ജനങ്ങൾക്കിടയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിക്കൊടുക്കുന്ന ഒരു താമസക്കാരനായി നീ ഉണ്ടായിരുന്നില്ല. എന്നാൽ നാം (സന്ദേശം) അയച്ചുകൊണ്ടിരിക്കുന്നു. മൂസായെ നാം വിളിച്ചപ്പോൾ തൂർ മലയുടെ അരികിലും നീ ഉണ്ടായിരുന്നില്ല. എന്നാൽ മുന്നറിയിപ്പു നൽകുന്ന പ്രവാചകൻമാർ മുമ്പു ചെന്നിട്ടില്ലാത്ത ഒരു ജനതക്ക്, രക്ഷിതാവിൽ നിന്നുള്ള ഒരു കാരുണ്യമായി നീ അയക്കപ്പെട്ടു. അവർക്ക് മുന്നറിയിപ്പ് നൽകാൻ വേണ്ടി.''- ഖുർആൻ 28:45-46.

പഴയ നിയമവും പുതിയ നിയമവും പ്രവാചകന്റെ സമൂഹത്തിനു സുപരിചിതമായിരുന്നുവെന്നു സമ്മതിച്ചാൽ തന്നെ, ഖുർആനിൽ വർണ്ണിക്കപ്പെട്ട യഥാർത്ഥ സംഭവങ്ങൾ രണ്ടു പുസ്തകങ്ങളുടെ വെറും സാഹിത്യ ചോരണവാൻ വഴിയില്ലെന്നതാണ് നിരീക്ഷകനെ ചിന്തിപ്പിക്കുക. സാഹിത്യചോരണം മറ്റൊരാൾ നൽകിയതിൽ നിന്നു എടുക്കുന്ന ക്രിയാത്മകമല്ലാത്ത പ്രവർത്തനമാണ്. പക്ഷേ ഖുർആൻ ഈ വിവരണങ്ങളെ തിരുത്തുകയും മാറ്റുകയും ചെയ്യുക എന്ന ക്രിയാത്മകമായ പങ്ക് നിർവ്വഹിച്ചു. ദൈവത്തിന്റെ ഏകത്വവുമായോ ഉൽബുദ്ധ മനസ്സുമായോ കളങ്കമില്ലാത്ത മതവീക്ഷണവുമായോ പൊരുത്തപ്പെടാത്ത വൈരുദ്ധ്യങ്ങളിൽനിന്നും കൂട്ടിച്ചേർക്കലുകളിൽ നിന്നും വിവരണങ്ങളെ ശുദ്ധമാക്കാൻ അത് കഥകൾക്ക് കൂടുതൽ വിശദാംശങ്ങൾ നൽകുന്നു.

സന്ദേശത്തിന്റെ സത്യതക്കുള്ള മറ്റൊരു തെളിവ് ഖുർആൻ നേടിയ സ്വഛത, വാഗ്വൈഭവം, ആവിഷ്ക്കാരത്തിന്റെ മൗലികത എന്നീ ഉന്നത ഗുണങ്ങളാണ്. ഇത് അതിനെ, അതിന്റെ ദൈവികത നിഷേധിക്കുന്നവരുടെ ദൃഷ്ടിയിൽപോലും, അറബി ഭാഷാ ചരിത്രത്തിന്റെ രണ്ടു ഘട്ടങ്ങളെ വേർതിരിക്കുന്ന മാനദണ്ഡവും ഭാഷയുടെയും അതിന്റെ സാഹിത്യരീതിയുടെയും മാറ്റത്തിന്റെ അടിസ്ഥാനവുമാക്കി. പ്രവാചകൻ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ട അറബികൾക്ക് അന്നുവരെ കേട്ട ഒന്നിനും അത്തരം വർണ്ണനാശേഷിയും ആശയശോഭയും ഇല്ലെന്നു ബോദ്ധ്യമായി. അവരിൽ ഒരാൾ (വലീദ്ബ്നു മുഗീറ) ഖുർആൻ ഓതിക്കേട്ടപ്പോൾ പ്രഖ്യാപിച്ചതിങ്ങനെയാണ്: ''ദൈവത്താണെ, ഞാൻ കേട്ട ഈ വാക്കുകൾ മനുഷ്യരുടെയോ ജിന്നുകളുടെയോ അല്ലെന്നു തീർച്ച. ഈ ശബ്ദം മാധുര്യവും സൗന്ദര്യവും തികഞ്ഞതാണ്. അതിന്റെ മുകൾഭാഗം സമൃദ്ധവും അടിഭാഗം പുഷ്കലവുമാണ്. അത് സൃഷ്ടിക്കുന്ന ആത്മപ്രഹർഷത്തിൽ ഒന്നിനും അതിനെ കവച്ചുവെക്കുക സാദ്ധ്യമല്ല. അതിന്റെ താഴെവീഴുന്ന ഏതിനെയും അത് ഇല്ലാതാക്കുന്നു.''

ചിലയാളുകൾ ഖുർആൻ കേൾക്കുന്നതിൽ നിന്നൊഴിഞ്ഞുമാറി. കാരണം അതിന്റെ പ്രതിഫലനം അവർക്കനുഭവപ്പെട്ടു; തങ്ങളുടെ ആത്മാവിന്റെ അവസ്ഥ വിവരിക്കുന്ന അതിന്റെ ശക്തി അവരെ ഭയപ്പെടുത്തി. ഖുർആന്റെ ശൈലിയിലെ അതുല്യതയുടെ വ്യക്തമായ ഒരു തെളിവാണിത്. ഖുർആൻ സാധാരണയായ ഒരു സാഹിത്യവികാസത്തിന്റെ തുടർച്ചയല്ല എന്നും ഇത് തെളിയിച്ചു. പ്രവാചകൻ തങ്ങളുടെ മുമ്പിൽവെച്ച വെല്ലുവിളിക്കുമുമ്പിൽ, ജനങ്ങൾക്ക് കീഴടങ്ങേണ്ടിവന്നു. ഖുർആൻ അവരെ അത്തരമൊരുഗ്രന്ഥം, അല്ലെങ്കിൽ ചുരുങ്ങിയത് തുല്യമായ പത്തു അദ്ധ്യായങ്ങളെങ്കിലും, കൊണ്ടുവരാൻ വെല്ലുവിളിച്ചു. അവരുടെ നിസ്സഹായാവസ്ഥ സ്ഥാപിക്കാൻ അവസാനം ഒരു അദ്ധ്യായമെങ്കിലും കൊണ്ടുവരാനായി ആ വെല്ലുവിളി തുടർന്നു.

പ്രവാചകൻ ഈ വെല്ലുവിളി നടത്തിയ സമൂഹമാണെങ്കിൽ മറ്റെല്ലാ വൈഗദ്ധ്യത്തെക്കാളും വചോവിലാസത്തിൽ മികവുകാട്ടിയ ഒന്നായിരുന്നു. കഥാപഠനത്തിലും വീരകൃത്യവർണ്ണനയിലും കേമൻമാരായിരുന്നു അവർ. അവരുടെ പ്രധാന ലക്ഷ്യം ഈ പുതിയ സന്ദേശത്തിന്റെ വെളിച്ചം അണച്ചു അതിനെ നശിപ്പിക്കുക എന്നതായിരുന്നു. എന്നാലും ഏതു വലിയ വെല്ലുവിളിയേയും

സ്വീകരിക്കാൻ തയ്യാറായിരുന്ന അവർ, അക്കാര്യം ശ്രമിക്കുകവഴി ഖുർആനെ ഏതെങ്കിലും രീതിയിൽ എതിർക്കാൻ ആഗ്രഹിച്ചില്ല. കാരണം ഖുർആന്റെ സാഹിത്യ ശൈലി തങ്ങളുടെ കലാ-ഭാഷാ വൈഭവത്തിന്നതീതമാണ് എന്നവർക്ക് ബോദ്ധ്യമായിരുന്നു. കൗതുകകരമായ കാര്യം, ഈ ഗ്രന്ഥം കൊണ്ടുവന്ന ആൾ തങ്ങളുടെകൂടെ നാല്പത് വർഷം കഴിച്ചിട്ടും ഒറ്റ സാഹിത്യ ചർച്ചയിൽ പങ്കെടുക്കുകയോ എന്തെങ്കിലും കലാവാസന പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല എന്നതാണ്. പ്രവാചകൻ ലോകത്തോട് പ്രഖ്യാപിച്ച സന്ദേശത്തിന്റെ ചില സവിശേഷ ഗുണങ്ങളാണിവ.

3. നമുക്കിനി മൂന്നാം പടിയിൽ നോക്കാം. അതിലൂടെ മനുഷ്യസമൂഹങ്ങളുടെ ചരിത്രത്തിൽ ശാസ്ത്രീ. അനുമാനം നടത്തി രണ്ടാം ഘട്ടത്തിൽ കണ്ട സവിശേഷതകൾ ഉള്ള ഈ സന്ദേശം ഒന്നാം പടിയിൽ കണ്ട സാഹചര്യങ്ങളെയും ഘടകങ്ങളെയുംകാൾ മഹത്താണെന്നു കാണാം. പല ഘട്ടങ്ങളിലും ഒരസാധാരണ വ്യക്തി സമൂഹത്തെയാകെ ഒരുപടി മുന്നോട്ടു നയിക്കുന്നതിന്നു മനുഷ്യചരിത്രം സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും, നാം ഇവിടെ കാണുന്ന ഉദാഹരണം അത്തരം വിജയകഥകളിൽ ഒന്നു മാത്രമല്ലാതാവുന്ന വിധം പ്രത്യേകതകൾ നിറഞ്ഞതാണ്. നാം നിരീക്ഷിക്കുന്നതെന്തൊക്കെയാണ്? നൈസർഗ്ഗികമായ ഒരു മതകീയാവബോധം, ജീവിതമാസകലം ചൂഴ്ന്നുനിൽക്കുന്ന ഒരു സമഗ്ര പരിവർത്തനം, ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധമുള്ള സങ്കൽപങ്ങളുടെയും മൂല്യങ്ങളുടെയും പുനസ്സംവിധാനത്തിലൂടെ ഒരുപടി മുന്നോട്ടു നീക്കുകമാത്രമല്ല കൂടുതൽ മികച്ച ഒരു തലത്തിലേക്ക് ഉയർത്തുകകൂടി ചെയ്യുന്നു. അങ്ങിനെ ഗോത്രങ്ങളുടെ ഒരു വ്യൂഹം പ്രവാചകന്റെ മാർഗ്ഗദർശനത്തിൽ ഒരു ആഗോള സമൂഹമായി മാറി. വിഗ്രഹങ്ങളുടെ സമൂഹം ഏകദൈവത്വ വിശ്വാസത്തിലേക്ക് മുന്നോട്ടു കുതിച്ചു; ആ വിശ്വാസം മറ്റു ഏകദൈവ മതങ്ങൾക്ക് തിരുത്തലുകൾ നടത്തുകയും അവയിലെ കൂട്ടിച്ചേർത്ത വ്യാജഘടകങ്ങളും ഐതിഹ്യങ്ങളും തുടച്ചുമാറ്റുകയും ചെയ്തു. പൊള്ളയായ സമൂഹം നിറഞ്ഞ ഒന്നായി-ലോകത്തെ മുഴുവൻ ദീപ്തമാക്കിയ സംസ്ക്കാരം വഹിക്കുന്ന ഒരു നേതൃത്വമുള്ള സമൂഹം.

ഏത് സമ്പൂർണ്ണ വിപ്ലവവും സമൂർത്ത സാഹചര്യങ്ങളുടെയും കാരണങ്ങളുടെയും ഫലമാണെങ്കിൽ അത് പെട്ടെന്നുണ്ടാവുകയും ഒരു വ്യക്തിയുടെ പരിഷ്ക്കാരങ്ങൾ മാത്രമാവുകയും ചെയ്യുക എന്നത് അസാദ്ധ്യമാണ്. അതിലേക്ക് നയിക്കുന്ന മുൻ സംഭവ വികാസങ്ങളുമായി ബന്ധമില്ലാതിരിക്കുക എന്നതും അസംഭാവ്യമാണ്. ധിഷണാപരവും ആത്മീയവുമായ ഒരു ആദ്യ ചലനം ഇല്ലാതെ വിപ്ലവമുണ്ടാവുന്നില്ല. ആ ഘട്ടത്തിൽ നിന്നാണ് കഴിവുള്ള ഒരു നേതൃത്വം പാകമായിവരാനും അതിന്റെ ഭാഗം ഏറ്റെടുക്കാനും അവസരം ഒരുങ്ങുന്നത്. അത്തരം ഒരു നേതാവ് പിന്നെ ആ പുതിയ വികാസത്തിന്റെയടിസ്ഥാനത്തിൽ സമൂഹത്തെ സമൂലമായി പരിവർത്തിപ്പിക്കാൻ ശ്രമിക്കും.

ഏതു സമൂഹത്തിലും ചിന്താവിപ്ലവത്തിന്റെ പ്രക്രിയ തുടങ്ങുന്നത് സമൂഹത്തിന്റെ മണ്ണിൽ വിതറുന്ന വിത്തുകളെപ്പോലെയാണെന്ന് സാമൂഹ്യ പരിണാമങ്ങളെക്കുറിച്ച താരതമ്യ പഠനത്തിൽ നിന്നും മനസ്സിലാവും. ക്രമേണ ഈ വിത്തുകൾ ഒന്നിച്ചുവളർന്ന് ഒരു ചിന്താധാരയായി രൂപപ്പെടുകയും അതിന്റെ സവിശേഷ ഭാഗങ്ങൾ നിർണ്ണയിക്കുകയും ചെയ്യുന്നു. അപ്പോൾ ആ ധാരയിൽ ഒരു നേതൃത്വം വളരാനും നിലവിലുള്ള ഔദ്യോഗിക സമൂഹസ്ഥാപനത്തിന്നെതിരായ പ്രസ്ഥാനത്തിന്റെ ഒരു മുന്നണിയായി അതിനെ ലോകസമക്ഷം സമർപ്പിക്കാനും കഴിയുന്നു. നീണ്ട സമരങ്ങളിലൂടെ ഈ ധാര വിപുലമാവുകയും അവസാനം നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യുന്നു.

ഇപ്പറഞ്ഞതിൽ നിന്നെല്ലാം വ്യത്യസ്തമായി, മുഹമ്മദ് ഈ പുതിയ സന്ദേശത്തിന്റെ നീണ്ട ചരിത്ര ശൃംഖലയിലെ ഒരുകണ്ണി മാത്രമായിരുന്നില്ല. സാമൂഹ്യ മാറ്റത്തിന്റെ ഒരു പൊതു ധാരയുടെ ഭാഗവുമായിരുന്നില്ല അദ്ദേഹം. അദ്ദേഹം ഉൽഘോഷിച്ച മൂല്യങ്ങളും സങ്കൽപങ്ങളും വെറും വിത്തുകളോ താൻ വളർന്ന സമൂഹത്തിന്റെ മണ്ണിൽ വളർന്ന ചിന്താസമ്പത്തോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ കരങ്ങളിൽ വളർന്ന ചിന്താധാരയാവട്ടെ, ആദ്യം അത് തെരഞ്ഞെടുക്കപ്പെട്ട ഒരു ചെറിയ വ്യൂഹത്തിൽ പരിമിതമായിരുന്നു. ആ ധാര സന്ദേശത്തിന്റെയും നേതൃത്വത്തിന്റെയും ഉൽപ്പന്നമായിരുന്നു. അന്നത്തെ സാഹചര്യമായിരുന്നില്ല നേതൃത്വത്തിന്നോ സന്ദേശത്തിന്നോ ജന്മം നൽകിയത്.

അപ്പോൾ, പ്രവാചകൻ കൊണ്ടുവന്ന സന്ദേശവും ഏതെങ്കിലും നേതാവിന്റെ സന്ദേശവും തമ്മിലെ വ്യത്യാസം, ഒരു ചിന്താധാരയുടെയോ സാമൂഹ്യ പരിവർത്തനത്തിന്റെയോ വ്യത്യസ്ത ഘടകങ്ങളിൽ കാണുന്ന അളവിന്റെ മാത്രം കാര്യമല്ല. അത് മൗലികമായ ഒന്നാണ്. ഇതിൽനിന്നും തെളിയുന്നത് മുഹമ്മദ് ഒരു ധാരയുടെ ഭാഗമായിരുന്നില്ല, മറിച്ച് ധാര അദ്ദേഹത്തിന്റെ ഭാഗമായിരുന്നു എന്നാണ്,

അത്തരം ഒരു വിപ്ലവ പ്രസ്ഥാനത്തിലൂടെ, ഒരു പുതിയ മാറ്റത്തിന്റെ ധിഷണാപരമോ മതപരമോ സാമൂഹ്യമോ ആയ നേതൃത്വം, ഒരു കേന്ദ്രത്തിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ, ആ കേന്ദ്രത്തിനു തക്ക ശക്തിയും ബുദ്ധിപരമായ കഴിവും ഉണ്ടാവമെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. ആ സവിശേഷതകൾ സാധാരണ മനുഷ്യർക്ക് പരിചിതമായ രീതികളിലും രൂപങ്ങളിലും പ്രകടമാവുകയും വേണം. കൂടാതെ നേതൃത്വത്തിന്റെ വികാസത്തിനു വഴിയൊരുക്കുന്നവിധം ആ ധാരക്ക് ക്രമേണയുള്ള ഒരു പ്രയോഗവൽക്കരണ പ്രക്രിയയും വേണം.

ഇവിടെയും പൊതു തത്വത്തിനു വിരുദ്ധമായി നാം കാണുന്നത്,മുഹമ്മദ് തന്നെ ധൈഷണികവും മതപരവും സാമൂഹ്യവുമായ നേതൃത്വം ഏറ്റെടുത്തതാണ്- അന്നത്തെയോ അതിനു മുമ്പത്തെയോ

മത പാരമ്പര്യമോ ധൈഷണിക നേട്ടങ്ങളോ അറിയാത്ത  നിരക്ഷരനായ അദ്ദേഹത്തിന്റെ പശ്ചാത്തലം അതിന്നദ്ദേഹത്തെ അയോഗ്യനാക്കുകയാണെങ്കിലും അതാണുണ്ടായത്. ഈ പെട്ടെന്നുള്ള ഉത്തരവാദിത്തമേറ്റെടുക്കാൻ യോഗ്യനാക്കുന്ന മുൻ പരിചയവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ, നാം ഇനിപറയുന്ന നിഗമനത്തിൽ എത്തേണ്ടിവരും. അത് മാത്രമാണ് സ്വീകാര്യവും യുക്തിപൂർവ്വവുമായ വിശദീകരണം: ഈ മുർത്ത സാഹചര്യങ്ങളുടെയെല്ലാം പിന്നിൽ മറ്റൊരു ഘടകം സങ്കല്പിക്കണം. ആ ഘടകം വെളിപാടിന്റെയും പ്രവാചകത്വ പദവിയുടെയും ഘടകം ആണ്-ഭൂമിയെ മാർഗ്ഗദർശനം ചെയ്യാൻ ദൈവത്തിന്റെ ഇടപെടലാണിത്.

''ഇപ്രകാരം നാം ഒരു പ്രബോധനത്തെ നമ്മുടെ കൽപനയാൽ നിന്നിൽ അരുളിത്തന്നു. ഗ്രന്ഥം എന്തെന്നും വിശ്വാസം എന്തെന്നും നീ അറിഞ്ഞിരുന്നില്ല. എന്നാൽ നമ്മുടെ അടിമകളിൽ നാം ഇഛിക്കുന്നവർക്കു വഴികാട്ടിയായ ഒരു പ്രകാശമായി അതിനെ നാം ഇറക്കി.''-ഖുർആൻ 42:52.

***

# ബാഹ്യഘടകങ്ങളുടെ പങ്ക്

സന്ദേശത്തിന്റെ ചരിത്രത്തിൽ പ്രവർത്തിക്കുന്ന ഘടകങ്ങളെക്കാളും ചുറ്റുപാടുകളെക്കളും കൂടുതൽ വെളിപാടിനെ അടിസ്ഥാനമാക്കി സന്ദേശത്തെ വിവരിക്കുന്നതിന്റെ അർത്ഥം, ആ സാഹചര്യങ്ങളെ നാം പറ്റെ അവഗണിക്കണമെന്നല്ല. അവ പൊതുനിയമങ്ങളനുസരിച്ച് നിർണ്ണയാകമായ പങ്ക് തന്നെ നിർവ്വഹിച്ചിട്ടുണ്ട്. പക്ഷേ അവയുടെ സ്വാധീനം-സന്ദേശത്തിന്റെ വളർച്ചയിലായാലും തളർച്ചയിലായാലും- സംഭവങ്ങൾക്കും അവയുടെ ഫലങ്ങൾക്കും ഇടയിലുണ്ടായതാണ്. സന്ദേശം സ്വയം ദൈവിക യാഥാർത്ഥ്യമാണ്; അത് എല്ലാ ഭൗതിക സാഹചര്യങ്ങൾക്കും ഉപാധികൾക്കും അതീതമാണ്. എന്നാൽ, അത് ഒരു പ്രസ്ഥാനവും മാറ്റത്തിന്റെ ഒരു നിരന്തര പ്രക്രിയയും ആയി മാറിയപ്പോൾ, സാഹചര്യങ്ങളുമായും അതിന്റെ ചുറ്റിലുള്ള അവസ്ഥയും വികാരങ്ങളുമായും അതിനെ ബന്ധിപ്പിക്കാൻ കഴിയുന്ന അവസ്ഥയായി. ഉദാഹരണമായി, സംഘർഷ ഭരിതമായ ഒരു സമൂഹത്തിൽ അറബിയുടെ വ്യക്തിപരമായ വികാരം അവനെ പുതിയ സന്ദേശത്തിലേക്ക് ഉറ്റുനോക്കാൻ പ്രേരിപ്പിച്ചു എന്നുവേണമെങ്കിൽ പറയാം. അന്നവൻ, നിമിഷനേരംകൊണ്ട് തച്ചുടക്കാവുന്ന ഒരു കല്ലിൽ, തന്റെ ആരാധനാ മൂർത്തിയേയും ചരിത്രത്തെയും ആദർശത്തെയും കണ്ടെത്തുകയോ, വിശക്കുന്ന ഒരു നിമിഷനേരം കൊണ്ട് വിഴുങ്ങാവുന്ന മധുരപലഹാരത്തിൽ അത് മൂർത്തവൽകരിക്കുകയോ ചെയ്യുകയോ ആയിരുന്നല്ലോ. പലിശക്കാരുടെയും ചൂഷകരുടെയും അനീതിയുടെയും മർദ്ദനത്തിന്റെയും ഭാരിച്ച നുകത്തിൻ കീഴിൽ കഷ്ടപ്പെടുന്ന ഹതഭാഗ്യരായ അറബികൾ-നീതിയുടെ പതാകയുയർത്തി, പലിശ നിറഞ്ഞ മുതലാളിത്തം ഉപേക്ഷിക്കുന്ന ഒരു പുതിയ പ്രസ്ഥാനത്തെ പിന്തുണക്കാർ നിർബ്ബന്ധിതരായി എന്നും വേണമെങ്കിൽ പറയാം. അല്ലെങ്കിൽ അവർക്കിടയിലെ ഗോത്ര സങ്കുചിതത്വങ്ങൾ സന്ദേശത്തിന്റെ ഭാഗധേയത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടാവാം- അത് ചിലപ്പോൾ ഖുറൈശികൾക്കിടയിലെ പ്രാദേശിക വഴക്കുകളിലും സമരങ്ങളിലും, പ്രവാചകന്റെ പ്രത്യേക കുലപ്പദവി കാരണമുള്ള സുരക്ഷിതത്വത്തിലും ആവാം. അല്ലെങ്കിൽ ദേശീയ തലത്തിൽ ദക്ഷിണ അറേബ്യയിലെ ജനതക്ക് ഉത്തര ഭാഗത്തെ ജനങ്ങളോടുള്ള മനോഭാവത്തിലാവാം.

പേർഷ്യയും ബൈസാൻഷ്യയും അന്നു അഭിമുഖീകരിച്ച ആസന്നനാശമായ സാഹചര്യങ്ങളും പ്രയാസങ്ങളും കാരണം തജ്ജനതയുടെ ശ്രദ്ധ മുഴുവൻ സ്വന്തം പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കേന്ദ്രീകരിച്ചിരുന്നു. അത്, അറേബ്യൻ ഉപദ്വീപിലെ പുതിയ പ്രസ്ഥാനത്തെ പെട്ടെന്നു നിർണ്ണായകമായും അലസിപ്പിക്കുന്നതിൽനിന്ന് അവരെ തടഞ്ഞുവെന്നും പറയാം. ഇത്തരം ആശയങ്ങൾ യുക്തികമാണെന്നു സമ്മതിക്കാം. പക്ഷേ അത്തരം വിശദീകരണങ്ങൾ സംഭവങ്ങളെ മാത്രം ബന്ധിച്ചതാണ്, സന്ദേശത്തിന്റെ കാരണങ്ങളല്ല.

***

**ദൗത്യം**

**ഇസ്‌ലാം**

# ഇസ്ലാം

മുഹമ്മദ് നബിക്ക് മനുഷ്യകുലത്തിന്നനുഗ്രഹമായി ദൈവം അയച്ച മതമാണ് ഇസ്ലാം. ഇസ്ലാമിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം മനുഷ്യനും അവന്റെ നാഥനും തമ്മിലെ ബന്ധവും രക്ഷിതാവിലേക്ക് മനുഷ്യന്റെ തിരിച്ചുപോക്കും സ്ഥാപിക്കലാണ്. അങ്ങിനെ ആദ്യം അത് മനുഷ്യനെ ഏകനും യഥാർത്ഥവുമായ ദൈവത്തോട് ബന്ധിപ്പിച്ചു; അവനിലേക്കാണ് മനുഷ്യന്റെ നൈസർഗ്ഗികാവബോധം വിരൽ ചൂണ്ടുന്നത്. അത് യഥാർത്ഥ ദൈവത്തിന്റെ ഏകത്വം ഊന്നിപ്പറഞ്ഞു; അത്വഴി കൃത്രിമമായി ആരാധനകളർപ്പിക്കുന്നത് ഇല്ലാതാക്കി. അതിന്നുവേണ്ടി 'അല്ലാഹു അല്ലാതെ ആരാധ്യനില്ല' എന്ന ഏകദൈവത്വപ്രഖ്യാപനം (ശഹാദത്ത്) അതിന്റെ ആദർശ സൂക്തമാക്കി.

സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ നേരിട്ടുള്ള ഏക മാദ്ധ്യമം പ്രവാചകത്വമാണ്. ഈ പ്രവാചകത്വം ഏകനും സ്രഷ്ടാവുമായുള്ള ദൈവത്തിന്നും അവനുമായുള്ള ബന്ധത്തിനും സാക്ഷ്യം വഹിക്കുന്നു. അതിനാൽ ഈ സാക്ഷ്യംതന്നെ തൗഹീദിന്നു മതിയായ തെളിവും അടിസ്ഥാനവുമായി പരിഗണിക്കാവുന്നതാണ്. രണ്ടാമതായി, മനുഷ്യനു അന്ത്യനാളുമായും ദൈവത്തിലേക്കുള്ള തിരിച്ചുപോക്കുമായും ഉള്ള ബന്ധം ഊന്നിപ്പറയുക വഴി, സംഘട്ടനങ്ങൾ ഇല്ലാതാക്കാനും ഒപ്പം ദൈവിക നീതി സ്ഥാപിക്കാനുമുള്ള ഏക മാർഗ്ഗം തുറന്നുകിട്ടുന്നു.

ഇസ്ലാമിക സന്ദേശത്തിനു അതിനെ മറ്റു മതസന്ദേശങ്ങളിൽ നിന്നു വ്യതിരിക്തമാക്കുന്ന തനതായ ഗുണങ്ങളുണ്ട്. ആ ഗുണങ്ങൾ കാരണം അത് ചരിത്രത്തിലെ അതുല്യ സംഭവുമാകുന്നു. നമുക്കിനി ഈ സവിശേഷതകളിൽ ചിലത് നോക്കാം.

ഒന്നാമതായി, ഈ സന്ദേശം ഖുർആൻ എന്ന വേദഗ്രന്ഥത്തിന്റെ രൂപത്തിൽ ഒരു മാറ്റത്തിനും വിധേയമാകാതെ പോറലേൽക്കാത്ത ഒന്നായി ഇന്നും നിലനിൽക്കുന്നു. അതേയവസരം മറ്റു മതഗ്രന്ഥങ്ങൾക്ക് മാറ്റങ്ങൾക്കുവിധേയമായ കാരണത്താൽ മൂല്യത്തിന്റെ സത്തതന്നെ നഷ്ടപ്പെട്ടു. അല്ലാഹുതന്നെ പറയുന്നു:

''നാം തന്നെയാണ് ഈ വചനം (ഖുർആൻ) അവതരിപ്പിച്ചത്. നാം തന്നെ അതിനെ സംരക്ഷിക്കുകയും ചെയ്യും.''-ഖു. 15:9.

ആദർശത്തിന്റെ മതകീയവും നിയമപരവുമായ ഉള്ളടക്കം സംരക്ഷിക്കൽ മാത്രമാണ്, സംസ്കരണപരമായ പങ്ക് നിർവ്വഹിക്കാൻ അതിനെ സഹായിക്കുന്ന ഏക മാർഗ്ഗം.

ശോഷണംകൊണ്ടോ ഭേദഗതികൊണ്ടോ ഉള്ളടക്കം നഷ്ടപ്പെടുന്ന ഒരു സന്ദേശം മനുഷ്യനും ദൈവത്തിനും ഇടയിലെ കണ്ണിയെന്ന നിലയിൽ അപര്യാപ്തമാവും. കാരണം ഈ ബന്ധം സ്ഥാപിക്കുന്നത് ഒരു മത സമൂഹത്തിലെ നാമമാത്രമായ അംഗത്വം കൊണ്ടല്ല, മറിച്ച് ചിന്തയിലും ചര്യയിലും സന്ദേശത്തിന്റെ സാക്ഷാൽക്കാരവുമായുള്ള ഒരു പരസ്പര ബന്ധത്തിലൂടെയാമ്. ഇക്കാരണത്താൽ, ഖുർആന്റെ അന്യൂനത ഇസ്ലാമിക സന്ദേശത്തിന്റെ അന്യൂനത ഉറപ്പ് വരുത്തുന്നു. സന്ദേശത്തിനു അതിന്റെ ലക്ഷ്യങ്ങൾ നടപ്പിലാക്കാൻ വേണ്ട ഉപാധികൾ സംവിധാനിക്കുന്നതും അത്തന്നെ.

ഖുർആന്റെ അക്ഷരത്തിലും ചൈതന്യത്തിലുമുള്ള സംരക്ഷണമെന്നാൽ അർത്ഥം മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിന് അതിന്റെ സാധുതക്കുള്ള ഏറ്റവും വലിയ ദൃഷ്ടാന്തം നഷ്ടപ്പെട്ടിട്ടില്ല എന്നാണ്. കാരണം, സന്ദേശത്തിന്റെ മൗലിക തത്വങ്ങളും വിശുദ്ധ നിയമവും തന്നെ മുഹമ്മദ് നബിയുടെ പ്രവാചത്വത്തിനുള്ള അനുമാനാധിഷ്ഠിത തെളിവായി നിൽക്കുന്നു. ഖുർആൻ നിലനിൽക്കുന്ന കാലത്തോളം ഈ ദൃഷ്ടാന്തവും സാധുവായി നിലനിൽക്കും.

ഇതിൽനിന്നു വ്യത്യസ്തമായി മറ്റു പ്രവാചകത്വങ്ഹളുടെ ദൃഷ്ടാന്തങ്ങൾ എടുത്തുനോക്കിയാൽ അവ ഒരു നിമിഷം സംഭവിച്ചു പിന്നെ ഇല്ലാതാവുന്നവയാണെന്നു കാണാം. ഉദാഹരണമായി അന്ധന്റെയും കുഷ്ഠരോഗിയുടെയും രോഗമുക്തി. അവരുടെ സമകാലീനർ മാത്രമേ ആ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളൂ. കാലം നൂറ്റാണ്ടുകളായി നീങ്ങുമ്പോൾ, അത്തരം സംഭവങ്ങൾക്ക് നേരിലെ സാക്ഷികൾ ഇല്ലാതാവുന്നു. അവയുടെ സത്യതയെക്കുറിച്ച ഗവേഷണ-പരിശോധനകൾ നടത്തുക പിന്നീട് പ്രയാസകരമോ അസാദ്ധ്യമോ ആവുന്നു. ചരിത്രപരമായി നിജപ്പെടുത്താൻ പറ്റാത്ത തെളിവുകളോടെ പ്രവാചകത്വം തെളിയിക്കാനോ അതിൽ വിശ്വസിക്കാനോ ദൈവം മനുഷ്യരെ നിർബ്ബന്ധിക്കുന്നില്ല. കാരണം:

''അല്ലാഹു ഒരാത്മാവിനും അതിനു നൽകിയതല്ലാത്ത ഭാരം ചുമത്തുന്നില്ല.''-ഖുർആൻ 65:7.

ഇന്നു നാം പൂർവ്വപ്രവാചകരിലും അവരുടെ അത്ഭുതങ്ങളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അത് ഖുർആനിലെ വിവരണങ്ങൾ വിശ്വസിക്കുന്നത് കൊണ്ടു മാത്രമാണ്.

മൂന്നാമതായി, കാലഗതികൊണ്ടുമാത്രം ഇസ്ലാമിക സന്ദേശത്തിന്റെ സാധ്യതക്കുള്ള മൗലിക വാദം ദുർബ്ബലമാവുന്നില്ല. മാത്രമല്ല, മനുഷ്യന്റെ വിജ്ഞാനം വികസിക്കുകയും ശാസ്ത്രീയ പരീക്ഷ

ണ-നിരീക്ഷണങ്ങളിലൂടെ അവന്റെ പ്രപഞ്ചപഠനം വളരുകയും ചെയ്യുന്നതനുസരിച്ച് ഈ വാദത്തിനു പുതിയ മാനങ്ങൾ കൈവരുന്നു. എന്നല്ല, ഇക്കാര്യത്തിൽ ആധുനിക ശാസ്ത്രത്തിന്റെ തന്നെ മുന്നോടിയാണ് ഖുർആൻ. ഖുർആൻ ദൈവാസ്തിക്യവാദത്തിന്നുള്ള തെളിവുകളെ പ്രപഞ്ച പഠനവുമായും അതിലെ പ്രതിഭാസങ്ങളുടെ നിരീക്ഷണവുമായും ബന്ധിപ്പിച്ചു. അത്തരം പര്യവേക്ഷണത്തിലൂടെ ലഭ്യമാവുന്ന പുതിയ അറിവിനെയും മെച്ചങ്ങളെയും പറ്റി ഖുർആൻ മനുഷ്യനെ ജാഗരൂകനാക്കി. നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു നിരക്ഷരൻ വെളിവാക്കിയ ഈ ഗ്രന്ഥത്തിൽ ആധുനിക മനുഷ്യന് ആധുനിക ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങളെക്കുറിച്ച് വ്യക്തമായ സൂചനകൾ കാണാം. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ അറബിക് പ്രൊഫസറായിരുന്ന എ.ജെ. ആർബറി, ശാസ്ത്രം സസ്യപരാഗണത്തിലെ കാറ്റിന്റെ പങ്ക് കണ്ടുപിടിച്ചപ്പോൾ പറഞ്ഞതിതാണ്:

''കാറ്റ്, വൃക്ഷങ്ങളുടെയും ഫലങ്ങളുടെയും പരാഗണത്തിൽ പങ്ക് വഹിക്കുന്നുവെന്ന് ഒട്ടകം മേയ്ക്കുന്നവർക്ക്, യൂറോപ്യൻ ശാസ്ത്രജ്ഞൻമാർ ഇക്കാര്യം കണ്ടുപിടിക്കുന്നതിനു നൂറ്റാണ്ടുകൾ മുമ്പേ അറിയാമായിരുന്നു.''[4]

നാലാമതായി, ഈ സന്ദേശം ജീവിതത്തിന്റെ സകല തുറകളെയും ഉൾക്കൊള്ളുന്നു. അതിനാൽ ജീവിതത്തിന്റെ വ്യത്യസ്ത വശങ്ങളെ സന്തുലനം ചെയ്യാൻ അതിന്നു കഴിഞ്ഞു, അവയുടെ തത്വങ്ങൾ ഏകീകരിച്ച് പള്ളിയും സർവ്വകലാശാലയും പാടവും വ്യവസായശാലയും ഒരേ പരിപ്രേക്ഷ്യത്തിന്നുള്ളിൽ ഒതുക്കാൻ അതിന്നു സാധിച്ചു. അതിനാൽ മനുഷ്യന് ആത്മീയവും ഭൗതികവുമായ ജീവിതം തമ്മിൽ പൊരുത്തക്കോട് അനുഭവപ്പെട്ടില്ല.

അഞ്ചാമത്തെ സവിശേഷത ഇതാണ്: ഈ ദൈവിക സന്ദേശം മാത്രമാണ്, അത് കൊണ്ടുവന്ന വ്യക്തിതന്നെ നടപ്പിലാക്കുകയും അതിൽ കണ്ണഞ്ചിപ്പിക്കുന്ന വിജയം നേടുകയും ചെയ്തത്. അത് മുഴുക്കിയ മുദ്രാവാക്യങ്ങളെ മനുഷ്യ ജീവിതത്തിലെ ദൈവന്ദിന യാഥാർത്ഥ്യമാക്കാൻ സാധിച്ചത് അതിനുമാത്രമാണ്.

പ്രയോഗവൽക്കരണത്തിന്റെ ഘട്ടത്തിലേക്ക് കടന്നപ്പോൾ അത് മനുഷ്യചരിത്രത്തിന്റെ രൂപം നിർണ്ണയിച്ചു എന്നതാണ്. അറാമത്തെ സവിശേഷത. അത് ഏറ്റെടുക്കുകയും അതിന്റെ മാർഗ്ഗദർശനം സ്വീകരിക്കുകയും ചെയ്ത സമുദായത്തിന്റെ രൂപവല്ക്കരണത്തിൽ അത് മൂലക്കല്ലായി വർത്തിച്ചു. ഭൂമിക്ക് ദൈവത്തിൽ നിന്നുള്ള സമ്മാനമായ ഈ സന്ദേശം ദൈവികമായ ഉറവിടമുള്ളതും മൂർത്ത സാഹചര്യങ്ങൾക്കും യുക്തിക്കും അതീതമായതും കാരണം, ആ സമുദായത്തിന്റെ ചരിത്രവും ഒരദൃശ്യഘടകത്തോടു ബന്ധപ്പെട്ടതായി. അതിന്, ചരിത്രത്തിന്റെ ഭൗതിക പരിഗണനകൾക്ക് വിധേയമാകാത്ത അദൃശ്യമായ ഒരടിത്തറയാണുള്ളത്.

അതിനാൽ നാം, മൂർത്തഘടകങ്ങളുടെയും സാഹചര്യങ്ങളുടെയും മാത്രം പശ്ചാത്തലത്തിൽ ചരിത്രം പരിശോധിക്കുന്നത് അബദ്ധമാണ്. അതിനെ വെറും ഭൗതിക സാഹചര്യങ്ങളുടെ ഫലമായോ ഉൽപാദനോപാധികളിലെ വികാസമായോ മാത്രം ഗണിക്കുകയും ചെയ്തുകൂടാ. ഒരു ദൈവിക സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ അസ്തിത്വം ലഭിച്ച ഒരു സമുദായത്തിന്റെ ചരിത്രത്തിന് അത്തരം വീക്ഷണം പ്രയോഗിച്ചുകൂടാ. അതിനാൽ, നമ്മുടെ വിലയിരുത്തലിൽ ഈ സന്ദേശത്തെ ഒരു ദൈവിക യഥാർത്ഥ്യമായി ഗണിക്കുന്നില്ലെങ്കിൽ നമ്മുടെ ചരിത്രം ശരിക്ക് മനസ്സിലാക്കുക സാധ്യമല്ല.

ഏഴ്, ഈ സന്ദേശത്തിന്റെ ഫലം ഒരു സമൂഹത്തിന്റെ നിർമ്മിതിയിൽ മാത്രം പരിമിതമായിരുന്നില്ല. അതിനപ്പുറം കടന്ന് അത് ലോകചരിത്രത്തിലുടനീളം ഒരു ശക്തിയായി നിലകൊണ്ടു. യൂറോപ്പിനെ നിദ്രയിൽ നിന്നുണർത്തി പുതിയ ഗതിയിൽ തിരിച്ചുവിട്ട ശക്തി ഇസ്‌ലാമിന്റെ സാംസ്കാരിക മുന്നേറ്റമായിരുന്നുവെന്നു നിഷ്പക്ഷരായ യൂറോപ്യൻ ചിന്തകർ സമ്മതിച്ചിട്ടുണ്ട്.

ഇസ്‌ലാമിക സന്ദേശം കൊണ്ടുവന്ന മുഹമ്മദ് നബിയെ, സന്ദേശം അവതരിപ്പിച്ച രീതിയുടെ കാര്യത്തിൽ, മറ്റെല്ലാ പ്രവാചകൻമാരിൽനിന്നും വേർതിരിച്ചു കാണണം. കാരണം ആ സന്ദേശം ദൈവിക സന്ദേശപരമ്പരയിൽ അവസാനത്തേതാണ്; അതിനാൽ അദ്ദേഹം തന്റേതാണ് അവസാനത്തെ പ്രവാചകത്വം എന്നു പ്രഖ്യാപിച്ചു. പ്രവാചകത്വത്തിന്മേൽ വച്ച മുദ്ര രണ്ടുഭാഗങ്ങളെ അടിസ്ഥാനമാക്കിയതാണ്. ഒന്നാമത്തേത് ഒരു നിഷേധാത്മക വാദമാണ്: അതിനുശേഷം ചരിത്രവേദിയിൽ മറ്റൊരു പ്രവാചകനും പ്രത്യക്ഷപ്പെട്ടിട്ടില്ല. രണ്ടാമത്തെത് യുഗങ്ങളിലൂടെയുള്ള ഈ പ്രവാചകത്വത്തിന്റെ നൈരന്തര്യം ആണ്. ആദ്യത്തെ വാദം ഇസ്‌ലാമിന്നുശേഷം ഇന്നുവരെയുള്ള പതിനാലു നൂറ്റാണ്ടുകൾ യാഥാർത്ഥ്യമായി നിലനിന്നത് ശ്രദ്ധേയമാണ്. അതങ്ങിനെതന്നെ നിലനില്ക്കുകയും ചെയ്യും.

ചരിത്രത്തിൽ പിന്നെ ഒരു പ്രവാചകത്വവും രംഗത്ത് വന്നതില്ല എന്നതുന്നു അർത്ഥം, മാനവ സംസ്കാരത്തിന്റെ അടിത്തറയെന്ന നിലക്ക് അത് നിർവ്വഹിക്കേണ്ട പങ്ക് നഷ്ടപ്പെട്ടുവെന്നല്ല. അന്ത്യപ്രവാചകത്വം ഉണ്ടായത് മുമ്പുള്ള പ്രവാചകത്വ പരമ്പരയുടെ നീണ്ട ചരിത്രത്തിന്നു അനന്തിരമെന്ന നിലക്കാണ്. അതിൽ, മുൻ പ്രവാചകത്വ സന്ദേശങ്ങളിലെല്ലാം പ്രഖ്യാപിതമായ ശാശ്വത മൂല്യ

---

[4] ''നാം കാറ്റുകളെ പരാഗം നടത്താൻ വിടുന്നു.''(ഖു. 15:22)

ങ്ങളും ഉണ്ടായിരുന്നു-നീണ്ട ചരിത്ര പരിണാമത്തിൽ ചുറ്റുമുണ്ടായിരുന്ന ക്ഷണികമൂല്യങ്ങളല്ല. അതിനാൽ അത്, കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിക്കാൻ പോരുന്നതും അതിലുണ്ടായിരുന്ന പുതുമയുടെയും പരിണാമത്തിന്റെയും ഗുണങ്ങളോടു കൂടിയതുമായ ആധികാരിക മാനദണ്ഡമായി.

''നിനക്ക് നാം സത്യവുമായി ഗ്രന്ഥത്തെ ഇറക്കിത്തന്നു. അതിന്നു മുമ്പുള്ളതിനെ ശരിവെക്കുന്നതായും അതിന്നെ കാത്തു സൂക്ഷിക്കുന്നതായും.''-ഖുർആൻ 5:48.

ഒമ്പതാമത്തെ കാര്യ ഇതാണ്. പ്രവാചകത്വത്തിനു ശേഷം ആത്മീയ നേതൃത്വത്തിന്റെയും (ഇമാമ:) ഭൗതികാധികാരത്തിന്റെയും (ഖിലാഫ:) ഭാരമേറ്റെടുക്കാൻ അദ്ദേഹത്തിനു സ്ഥാനപതികളുണ്ടാവുമെന്നു, മുഹമ്മദ് നബിയോടെ പ്രവാചകത്വം അവസാനിപ്പിച്ച ദൈവവിധി തീർപ്പ് കൽപ്പിച്ചിരിക്കുന്നു. മുസ്‌ലിങ്ങളെല്ലാം ആധികാരികമായംഗീകരിക്കുന്ന പ്രവാചകവചനങ്ങളിൽ വ്യക്തമായ പോലെ റസൂൽ നിയമിച്ച പന്ത്രണ്ട് ഇമാമുകളാണവർ. ഒന്നാമത്തെത് വിശ്വാസികളുടെ നായകൻ അലി(റ)യും പിന്നെ അദ്ദേഹത്തിന്റെ പുത്രന്മാരായ ഹസനും ഹുസൈനുമാണ്. അലി അസ്സജ്ജാദ് (പ്രാർത്ഥനാ നിരതൻ), മുഹമ്മദ് അൽ ബാഖിർ(ദൈവജ്ഞാന പ്രാപ്തൻ), ജഅഫർ അസ്സാദിഖ് (സത്യസന്ധൻ), മൂസാ അൽകാസിം (ശാന്തൻ), അലി അർറിദാ (ദൈവതൃപ്തൻ), മുഹമ്മദ് അൽജവാദ് (ഉദാരൻ), അലി അൽഹാദി(സത്യമാർഗ്ഗദർശി), ഹസൻ അൽ അസ്കരീ. അവസാനമായി മുഹമ്മദ് ഇബ്നു ഹസൻ അൽ മഹ്ദി(നേർമാർഗ്ഗ പ്രാപ്തൻ).

അവസാനമായി, പന്ത്രണ്ടാമത്തെ ഇമാമിന്റെ ജ്ഞാനസിദ്ധിയുടെ അവസരത്തിൽ ഇസ്‌ലാം അനുയായികളെ നിയമപണ്ഡിതന്മാരിലേക്ക് തിരിച്ചു. അത്‌വഴി ഇജ്തിഹാദിന്റെ വാതിലുകൾ തുറന്നിട്ടു. ഇജ്തിഹാദ് എന്നാൽ ഖുർആന്റെയും പ്രവാചക ചര്യയുടെയും അടിസ്ഥാനത്തിൽ നിയമവിധികൾ കണ്ടെത്തുന്ന പ്രക്രിയ.

***